# ക്രൈസ്തവ കാഹളം

...M COLLEGE LIBRARY
BANGALORE.

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'



Vol. XXIV. June 1965 No. 6.

വരിസംഖ്യ മുൻകൂർ 3ക.
വിദേശങ്ങളിൽ 4ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

| | | |
|---|---|---|
| | | പുറം |
| 1. | പത്രാധിപക്കുറിപ്പുകൾ | |
| 2. | എനിക്കു ദാഹിക്കുന്നു (കവിത) ജോസഫ് പുത്തൻപുരയിൽ തൃശ്നാപ്പള്ളി | 166 |
| 3. | ദൈവത്തിന്റെ ജനനം — ചില ശിഥിലചിന്തകൾ (ഫാ. സാമുവൽ തുണ്ടിയിൽ) | 167 |
| 4. | "എനിക്കൊരു വിശുദ്ധയാകണം" (റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്) | 172 |
| 5. | ധ്യാനചിന്തകൾ (വി സി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ) | 177 |
| 6. | മരിയസൈന്യത്തിലെ ഒരുത്തമ പടയാളി | 178 |
| 7. | ഞായറാഴ്ച—പരസ്നേഹത്തിന്റെ പെരുനാൾ (തോമസ് പടിയംകുളം) | 180 |
| 8. | ഐക്യത്തിന്റെ പാത (By Rev. Dr. Robert M'cAfee Brown) | 183 |
| 9. | പുനരൈക്യപ്രചോദകങ്ങളായ രണ്ടു കത്തുകൾ | 186 |
| 10. | വധശിക്ഷയ്ക്കു മുൻപു വിയററ്നാം യുവാവ് മാനസാന്തരപ്പെട്ടു (J. G.) | 190 |
| 11. | ചോദ്യോത്തരപംക്തി (J. G.) | 191 |
| 12. | ഗ്രന്ഥനിരൂപണം | 193 |
| 13. | ലോകവാർത്തകൾ | 194 |
| | അതിരൂപതാവാർത്തകൾ | |

## ‘ക്രിസ്തുനാഥൻ’ എന്ന ഗ്രന്ഥം അച്ചടിയിൽ

ഈ പുസ്തകം ഇക്കഴിഞ്ഞ മാർച്ചുമാസം 31-ാം തീയതി പ്രസിദ്ധപ്പെടുത്തുന്നതാണെന്ന് ഞങ്ങൾ പരസ്യം ചെയ്തിരുന്നു എന്നാൽ ചില സാങ്കേതികതടസ്സങ്ങൾ നിമിത്തം ഈ മഹൽഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ താമസിച്ചുപോയതിൽ ഞങ്ങൾ ഹൃദയപൂർവ്വം ഖേദിക്കുന്നു.

മുൻകൂർ പണമയച്ച് കാത്തിരുന്ന ഞങ്ങളുടെ മാന്യബന്ധുക്കൾക്ക് ജൂലൈ മാസത്തിൽ തന്നെ “ക്രിസ്തുനാഥൻ” എത്തിച്ചു തരുന്നതായിരിക്കും.

മാനേജർ, സെൻറ് മേരീസ് പ്രസ്സ്.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 24. | ജൂൺ 1965. | ലക്കം 6. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### ഈശോയുടെ തിരുഹൃദയം

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രത്യേകമായ വിധത്തിൽ പരിശീലിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാസഭ നിശ്ചയിച്ചിട്ടുള്ള മാസമാണല്ലോ. മററുള്ള മാസങ്ങളിൽ തിരുഹൃദയത്തോടുള്ള ഭക്തി വേണ്ടെന്നല്ല അതിനർത്ഥം. നേരെമറിച്ച് ഈ ജൂൺമാസത്തിൽ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിതീക്ഷ്ണത നാം വളർത്തിയെടുക്കണമെന്നാണ് അതിൻെറ അർത്ഥം.

സ്നേഹത്തിൻെറ ഉറവിടമായി ഹൃദയത്തെ നാം കണക്കാക്കുന്നു. തിരുഹൃദയത്തോടുള്ള ഭക്തി എന്നു പറഞ്ഞാൽ നമ്മുടെ കർത്താവിനോടുതന്നെയുള്ള ഭക്തി എന്നാണ് വിവക്ഷ. നമ്മുടെ കർത്താവ് നമ്മോടു കാണിക്കുന്ന അനന്തമായ സ്നേഹത്തിന് പ്രതിസ്നേഹം നാം നൽകുന്നുണ്ടോ? നമുക്കുവേണ്ടി നുറുങ്ങപ്പെട്ട ആ ഹൃദയത്തെക്കുറിച്ച് നാം യഥാർത്ഥത്തിൽ ചിന്തിക്കുന്നുണ്ടോ? നാം പാപം ചെയ്യുമ്പോഴൊക്കെയും ആ ദിവ്യഹൃദയത്തെ മുറിപ്പെടുത്തുകയാണെന്നുള്ള ചിന്ത നമുക്കുണ്ടോ? സ്നേഹത്തിനു പകരം കൃതഘ്നതയല്ലേ നാം ഈശോയിക്കു നൽകുന്നത്? നാം ഒരാത്മപരിശോധന നടത്തുക.

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മനുഷ്യർ ആഗ്രഹിക്കുന്നു. സ്നേഹത്തിനു പകരം വിദ്വേഷവും കൃതജ്ഞതയ്ക്കു പകരം കൃതഘ്നതയും ശാന്തതയ്ക്കു പകരം പ്രക്ഷുബ്ധതയും ആണ് ഇന്നു മനുഷ്യഹൃദയങ്ങളിൽ കുടികൊള്ളുന്നത്. ഉത്ക്കണ്ഠയും ഭീതിയും മനുഷ്യഹൃദയങ്ങളെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായ പരാധീനതകളും ക്ലേശങ്ങളും മനുഷ്യഹൃദയങ്ങളുടെ സ്വാസ്ഥ്യതയെ ഭഞ്ജിക്കുന്നുണ്ട്. ധാർമ്മികമൂല്യങ്ങളുടെ തകർച്ച മാനവജീവിതത്തെ ഉലയ്ക്കുന്നുണ്ട്. രാഷ്ട്രീയത്തിൻെറ അതിപ്രസരം സാമൂഹികജീവിതത്തെ അലങ്കോലപ്പെടുത്തുന്നുണ്ട്. സാധാരണക്കാരൻെറ നട്ടെല്ലു തകർക്കുവാൻ പര്യാപ്തമായ ഭാരമാണ് വിലക്കയററവും തൊഴിലില്ലായ്മയുമെല്ലാമുളവാക്കിയിട്ടുള്ളത്.

ഇങ്ങനെ അസ്വാസ്ഥ്യതയും ആശങ്കയും മൂലം വീർപ്പുമുട്ടനുഭവിക്കുന്നവരായ നാം ഇവ മാറുന്നതിന് ദൈവാശ്രയത്തിൽ പ്രയത്നിക്കുന്നതിനോടൊപ്പം തന്നെ ഈശോയുടെ ദിവ്യഹൃദയത്തിൽ അഭയം തേടുകയും ചെയ്താൽ സൂര്യനുദിച്ചുയരുമ്പോൾ മൂടൽമഞ്ഞു് നീങ്ങിപ്പോകുന്നതുപോലെ നമ്മുടെ വിഷമങ്ങൾ എങ്ങോ പോയി മറയുന്നതുകണ്ട് നാം അത്ഭുതവിവശരായിപ്പോകും.

ഈശോയുടെ ദിവ്യഹൃദയത്തിൽ അഭയം തേടുക എന്നു പറഞ്ഞാൽ പ്രസാദവരത്തിൽ ജീവിച്ച് നമ്മെയും നമുക്കുള്ളവരെയും നമുക്കുള്ളവയെയും പരിപൂർണ്ണമായി ഈശോയുടെ ദിവ്യഹൃദയ

ത്തിനു സമർപ്പിച്ചുകൊണ്ട് അവിടത്തെ അഭീഷ്ടമനുസരിച്ച് ജീവിക്കുക എന്നാണർത്ഥം. ദൈവപരിപാലനയിൽ സമാശ്രയിച്ചുകൊണ്ട് ദൈവഹിതത്തിനനുസൃതമായി നാം മുന്നോട്ടു പോകേണ്ടവരാണ്. ഓരോ ദിവസവും അതിരാവിലെ നാം എഴുന്നേല്ക്കുമ്പോൾ നമ്മുടെ അന്നത്തെ പ്രവൃത്തികൾ ശുദ്ധനിയോഗത്തോടുകൂടി ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കണം. ദിവസത്തിൽ പല പ്രാവശ്യം ഈ സമർപ്പണം നവീകരിക്കുക. നമ്മിൽ നിന്നും മററുള്ളവരിൽ നിന്നും ഈശോയുടെ തിരുഹൃദയത്തിനുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ വേദനകൾക്ക് നാം പരിഹാരം ചെയ്യുക. നാമോരോരുത്തരോടുമുള്ള സ്നേഹത്താൽ കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ആ ദിവ്യഹൃദയത്തിലെ സ്നേഹാഗ്നിയിൽ നിന്നുള്ള ചൂടും വെളിച്ചവും നമ്മുടെ ഹൃദയങ്ങളിലും പകരണമേ എന്ന് നാം ദിവ്യനാഥനോട് പ്രാർത്ഥിക്കുക.

ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തവരാക്കണമേ.

## ആശയക്കുഴപ്പങ്ങൾ

ദിവംഗതനായ 23-ാം യോഹന്നാൻ മാർപ്പാപ്പാ, ആലങ്കാരികഭാഷയിൽ പറഞ്ഞാൽ കത്തോലിക്കാസഭയുടെ വാതായനങ്ങൾ തുറന്നിട്ടു കുറെ ശുദ്ധവായു അകത്തു കയറി. ആ വാതായനങ്ങളിൽക്കൂടി ചില ക്ഷുദ്രജീവികളും അകത്തു പ്രവേശിച്ചിട്ടുണ്ടെന്നു തോന്നുന്നു. കെട്ടിടത്തിനകത്തുള്ളവരെ ആ ക്ഷുദ്രജീവികൾ അല്പസ്വല്പമൊക്കെ അലോസരപ്പെടുത്തുന്നുണ്ടെന്ന് തോന്നുന്നു. ആ ക്ഷുദ്രജീവികൾ ആ കെട്ടിടത്തിനകത്തു തന്നെ അടിഞ്ഞുവീണു നശിച്ചുപോകുമെന്നുള്ളതു തീർച്ച. ക്ഷുദ്രജീവികളെന്ന പദം കൊണ്ട് ഇവിടെ വിവക്ഷിക്കപ്പെടുന്നതു ചില ആശയക്കുഴപ്പങ്ങളാണ്.

പല രീതികളിലുള്ള ആശയക്കുഴപ്പങ്ങൾ സഭയ്ക്കുള്ളിലുള്ള വ്യക്തികളിൽ ഉണ്ടാകുന്നുണ്ട്. പുതുമയിൽ മനുഷ്യനുള്ള അഭിരുചി ആണ് മനശ്ശാസ്ത്രപരമായ ഒരു കാരണം. അകത്തോലിക്കരായ സഹോദരങ്ങളെ സഭയിലേക്കു ആകർഷിക്കുന്നതിനു വേണ്ടി സ്ഥാനത്തും അസ്ഥാനത്തും പുതുമ തേടിപ്പോകുവാൻ ചിലർ പ്രേരിപ്പിക്കുന്നുണ്ട്. ദൈവശാസ്ത്രപരമായ കാര്യങ്ങളിൽ പോലും പുതുമയുടെ പിന്നാലെ പരക്കം പായുന്ന ചില പണ്ഡിതമ്മന്യന്മാർ ഉണ്ട്. പേരും പെരുമയും വർദ്ധിക്കാൻ വേണ്ടി മാത്രം ചിന്താക്കുഴപ്പം ഉളവാക്കുന്ന ആശയങ്ങൾ സഭാംഗങ്ങളിൽ ഉളവാക്കുവാൻ പരിശ്രമിക്കുന്നവരുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

എക്യൂമെനിസപ്രസ്ഥാനത്തെക്കുറിച്ചുള്ള അബദ്ധ ധാരണകൾ മൂലം സഭാംഗങ്ങളിൽ പലരും ആശയക്കുഴപ്പങ്ങളിൽ ചെന്നു ചാടിയിട്ടുണ്ട്. കത്തോലിക്കാസഭയും അകത്തോലിക്കാവിഭാഗങ്ങളും പരസ്പരം ശരിക്കു ഗ്രഹിക്കുക, ഒന്നിച്ചു സഹകരിക്കാവുന്ന മണ്ഡലങ്ങളിൽ യോജിച്ചു പ്രവർത്തിക്കുക—ഇവയാണ് എക്യൂമെനിസപ്രസ്ഥാനത്തിന്റെ പ്രധാനമായ ഉദ്ദേശ്യങ്ങൾ. കത്തോലിക്കാസഭ അവളുടെ യാതൊരു പ്രബോധനവും ഉപേക്ഷിക്കാൻ പോകുന്നില്ല. ക്രിസ്തുനാഥൻ സ്ഥാപിച്ച ഏകസത്യസഭ താനാണെന്നുള്ള അവളുടെ അവകാശവും അവൾ ഉപേക്ഷിക്കുവാൻ പോകുന്നില്ല. എന്നാൽ, ആധുനികകാലത്തിനനുസൃതമായി സഭതന്നെ ഉണ്ടാക്കിയ നിയമങ്ങളും ആചാരക്രമങ്ങളും പരിഷ്കരിക്കുവാൻ അവൾ സന്നദ്ധയാണ്. എക്യൂമെനിസപ്രസ്ഥാനത്തിന്റെ പേരിൽ മിഷൻ പ്രവർത്തനങ്ങൾക്ക് അയവുവരുത്തുവാൻ സഭ ഉദ്ദേശിക്കുന്നില്ല.

പരസ്പരം ഗ്രഹിക്കുന്നതിന്റെയും സഹകരിക്കുന്നതിന്റെയും പേരിൽ കത്തോലിക്കാസഭ കാണിക്കുന്ന സൗമനസ്യം ദുർവ്യാഖ്യാനം ചെയ്യുന്ന പല അകത്തോലിക്കാസഹോദരങ്ങളും നമ്മുടെ നാട്ടിൽ ഉണ്ട്. തങ്ങളുടെ നിലപാടും കത്തോലിക്കാസഭ വകവച്ചുതന്നിരിക്കുകയാണ്, അതിനാൽ സഭാപുനരൈക്യത്തിന്റെ ആവശ്യമേയില്ല എന്നു ചിന്തിക്കുന്ന ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ട്. ഏതു ക്രൈസ്തവവിഭാഗമായാലും തരക്കേടില്ല എന്നുള്ള ചിന്താഗതി എക്യൂമെനിസപ്രസ്ഥാനം മൂലം വളരുവാൻ അനുവദിച്ചുകൂടാ.

പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി പരിശ്രമിക്കുന്നവർക്ക് ഇക്കാര്യങ്ങളിൽ

യാതൊരു ആശയക്കുഴപ്പവും ഉണ്ടാകരുതു്. സഭ ഒന്നേയുള്ളൂ ഒരു വിശ്വാസവും ഒരു പരമാധികാരിയും മാത്രമേ ക്രിസ്തുവിൻെറ സഭയിൽ ഉണ്ടാകുവാൻ പാടുള്ളൂ. വിഭിന്ന വിശ്വാസങ്ങളുള്ള ക്രൈസ്തവസഭകളുടെ ഫെഡറേഷൻ ക്രിസ്തുവിൻെറ സഭയാകുകയില്ല.

എക്യുമെനിസത്തിൻെറ പേരിൽ അകത്തോലിക്കാസഹോദരങ്ങൾ ഉന്നയിക്കുന്ന അഭിപ്രായങ്ങൾ സഭയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ വേണം കത്തോലിക്കരായ നാം വിലയിരുത്തേണ്ടതു്.

## പാർശ്വ വിമർശനം

ഞങ്ങളുടെ ക്രൈസ്തവകാഹളത്തിൻെറ ഇക്കഴിഞ്ഞ ഫെബ്രുവരിലക്കത്തിലെ ചോദ്യോത്തരപംക്തിയിൽ, (1 കോറ: 15: 29-ൽ) മരിച്ചവർക്കു വേണ്ടി സ്നാനമേൽക്കുന്നവർ എന്നു പറയുന്നതിൻെറ അർത്ഥത്തെക്കുറിച്ചു എഴുതിയിരുന്ന മറുപടി എടുത്തു വിമർശിച്ചു കൊണ്ടു് ദൈവസഭക്കാരുടെ ഇക്കഴിഞ്ഞ മെയ്മാസത്തെ ആത്മബോധിനി എന്ന മാസികയിൽ ഒരു പത്രാധിപക്കുറിപ്പു ചേർത്തിരിക്കുന്നതു കണ്ടു. അതിലിങ്ങനെ എഴുതിയിരിക്കുന്നു. "മരിച്ചുപോയവരുടെ പവിത്രീകരണത്തിനു് ജീവിച്ചിരിക്കുന്നവരാൽ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല എന്നാണു് മുകളിൽ പ്രസ്താവിച്ചതിൽ നിന്നും മനസ്സിലാക്കേണ്ടതു്. സ്നാനത്തെ സംബന്ധിടത്തോളം ഇതു വാസ്തവമാണെങ്കിൽ മരിച്ചുപോയവർക്കുവേണ്ടിയും മരിച്ചവരോടും ഉള്ള പ്രാർത്ഥനയെ സംബന്ധിച്ചും ഇതു വാസ്തവമായിരിക്കണം"

ആത്മബോധിനിയുടെ ഈ അനുമാനം ശരിയല്ല. സ്നാനം ഒരു രണ്ടാം ജനനമാണു് എന്നു് പൌലൂസ് തീത്തോസിനെഴുതിയിരിക്കുന്നു. (തീത്തോസ് 3: 6) ആ പുനർജ്ജനനത്തിനു് അവരവർ തന്നെ മാമോദീസാ ഏല്ക്കണം. ഒരാൾക്കു് വേണ്ടി വേറൊരാൾ സ്നാനമേററാൽ പോരാ: അതുപോലെയല്ല മരിച്ചുപോയവർക്കു് വേണ്ടി പ്രാർത്ഥിക്കുന്നതു്. പരേതർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതു് എല്ലാവരുടേയും കടമയാണു്. യേശു അവതരിച്ചതും കുരിശിൽ കഷ്ടമനുഭവിച്ചു മരിച്ചതും പ്രാർത്ഥിച്ചതും എല്ലാം ആദാം മുതൽ ക്രിസ്തുവരെയുള്ള പരേതർക്കു വേണ്ടിയുംകൂടെയായിരുന്നു. (1 യോഹ: 2-2) അതു ആരും നിഷേധിക്കുമെ തോന്നുന്നില്ല മരിച്ചുപോയവരുടെ പാപപരിഹാരാർത്ഥം യേശു പ്രാർത്ഥിക്കയും പ്രായശ്ചിത്തമെത്തിക്കയും ചെയ്തിരിക്കുന്നതിനാൽ നാമും അതു അനുകരിക്കേണ്ടതാണു്. യേശു ഇങ്ങനെ ദൃഷ്ടാന്തം കാണിച്ചിരിക്കുന്നതനുകരിക്കുന്നതിനു് വേദവാക്യമില്ലെന്നുള്ള ഒരു തടസം ഉന്നയിക്കാവുന്നതല്ല. യേശു കാണിച്ച ദൃഷ്ടാന്തം വേദവാക്യങ്ങളേക്കാൾ ഏററം വലുതാണു്. ആകയാൽ മരിച്ചുപോയവരെക്കുറിച്ചു ഓർക്കേണ്ടെന്നും ഓർത്താൽ പ്രയോജനമൊന്നുമില്ലെന്നും മററും ജനങ്ങളെ പഠിപ്പിക്കുന്നതു് തെററാണു്. അതു ക്രിസ്തീയമല്ല പരേതർക്കു വേണ്ടി ക്രിസ്തു പ്രായശ്ചിത്തബലിയർപ്പിക്കയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയും ചെയ്തതിനെ അനുകരിച്ചു നാം ബലിയർപ്പിക്കയും പ്രാർത്ഥിക്കയും വേണം.

പൌലൂസ് തൻെറ സ്നേഹിതനായിരുന്നു് പരേതനായ ഒനേസിഫോറേസിനെ ഓർക്കയും കർത്താവെ ആ ദിവസത്തിൽ അവൻ കർത്താവിൻെറ പക്കൽ കരുണ കണ്ടെത്തുവാൻ സംഗതി വരണമെ എന്നു് പ്രാർത്ഥിക്കയും ചെയ്തു. (2 തിമോ. 1: 18) അതുപോലെ നമുക്കും നമ്മുടെ പരേതർക്കു വേണ്ടി പ്രാർത്ഥിക്കാം.

പരിശുദ്ധന്മാർ ശരീരം വിട്ടവരാണെങ്കിലും അവർ "മരണത്തെ വിട്ടു ജീവനിൽ കാത്തിരിക്കുന്നവരാണു്" എന്നു് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നാം അറിയുന്നു (1 യോഹ: 3: 14) എന്നു് യോഹന്നാൻ ശ്ലീഹാ പഠിപ്പിച്ചിരിക്കുന്നു. അതിനാലാണു് ക്രിസ്ത്യാനികൾ പരിശുദ്ധന്മാരുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നതു്. നമ്മുടെ പരേതരും നാമും സഭയാകുന്ന ഒരേ ശരീരത്തിൻെറ അവയവങ്ങളാണു്. അതിനാലാണു് ക്രിസ്ത്യാനികളങ്ങനെ ചെയ്യുന്നതെന്നു് ആത്മബോധിനി പ്രവർത്തകർ ഗ്രഹിക്കുമെങ്കിൽ നന്നായിരുന്നു.

—ഠ—

**കവിത**

# "എനിക്കു ദാഹിക്കുന്നു" John 19: 28.

(ജോസഫ് പുത്തൻപുരയിൽ, തൃശ്നാപ്പള്ളി)

[കേക]

പാപപൂരിതമായ 'പാവന പാദപീഠം,'
പാപമാലെന്യേയെന്നും സൂക്ഷിക്കാനായി ചെമ്മേ,
വാനഗേഹത്തിൽനിന്നുമാഗതനായ ദേവാ,
മാനവരക്ഷണനിയ, ക്രിസ്തുദേവാ തേ, നമോ!

ആയിരം നൂറാണ്ടുകൾ കാത്തിരുന്നെന്നത്തിച്ചേർന്നോ-
രദൃതവിഹീനാം മീശനെ ക്രൂശിലേററി,
നീചരാം നിരാധി നാരകീയധമന്മാ-
രനാത്ഥമാക്കി മന്നൻ ദാവീദിൻ പ്രവചനം.

സഹസ്രദായാബ്ദങ്ങൾ, കാലമാം നിരാഴിയിൽ,
സാഹസയാത്രചെയ്തു പിന്നിട്ടുകടന്നുപോയ്
എങ്കിലും ധ്വനിയ്ക്കുന്നിയത്ഥന "ശ്രീകോവലി"-
ന്നേകരണനിൻ സത്തയേ 'യെനിക്കു ദാഹിക്കുന്നു'.

വാരിപൂരിതമായൊരബ്ധിയും കമനിയ-
താരകൾ രവിമതിയുലാത്തും നീലവിണ്ണും,
മന്നിനെക്കുതിക്കുന്ന മാരിയും നൽകുമീശൻ
ഖിന്നനായിരക്കുന്നു: 'എനിക്കുന്നു ദാഹിക്കുന്നു'.

ലോകത്തിനനുഗ്രഹമേകുവാനുവത്തിയോ-
രക്കരങ്ങളിരണ്ടായതിൽ തൂങ്ങുന്നിതേ!

ഇന്നിതാദൃമോ നീതിയുണ്മയുമോതിയോരെ-
ഹന്നിക്ക? യീലോകത്തിൻ ധമ്മതാണു പോലും!

നീതിയിൻ വചസ്സുകളോതിയസോക്രറീസ്സും,
വിശ്വസ്നേഹത്തിൻ വീരയോദ്ധാവാം ഗാന്ധിജിയും,
നീതിയ്ക്കു നിയമങ്ങൾ നിമ്മിച്ചുലിങ്കൻ യുവ-
കെന്നടിയിവർ നീചകൈകളാൽമരിച്ചില്ലേ?

ഭാനുമാൻ ഭയനാകഭീതിയാൽ മുഖം പൊത്തി,
വേപഥുപൂണ്ട മേഘവൃന്ദങ്ങൾ മറയിട്ടു,
പ്രകൃതിവിജ്റംഭിതകമ്പയായ് നിലകൊൾകെ,
രജനീദേവി ഭ്രമൗ താണ്ഡവമാടിമോദാൽ.

ആഴികൾ അലറുന്നു, ഗിരികൾ വിറക്കുന്നു,
മാമരം ഞെരങ്ങുന്നു പാറകൾപിളരുന്നു,
അകലെ നീരാഴിയിന്നുയന്ന ബാലാനിലൻ
വഹിച്ചുദിഗന്തരേ 'യെനിക്കു ദാഹിക്കുന്നു.'

അലറുന്നൊരബ്ധിയും കുണുങ്ങിയോട്ടും നദി,
ചലിക്കാതടാകവും തുടിക്കും കായലോളം,
ഞൊടിയിൽ വചസിനാൽ ചമച്ചു ജഗദീശൻ
പൊരിയും ദാഹത്തിനാൽ വെള്ള മിററിരക്കുന്നോ?

ഇല്ലില്ല, പ്രമാദം, തൻ മനുഷസ്വഭാവം ഹാ!
ദാഹിച്ചു സർവ്വേശ്വരൻ ചോദിച്ചു സ്നേഹം മാത്രം.

# ദൈവത്തിന്റെ ജനം—ചില ശിഥിലചിന്തകൾ

(ഫാദർ സാമുവൽ തുണ്ടിയിൽ)

സഭയെപ്പററി രണ്ടാം വത്തിക്കാൻ സൂനഹദോസ് പാസാക്കിയ ഡിക്രി സഭാചരിത്രത്തിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. പരിവർത്തനോന്മുഖമായ ആധുനികലോകത്തിന്റെ സ്പന്ദനങ്ങളെ ശരിക്ക് മനസ്സിലാക്കേണ്ടതു് സഭയുടെ ചുമതലയാണ്. എങ്കിൽ മാത്രമേ സഭക്കു് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ടു് സഭയുടെ ആന്തരികവും ബാഹ്യവുമായ ജീവിതത്തിനു് ഒരു നവോത്ഥാനം സൃഷ്ടിച്ച്, നവചൈതന്യം പകരുവാനാണ് സൂനഹദോസു് പിതാക്കന്മാർ ശ്രമിച്ചിട്ടുള്ളതു്. ഇതിലേക്കായി സഭയുടെ സാർവ്വത്രികദൗത്യത്തെപ്പററിയും സ്വഭാവത്തെപ്പററിയും ശരിയായ അറിവുണ്ടായിരിക്കണം. സഭയുടെ നവീകരണം അടങ്ങിയിരിക്കുന്നതു് പഴമതിനെയെല്ലാം തകർത്തിട്ട് പുതിയ ഒരു സഭക്കു രൂപം കൊടുക്കുന്നതിലല്ല, പ്രത്യുത, സഭയുടെ യഥാർത്ഥ ജീവിതക്രമങ്ങളെപ്പററിയുള്ള അവബോധം പ്രവർത്തികമാക്കുന്നതിലാണ്. ഈ ചിന്തയുടെ പശ്ചാത്തലത്തിലാണ് സൂനഹദോസ് പിതാക്കന്മാർ സഭയുടെ യഥാർത്ഥ സ്വഭാവത്തിൽ വെളിച്ചം വീശുന്ന സുപ്രധാനമായ 'ദെ എക്ലേസിയാ' എന്ന ഡിക്രിക്കു രൂപം കൊടുത്തതു്. ക്രിസ്തുവിനെ ആധുനികലോകത്തിനു് കൊടുക്കുവാനുള്ള സഭയുടെ ശ്രമത്തിൽ ഈ ഡിക്രി സാരമായ പങ്കുവഹിക്കുമെന്നുള്ളതു് തീർച്ചയാണ്.

തിരുസഭയെ ഒരു സ്ഥാപനമെന്നതിനേക്കാൾ ഉപരിയായി, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമായ ഒരു കൂട്ടായ്മയായി കരുതണം. മിശിഹായുടെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതും പരിശുദ്ധാത്മാവിയാൽ നയിക്കപ്പെടുന്നതുമായ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് സഭ. വിശ്വാസത്തിന്റെയും ഉപവിയുടേയും ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ദൈവത്തിന്റെ ജനമാണ് തിരുസഭ. മനുഷ്യർ രക്ഷപ്രാപിക്കേണ്ടതു് വെറും വ്യക്തികൾ എന്ന നിലയിലല്ല, ഒരു 'ജന'ത്തിലെ അഥവാ സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലാണ്. ഇതാണ് ദൈവം ആദിമുതൽ വെളിപ്പെടുത്തിയിട്ടുള്ളതു്. അതിലേക്കു് ഇസ്രായേലിനെ ദൈവം തന്റെ സ്വന്തജനമായി വേർതിരിച്ചു. ജാതികൾക്കുള്ള മൂഢവിശ്വാസങ്ങളിൽനിന്നും ആരാധനകളിൽനിന്നും അവരെ പരിരക്ഷിച്ചു. ദൈവം ആദ്യം അബ്രഹാമിനെ തന്റെ സ്വന്തമായി തിരഞ്ഞെടുത്തു്, അവനുമായി ഒരു ഉടമ്പടി ചെയ്തു. "ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു് ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും" (ഉല്പത്തി. 17. 7). സകല വംശങ്ങളും ജാതികളും അബ്രഹാമിന്റെ സന്തതികളിൽക്കൂടി അനുഗ്രഹിക്കപ്പെടുമെന്നും ദൈവം വാഗ്ദാനം ചെയ്തു (ഉല്പത്തി: 12 3; 22. 18). ദൈവം അബ്രഹാമിനോടു ചെയ്ത ഉടമ്പടിയുടെ അടയാളമായിട്ട് എല്ലാ ഇസ്രായേൽ പുരുഷന്മാരും ഛേദനാചാരം ചെയ്യപ്പെടണം എന്നുള്ള നിയമം പ്രാബല്യത്തിൽ വന്നു (ലേവ്യ 12. 1) അബ്രഹാമിനോടു ചെയ്ത ഉടമ്പടി ദൈവം മോശയോടു സീനായ്മലയിൽവച്ചു് ആവർത്തിച്ചു. "ആകയാൽ നിങ്ങൾ എന്റെ വാക്കുകേട്ടു അനുസരിക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്കു് സകല ജാതികളിലും വച്ചു് പ്രത്യേക സ്വത്തായിരിക്കും. ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു് ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവുമാകും" (പുറപ്പാടു് 19. 5-6). ഇപ്രകാരം ദൈവം ഇസ്രായേലിനെ തന്റെ സ്വന്തമായി രൂപാന്തരപ്പെടുത്തി. അവർ യഹോവയുടെ മുമ്പാകെ പരിശുദ്ധരായിരിക്കണമെന്നുള്ള കല്പനയും നൽകി. "നിങ്ങൾ എനിക്കു് വിശുദ്ധന്മാരായിരിക്കണം" (പുറപ്പാടു് 22 31).

ഈ പഴയ ഉടമ്പടി മിശിഹായിൽ പൂർത്തീകരിക്കേണ്ടിയിരുന്ന പുതിയ ഉടമ്പടിയുടെ വെറും ഛായ മാത്രമായിരുന്നു. ഒരു പുതിയ നിയമം ജനഹൃദയങ്ങളിൽ എഴുതപ്പെടുമെ

ന്നു യെറമ്യാസ് ദീർഘദർശിവഴി ദൈവം മുൻകൂട്ടി അറിയിച്ചു. "ഞാൻ ഇസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും... ഞാൻ എന്റെ ഈ പ്രമാണം അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കു ദൈവമായും അവർ എനിക്ക് ജനമായുമിരിക്കും" (യെറമ്യാസ്, 31. 31-33). ഈ പുതിയ ഉടമ്പടി മിശിഹായിൽ സംസ്ഥാപിക്കപ്പെട്ടു. ക്രിസ്തുവിൽ സംജാതമായ ഈ ഉടമ്പടിയിലെ അംഗങ്ങൾ ഒരു പ്രത്യേക ജാതിയോ വിഭാഗമോ അല്ല; നേരെമറിച്ച്, സകല ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്നതാണ്. ജീവിപ്പിക്കുന്നതായ ദൈവവചനം സ്വീകരിച്ച് അതിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിക്കുന്ന എല്ലാവരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഗണത്തിൽ ഉൾപ്പെടുന്നു. അങ്ങനെ അവർ "തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു. മുമ്പേ നിങ്ങൾ ജനമല്ലാത്തവർ, ഇപ്പോഴോ, ദൈവത്തിന്റെ ജന"വുമായിത്തീരുന്നു. (1 പത്രോസ് 2 9-10) പുതിയ ഉടമ്പടിയിലെ ദൈവത്തിന്റെ ജനത്തിന്റെ തല മിശിഹായാകുന്നു. നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ച്, ജയം പ്രാപിച്ച്, ക്രിസ്തു ഇന്നു പിതാവിന്റെ മഹത്വത്തിൽ വസിക്കുന്നു. ദൈവമക്കൾക്കനുസൃതമായ സ്വാതന്ത്ര്യത്തിൽ ജീവിക്കുക തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ കടമയാണെന്ന് ഡിക്രി പ്രത്യേകം ഊന്നിപ്പറയുന്നു. ഇസ്രായേൽ ജനത്തോടു ദൈവം മൂശ മുഖേന സംസാരിച്ചു; നിയമത്തിന്റെ ഫലക സീനായിപർവ്വതത്തിൽവച്ച് നൽകപ്പെട്ടു. പുതിയ നിയമത്തിലെ ദൈവത്തിന്റെ ജനത്തിന് ഒരു പുതിയ കല്പന നൽകപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട സമൂഹത്തെ മറ്റുള്ളവരിൽനിന്നും തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായിരിക്കും ഈ കല്പന "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം" (യോഹ. 13, 34) ദൈവരാജ്യം പ്രാപിക്കുന്നതിലാണ് പുതിയ ഇസ്രായേലിന്റെ അന്ത്യം സ്ഥിതിചെയ്യുന്നത്. ഭൂമിയിൽ മിശിഹായാൽ ഈ രാജ്യം സംസ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ലോകത്തിന്റെ എല്ലാ അതിർത്തിവരെയും ഈ ദൗത്യം അറിയിക്കേണ്ടിയിരിക്കുന്നു. കാലത്തിന്റെ അവസാനത്തിൽ മിശിഹായിൽ ഈ ദൈവരാജ്യം പൂർത്തീകരിക്കപ്പെട്ടും 'സകല സൃഷ്ടികളും ക്ഷയത്തിന്റെ അടിമത്വത്തിൽനിന്നു ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് വിട്ടയക്കപ്പെട്ടും (റോമ. 8, 21). അങ്ങനെ, പുതിയ ആകാശവും പുതിയ ഭൂമിയും ഉദയംകൊള്ളും.

അടുത്തതായി ക്രിസ്തുവിന്റെ സഭയും പുതിയ നിയമത്തിലെ ദൈവത്തിന്റെ ജനവും ഒന്നുതന്നെയാണെന്ന് ഡിക്രി തുടർന്നു പ്രസ്താവിക്കുന്നു. മരുഭൂമിയിൽക്കൂടി വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലേക്ക് പ്രയാണം ചെയ്തിരുന്ന ഇസ്രായേൽ ജനത്തെ ദൈവത്തിന്റെ സഭയായിട്ടാണ് ഗണിച്ചിരുന്നത്. (ആവർത്തനം 23, 1) ഇപ്രകാരം നിത്യനഗരത്തെ ലക്ഷ്യമാക്കി യാതനകളുടെ മരുഭൂമിയിൽക്കൂടി യാത്ര ചെയ്യുന്ന പുതിയ ഇസ്രായേൽ (എബ്രാ. 13, 14) ക്രിസ്തുവിന്റെ സഭയാകുന്നു (മത്താ. 16, 18). ക്രിസ്തുവിലുള്ള വിശ്വാസമാണു ഈ സമൂഹത്തിന്റെ അടിസ്ഥാനം. സകല ജാതികൾക്കും സമാധാനത്തിന്റെയും ഐക്യത്തിന്റെയും ഉറവിടം മിശിഹായാകുന്നു. ഈ സമാധാനവും ഐക്യവും സകല ജനങ്ങൾക്കും ക്രിസ്തുവിൽക്കൂടി കൈവരുവാൻ സഭ സ്ഥാപിതമായി. അതായതു്, സ്ഥലകാലങ്ങളുടെ അതിർത്തിവരമ്പുകളിൽ ഒതുങ്ങി നിൽക്കുന്നതല്ല തിരുസഭ. ഒരു കാലത്തിന്റെയോ, സമുദായത്തിന്റെയോ സ്വന്തമല്ല സഭ. അവൾ അവയെല്ലാം ഉപരിയായി നിലകൊള്ളുന്നു. ഇതിൽനിന്നും സഭയ്ക്കു ലോകത്തിന്റെ പുരോഗതിയിൽ താൽപര്യമില്ലെന്നു അർത്ഥമാകുന്നില്ല. മനുഷ്യന്റെ ചരിത്രത്തിൽ സഭ സജീവമായി പ്രവേശിച്ച്, മനുഷ്യചരിത്രത്തിനു രൂപംകൊടുക്കുന്നു. എങ്കിലും തിരുസഭയുടെ ഭൂമിയിലെ ജീവിതം സഹനത്തിന്റെയും യാതനയുടെയും കാൽവരിയിലേക്കാണ്. മരുഭൂമിയിൽ ഇസ്രായേലിന്റെ കാലിടറാതെ മന്നാ വർഷിച്ച് ഇസ്രായേൽജനത്തെ ദൈവം ശക്തിപ്പെടുത്തി. ജഡത്തിന്റെ ബലഹീനത തിരുസഭയ്ക്കും അനുഭവപ്പെടാം. പലർ കാൽവഴുതി വീണെന്നുവരാം. മിശിഹായിലുള്ള വിശ്വാസത്തിൽനിന്നും വഴുതിവീഴാതെ നിർമ്മല മണവാട്ടിയായി തന്നെത്തന്നെ മിശിഹായിക്കു സമർപ്പിക്കുവാനുള്ള സഭയുടെ ഉദ്യമത്തിൽ, ദൈവത്തിന്റെ കൃപാവരം അവളെ

ശക്തിപ്പെടുത്തുന്നു. ക്രിസ്ത്യാനികൾ വ്യക്തമായി മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമുണ്ട്. ദൈവത്തിന്റെ കൃപാവരം നമ്മെ ശക്തിപ്പെടുത്തുവാനുണ്ടാകും. പരിശുദ്ധാരൂപി നമ്മെ നയിക്കുവാനുണ്ട്. എങ്കിലും നമ്മുടെ രക്ഷയുടെ മാർഗ്ഗം കുരിശിൽക്കൂടി മാത്രമേയുള്ളൂ. അനശ്വരമായ നിത്യപ്രകാശത്തിൽ നാം മറ്റു മാർഗ്ഗങ്ങൾ വഴി എത്തിച്ചേരാമെന്നു വിചാരിക്കുന്നെങ്കിൽ അത് മിഥ്യയാണ്. ക്രിസ്തീയ ചിന്താഗതിയുമല്ലാ അത്.

ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടിട്ടുള്ള മഹനീയ സ്ഥാനത്തെപ്പററി ഓർമ്മിപ്പിക്കുകയാണ് 'ഡിക്രി' തുടർന്നു ചെയ്യുന്നത്. ഓരോ ക്രിസ്ത്യാനിയും തിരഞ്ഞെടുക്കപ്പെട്ട സമൂഹത്തിലെ സജീവ ഘടകമാണ്. ഈ സമൂഹത്തിന്റെ വികാസം ഓരോ വ്യക്തിയേയും ആശ്രയിച്ചിരിക്കുന്നു. സാധാരണ വ്യക്തികൾ എന്നതിനേക്കാൾ ഉപരിയായി, ദൈവത്തിന്റെ ജനം രാജകീയ പുരോഹിതവർഗ്ഗം കൂടിയാണ്. ഇതിലാണ് ഓരോ ക്രിസ്ത്യാനിയുടെയും മഹിമ അടങ്ങിയിരിക്കുന്നത്. മിശിഹായിൽ നാം മാമോദീസാ സ്വീകരിച്ചതോടുകൂടി, മൂറോൻ കൂദാശയിൽ പരിശുദ്ധാരൂപിയുടെ അഭിഷേകം പ്രാപിച്ചതോടുകൂടി, നാം മിശിഹായുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുകാരായി. "നീ ഞങ്ങളെ ദൈവത്തിനു രാജാക്കന്മാരും പുരോഹിതന്മാരുമാക്കിത്തീർത്തു (വെളിപാട് 5, 10). നമുക്കു ലഭിച്ചിരിക്കുന്ന ഈ ഔന്നത്യത്തെ സംബന്ധിച്ച് നാം ഇതുവരെ ബോധവാന്മാരായിരുന്നില്ല. ദൈവത്തിന്റെ ജനം രാജകീയ പുരോഹിതവർഗ്ഗമാണെന്നു വരികിലും, ഭരിക്കുവാനും കൂദാശ അനുഷ്ഠിക്കുവാനും ദൈവത്തിൽനിന്നു പ്രത്യേക അധികാരാവകാശങ്ങൾ ലഭിച്ചിട്ടുള്ള പൗരോഹിത്യവും പൊതു പൗരോഹിത്യവും യഥാർത്ഥ വ്യത്യാസമുള്ളവയാണ്. എന്നാലും അവതമ്മിൽ പ്രത്യേക രീതിയിൽ മിശിഹായുടെ പൗരോഹിത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. വൈദികൻ ക്രിസ്തുവിന്റെ നാമത്തിൽ ജനങ്ങൾക്കുവേണ്ടി ബലി അർപ്പിക്കുമ്പോൾ, ജനങ്ങൾ അവർക്കു ലഭിച്ചിട്ടുള്ള രാജകീയ പൗരോഹിത്യത്താൽ വൈദികനോടുചേർന്നു ബലി അർപ്പിക്കുന്നു.

രാജകീയ പൗരോഹിത്യത്തിന്റെ അവകാശികളായ നമുക്കു പല ചുമതലകളുമുണ്ട്. ഒന്നാമതായി, ക്രിസ്തുവിനു സാക്ഷികളായിത്തീരുക. രണ്ടാമതായി, ഓരോ ക്രിസ്ത്യാനിയുടെയും ജീവിതം ദൈവത്തിനു പരിശുദ്ധവും സ്വീകാര്യവുമായ ബലിയായി തീരണം. "നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവ്വകമായ ശുശ്രൂഷമൂലം സമർപ്പിക്കുവിൻ" (റോമ. 12, 1). ലോകത്തിനു പ്രകാശനാളങ്ങളായിത്തീരേണ്ട ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതകടമകളിൽ നിന്നും ഒഴിഞ്ഞുമാറി, വെറും ബാഹ്യമായ ഭക്താഭ്യാസങ്ങൾ കൊണ്ട് എല്ലാം ശുഭമായി എന്നുള്ള ധാരണയിൽ ജീവിക്കുന്നു. വചനംകൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്തുവിനു സാക്ഷികളാകേണ്ട നാം ലോകത്തിനു ഉതപ്പായിത്തീരുന്നു. പരിശുദ്ധിയുടെ പരിമളം എങ്ങും പരത്തേണ്ട ദൈവത്തിന്റെ ജനം അശുദ്ധിയിൽ കുട്ടനിൽക്കുന്നു. സഭയ്ക്കു ആധുനികലോകത്ത് എന്തെങ്കിലും തകർച്ച നേരിട്ടിട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദികൾ നാം തന്നെയാണ്. ക്രിസ്തുവിനെ മററുള്ളവർക്കു കാണിച്ചുകൊടുക്കുവാനുള്ള ഗൗരവമുള്ള ചുമതല വൈദികരിലും അവൈദികരിലും നിക്ഷിപ്തമായിരിക്കുന്നു. ക്രിസ്തുനാഥന്റെ ദൗത്യനിർവ്വഹണം വൈദികരിൽ ഏൽപ്പിച്ചിട്ട് അത്മായർ പ്രേക്ഷകസ്ഥാനത്തേക്ക് മാറിനിൽക്കേണ്ടവരല്ല. ഇതുവരെ നാം വച്ചുപുലർത്തിയ ഈ നിലപാടു മാറണം. കൂടാതെ, അത്മായർ സഭയുടെ അപ്രധാനമായ ഘടകമാണെന്നുള്ള ധാരണ വൈദികരിൽ ഉണ്ടാകുവാൻ പാടില്ല. സിദ്ധാന്തപരമായി ഇതു സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രായോഗികമായി വേണ്ടത്ര സ്വീകരിക്കപ്പെട്ടിട്ടില്ല. അത്മായരുടെ അവകാശങ്ങളെ മാനിക്കുവാൻ, അവരുടെ മാഹാത്മ്യത്തെ വകവച്ചുകൊടുക്കുവാൻ ദൈവത്തിന്റെ പുരോഹിതർക്കു സാധിക്കണം. ശുശ്രൂഷിക്കപ്പെടുവാനല്ല, പ്രത്യുത ശുശ്രൂഷിക്കുവാൻ വന്ന ക്രിസ്തുനാഥന്റെ അധികാരാവകാശങ്ങൾ പ്രാപിച്ച വൈദികർ അവരുടെ ജനങ്ങളിൽ അമിതാധികാരം ഉപയോഗിക്കുകയോ, അവരേക്കാൾ ഉപരിയായി എന്തെങ്കിലും മാഹാത്മ്യം തങ്ങൾക്കുണ്ടെന്നു നടിക്കുകയോ അല്ല ചെയ്യേണ്ടത്. പ്രത്യുത, ദൈവത്തിന്റെ ജനത്തെ നിസ്വാർത്ഥമായി ശുശ്രൂഷിക്കുവാൻ അവർ തൽപരരായിരിക്കണം. ജനങ്ങൾ അർഹിക്കുന്ന ബഹുമാനം വൈദികർ അവർക്കു മുഴുവ

നായി നൽകണം. ഇപ്രകാരം ചെയ്യുമ്പോൾ വൈദികസ്ഥാനത്തിനോ, മാഹാത്മ്യത്തിനോ എന്തെങ്കിലും കുറവു സംഭവിക്കുകയല്ല ഉണ്ടാകുക. നേരേമറിച്ചു്, യഥാർത്ഥത്തിൽ മിശിഹായുടെ പൗരോഹിത്യം കൂടുതൽ ബഹുമാനിക്കപ്പെടുന്നു. ഇതോടൊപ്പംതന്നെ, അത്മായർ അവരുടെ ഇടയന്മാരെ മിശിഹായുടെ പ്രതിപുരുഷന്മാർ എന്ന നിലയിൽ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യണം. അവരുടെ ബലഹീനതകളെ ഊതിവീർപ്പിച്ചുകാണിക്കാതെ, സ്വന്തം ഇടയന്മാരോടു തോളോടുതോൾ ചേർന്നു മിശിഹായുടെ സ്നേഹത്തിന്റെ ദൗത്യം സഹോദരലക്ഷങ്ങളിൽ എത്തിക്കുന്നതിന് അവർ തല്പരരായിരിക്കണം. ഇതിനെല്ലാം ഉപരിയായി, ഓരോരുത്തരുടെയും ജീവിതം സജീവബലിയായിത്തീരണം. ലോകത്തെ ക്രിസ്തുവിലേക്കു കൊണ്ടുവരാനുള്ള പ്രധാന മാർഗ്ഗം ഇതു മാത്രമാണു്.

പുതിയ ഇസ്രായേൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്നതാണെന്നു് നേരത്തെ സൂചിപ്പിച്ചുവല്ലോ. സകലജാതികളും ദൈവത്തിന്റെ ജനമാകണമെന്നുള്ളതാണു് ദൈവത്തിന്റെ അഭീഷ്ടം. "ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേർക്കുന്നതിനായിട്ടാണു് (യോഹ: 11. 52) ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചതു്. അങ്ങനെ മിശിഹാ എല്ലാ വംശത്തിന്റേയും ജാതിയുടേയും തലയും പ്രധാനപുരോഹിതനുമത്രേ. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ജീവിക്കുന്ന ദൈവത്തിന്റെ ജനം പരിശുദ്ധാത്മാവിനാൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ അവസരം ഒരു കാര്യം പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. സഭയ്ക്കു് പ്രധാനമായി, തന്റെ ജനത്തെ ദൈവരാജ്യത്തിനുവേണ്ടി ഒരുക്കുക എന്ന ചുമതലയാണുള്ളതെങ്കിലും ലൗകികസുസ്ഥിതിയെ സഭ അവഗണിക്കുന്നില്ല. സഭാശത്രുക്കൾ സഭയുടെ നേർക്കു് തൊടുത്തുവിടുന്ന ഒരായുധമാണു് അവൾ ലോകത്തിന്റെ അഭിവൃദ്ധിയിൽ ശ്രദ്ധപതിപ്പിക്കുന്നില്ലെന്നുള്ളതു്. സഭ നാഗരികതയ്ക്കും പുരോഗതിക്കും എതിരാണു്, സൗന്ദര്യത്തേയും കലകളേയും ബഹുമാനിക്കുന്നില്ല, പ്രോത്സാഹിപ്പിക്കുന്നില്ല; മാനുഷിക സുഖത്തിനും സുസ്ഥിതിക്കും പ്രതിബന്ധമായി നിലകൊള്ളുന്നു—ഇങ്ങനെ പോകുന്നു ശത്രുക്കളുടെ ആരോപണങ്ങൾ. വാസ്തവത്തിൽ ഈവിധ ആരോപണങ്ങൾ ഒരു സത്യാന്വേഷിയുടെ മുമ്പിൽ വിലപ്പോകുകയില്ല. ഈ ആരോപണങ്ങൾ ശരിക്കു മനസ്സിലാക്കിയിട്ടാണു് സൂനഹദോസ് പിതാക്കന്മാർ ഇപ്രകാരം പ്രസ്താവിച്ചതു്. "ദൈവരാജ്യം സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ തിരുസഭ ഒരു ജനവിഭാഗത്തിന്റെയും ലൗകികസുസ്ഥിതിയെ എടുത്തു കളയുന്നില്ല. സഭ ഓരോ ജനവിഭാഗത്തിന്റെയും സവിശേഷതകൾ, കഴിവുകൾ, ആചാരങ്ങൾ മുതലായവയിലെ നല്ല അംശങ്ങൾ സ്വീകരിച്ചു് അവയെ പോഷിപ്പിക്കുന്നു". സഭ ഇപ്രകാരമുള്ള ഘടകങ്ങളെ പവിത്രീകരിച്ചു്, മഹത്വീകരിച്ചു്, തന്റെ സ്വന്തമാക്കിത്തീർക്കുന്നു. ഏതു ജനവിഭാഗത്തിന്റേയും വികാരങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുവാൻ തിരുസഭ തയാറാണു്. കാലാനുസൃതമായ വ്യതിയാനങ്ങൾ ആവശ്യമായി തോന്നുന്ന ഏതു മേഖലയിലും സഭ അതു് അനുവദിച്ചു കൊടുക്കുന്നു. ഒരു വിഭാഗത്തിന്റെ ആരാധനക്രമങ്ങളോ കലകളോ വേറൊരു വിഭാഗത്തിൽ അടിച്ചേല്പിക്കുക സഭയുടെ നയമല്ല. ജനങ്ങൾക്കു് പ്രയോജനപ്പെടത്തക്കവണ്ണം ആരാധനക്രമങ്ങളിൽ അടുത്ത കാലത്തു വരുത്തിയിട്ടുള്ള മാററങ്ങൾ സഭാമാതാവിന്റെ വിശാലവീക്ഷണത്തെ വിളിച്ചറിയിക്കുന്നു. അതുപോലെതന്നെ, ഒരു വിഭാഗത്തിനു് സ്വന്തമായിട്ടുള്ള കലകളെയും ചിന്തകളെയും സഭ സ്വീകരിച്ചു് അതിനെ ക്രൈസ്തവമാക്കുന്നു. ന്യായമായ ഇത്തരം പരിവർത്തനങ്ങളിൽ ചിലർ പ്രകടിപ്പിക്കുന്ന അതൃപ്തി, സഭാമാതാവിനോടുള്ള യഥാർത്ഥ ഭക്തിയിൽനിന്നും ഉളവാകുന്നതല്ല, പ്രത്യുത, അവരുടെ സ്വാർത്ഥപരമായ വൈകാരിക കാരണങ്ങൾ നിമിത്തമാണെന്നു് പരിശുദ്ധ പിതാവു് ഈയിടെ ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി.

പരിശുദ്ധാത്മാവിന്റെ സ്നേഹത്തിന്റെ ശൃംഖലയാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ജനം വൈവിധ്യം ഉൾക്കൊള്ളുന്നതാണു്. തിരുസഭയിൽ വ്യത്യസ്തമായ റീത്തുകളും ആരാധനാസമ്പ്രദായങ്ങളും ഉണ്ടെന്നു് 'ഡിക്രി' പ്രത്യേകം എടുത്തു പറയുന്നു. പരിശുദ്ധ പിതാവിന്റെ പരമാധികാരത്തെ അംഗീകരിക്കുന്ന ഇത്തരം 'സഭകൾ'ക്കു് തിരുസഭയിൽ ശരിയായ സ്ഥാനമുണ്ടു്. ഇപ്രകാരമുള്ള വൈവിധ്യങ്ങൾ സഭയുടെ ഏകത്വത്തിനു് ഒരിക്കലും വിഘാതമല്ല; പ്ര

ത്യത ഇതു്, സഭയുടെ മനോഹാരിതയ്ക്കു് മാററു കുട്ടുന്നു. അതിനാൽ റീത്തുകളുടെ പേരിൽ, ഭാഷയുടെ പേരിൽ, വിദ്വേഷത്തിന്റെ വിത്തുകൾ വിതയ്ക്കുന്നവർ യഥാർത്ഥത്തിൽ സഭാശത്രുക്കളാണു്. ഒരു 'റീത്തു്' വേറൊന്നിനേക്കാൾ മെച്ചപ്പെട്ടതാണെന്നോ, ഒരു ഭാഷ വേറൊന്നിനേക്കാൾ മാഹാത്മ്യം കൂട്ടതലുള്ളതാണെന്നോ, സഭ കരുതുന്നില്ല. ഇപ്രകാരം റീത്തുകളുടെ പേരിലും മററും സ്വാർത്ഥതാല്പര്യം വച്ചുപുലർത്തി സഭാമാതാവിൻെറ മുഖം വിലക്ഷണമാക്കുന്ന ക്രിസ്ത്യാനികളാണു് സഭയുടെ പ്രധാന ശത്രുക്കൾ. ക്രിസ്തുവിനെ വിഭജിക്കുവാനുള്ള ഇത്തരം ആളുകളുടെ ശ്രമം ലോകത്തിൻെറ മുമ്പിൽ എന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കും.

അവസാനമായി സകല ജാതികളേയും ക്രിസ്തുവിലേക്കു കൊണ്ടുവരുവാനുള്ള ദൈവത്തിൻെറ ജനത്തിൻെറ ചുമതല ഗൗരവമേറിയതാണു്. ക്രിസ്തുവിലുള്ള രക്ഷയിലേക്കു് സകല ജനങ്ങളും വിളിക്കപ്പെട്ടിരിക്കുന്നു. "സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിൻെറ അറിവിലേക്കു തിരിയണമെന്നു"മാണു് ദൈവത്തിൻെറ ഇഷ്ടം. (1 തിമോ. 2. 4). അതിനായി, ദൈവം തൻെറ ഏകജാതനെ ലോകത്തിലേക്കു് അയച്ചു. ആ പുത്രൻ ശിഷ്യന്മാരോടു കല്പിച്ചു: "നിങ്ങൾ ലോകമെല്ലാം പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ മാമോദീസാ നൽകുവിൻ". ഈ ദൗത്യനിർവഹണം ഓരോ ക്രിസ്ത്യാനിയിലും നിക്ഷിപ്തമാണെന്നു ഗ്രഹിക്കണം. "ഞാൻ സുവിശേഷം അറിയിച്ചില്ലെങ്കിൽ എനിക്കു ഹാ! കഷ്ടം" (1 കോരി. 9. 16) എന്നു് വി. പൗലോസിനോടുകൂടി ഓരോ ക്രിസ്ത്യാനിയും പറയണം. ആണ്ടിലൊരിക്കൽ ഒരു കുമ്പസാരവും നോമ്പുകാലങ്ങളിൽ ചില ഭക്താഭ്യാസങ്ങളും കൊണ്ടു് നമ്മുടെ ക്രിസ്തീയ കടമകൾ പൂർണ്ണമായി എന്നുള്ള ധാരണ മാറണം. സഹോദരസ്നേഹത്തിൽ അധിഷ്ഠിതമാകാത്ത ദൈവസ്നേഹം കപടഭക്തിയാണു്. ദൈവത്തെ നാം സ്നേഹിക്കുന്നെങ്കിൽ നമ്മുടെ സഹോദരങ്ങളെ ജീവിതമാതൃകകൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്തുവിലേക്കു ആനയിക്കുവാൻ നാം എപ്പോഴും ഉൽസുകരായിരിക്കും. അറിവുകേടുകൊണ്ടോ, തെററിദ്ധാരണകൾകൊണ്ടോ, ഓരോ കാലത്തായി തിരുസഭയിൽ നിന്നും നമ്മുടെ സഹോദരങ്ങൾ വേർപിരിഞ്ഞു പോയിട്ടുണ്ടു്. എങ്കിലും നമ്മുടെ വിശ്വാസത്തിൻെറ നല്ല ഒരു പങ്കു് അവരും വിശ്വസിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നുണ്ടു്. ക്രിസ്തുവിലുള്ള വിശ്വാസത്തിൻെറ പൂർണ്ണതയിലേക്കു് അവരും വന്നു് ഏക ഇടയനും ഏക തൊഴുത്തുമായിത്തീരണം. ഇതു കൂടാതെ മിശിഹായിലുള്ള രക്ഷയുടെ ദൗത്യം ഇതുവരെ കടന്നു ചെന്നിട്ടില്ലാത്ത ജനഹൃദയങ്ങളും ഭൂവിഭാഗങ്ങളുമുണ്ടു്. എങ്കിലും അവരും സ്വാഭാവികപ്രേരണയാൽ ദൈവത്തെ തങ്ങളുടെ സ്രഷ്ടാവും നാഥനുമായി ആരാധിക്കുന്നു. അവരേയും ക്രിസ്തുവിലേക്കു കൊണ്ടുവരേണ്ടതു് ഓരോ ക്രിസ്ത്യാനിയുടേയും ചുമതലയാണു്. അങ്ങനെ സകല ജനങ്ങളും ദൈവത്തിൻെറ ജനമായി സമാധാനത്തിൻേറയും ഐക്യത്തിൻേറയും മോഹനമണ്ഡലത്തിലെത്തണം. സകല സൃഷ്ടവസ്തുക്കളും അവയുടെ പൂർണ്ണതയോടുകൂടി മിശിഹായിക്കു അർപ്പിക്കപ്പെടണം. ഇതു സാധിക്കണമെങ്കിൽ, ക്രിസ്തീയവിശ്വാസം എല്ലാ മാനുഷികതലങ്ങളിലും സാംസ്കാരികമേഖലകളിലും ചെന്നു പാറണം. മഹത്തായ ഈ ലക്ഷ്യം സാധിക്കുവാൻ അത്മായർ വിശ്വാസചൈതന്യത്തോടു ഉണർന്നെഴുന്നേല്ക്കണം. അവർ ദൈവത്തിൻെറ ജനമാണു്. അതേ സമയം ലോകത്തിൻെറ കെട്ടുപിണഞ്ഞു കിടക്കുന്ന ജീവിതവുമായി ദൈനംദിനം സമ്പർക്കം പുലർത്തുന്നവരുമാണു്. തന്നിമിത്തം, അത്മായർക്കു മാത്രമേ ക്രിസ്തുനാഥൻെറ സന്ദേശം എല്ലാവർക്കും ശരിയായി എത്തിച്ചുകൊടുക്കാൻ സാധിക്കയുള്ളു.

'ദൈവത്തിൻെറ ജന'മാകുവാൻ ഭാഗ്യം ലഭിച്ചവരായ നാം പ്രാർത്ഥനകൊണ്ടും ജീവിതമാതൃകകൊണ്ടും പ്രവൃത്തികൾകൊണ്ടും 'ദൈവത്തിൻെറ ജന'മാകുവാൻ അനേകർക്കു മാർഗ്ഗദീപങ്ങളാകട്ടെ.

# "എനിക്കൊരു വിശുദ്ധയാകണം"

## "അൽഫോൺസാമ്മയേക്കാൾ കൂടുതൽ സഹിക്കണം"

(റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്)

സഭാചരിത്രത്തിൽ അവിസ്മരണീയനായ മാർ ഈവാനിയോസ് തിരുമേനിയിൽക്കൂടി കാരുണ്യവാനായ ദൈവം കേരളജനതയ്ക്കൊട്ടാകെ നല്കിയ മഹത്തായ ഒരനുഗ്രഹമാണ് പുനരൈക്യപ്രസ്ഥാനം. എക്കാലത്തും വിശുദ്ധരെ പുറപ്പെടുവിക്കാനുള്ള അപ്രതിരോദ്ധ്യമായ ആദ്ധ്യാത്മിക പ്രസരിപ്പോടുകൂടിയ ക്രിസ്തുവിന്റെ സത്യമണവാട്ടിയിൽ നിന്നും ചൈതന്യം പകരുന്ന പുനരൈക്യപ്രസ്ഥാനത്തിന് അകമഴിഞ്ഞ് അഭിമാനിക്കാൻ വക തന്നുകൊണ്ട് ഒരു കൊച്ചു ജീവിതം കടന്നുപോയി. വീരോചിതമായ ദൈവസ്നേഹത്തോടും സഹോദരസ്നേഹത്തോടുംകൂടി ദൈവത്തിന് സ്വയം സഹനബലിയായി അർപ്പിച്ച കേവലം പതിനേഴുകാരിയും, ഒരു വിശുദ്ധയാകുവാൻ അത്യധികം ആഗ്രഹിച്ചവളുമായ ആ പെൺകുട്ടി മരിച്ചിട്ട് ഒരു വർഷം തികയുന്നത് 1965 മെയ്മാസം 11-നുയാണ്.

തിരുവനന്തപുരം അതിരൂപതയിൽപെട്ട ചെങ്ങന്നൂർ താലൂക്കിൽ, കുട്ടമ്പേരൂർ ഇടവക, മാനാമ്പുറത്ത് വക്കിയുടെയും ശോശാമ്മയുടെയും ഇളയ മകളായി, മൂവാറ്റുപുഴ ആശുപത്രിയിൽവച്ച് 1947 ജനുവരി 15-ാംനു ജനിച്ച ലീലാമ്മയ്ക്ക് ജ്ഞാനസ്നാനത്തിൽ നല്കിയ കൊച്ചുത്രേസ്യാ എന്ന പേര് കേവലം യാദൃച്ഛികമായിരുന്നോ? അതോ ദിവ്യശില്പി അവളിൽ വരയ്ക്കാനിരുന്ന ആദ്ധ്യാത്മിക ചിത്രത്തിന്റെ ഒരു ഔട്ട്ലൈൻ ആയിരുന്നോ? വൈക്കം ചെമ്പുപള്ളിയിൽ വച്ച് ജ്യേഷ്ഠത്തി സിസ്റ്റർ ഫ്ളോറൻസിന്റെ സാന്നിദ്ധ്യത്തിൽ ആദ്യകുർബ്ബാന സ്വീകരിച്ച ലീലാമ്മ ഹൃദയനാഥനായ ഈശോയോട് "എന്റെ ഈശോയെ, എന്നെ ഒരു പുണ്യവതിയാക്കണേ" എന്ന് ആദ്യമായി ചെയ്ത അഭ്യർത്ഥന അവളെസംബന്ധിച്ചിടത്തോളം കേവലം അലങ്കാരവാക്കുകളായിരുന്നില്ല എന്നല്ലേ കരുതേണ്ടത്?

സഹനത്തിന്റെ ആ കുഞ്ഞാടിനെ നേരിട്ടു കാണുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചത് തികച്ചും അപ്രതീക്ഷിതമായ ഒരു സാഹചര്യത്തിലാണ്. 1964 ഏപ്രിൽ 27-ാംനു ലീലാമ്മയുടെ പിതാവ് ശ്രീ വക്കി ചെങ്ങന്നൂർ വന്ന്, അതിദയനീയമായി സഹിക്കുന്ന ലീലാമ്മയെ "അച്ചൻ വന്നൊന്ന് ആശ്വസിപ്പിക്കണം" എന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയുണ്ടായി. ലീലാമ്മയുടെ രോഗസ്ഥിതിയെപ്പറ്റി കൂടുതൽ ഗ്രഹിക്കാനിടയായത് അപ്പോൾ മാത്രമാണ്. മാർച്ചുമാസത്തിൽ സ്കൂൾഫൈനൽ പരീക്ഷയ്ക്ക് എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് അവളിൽ പതിയിരുന്ന മാരകമായ കാൻസർരോഗം അവളെ കടന്നാക്രമിച്ചത്. കാലിൽ ദുസ്സഹമായ വേദന അനുഭവപ്പെട്ട ലീലാമ്മയെ ആദ്യം വാഴക്കുളം മിഷൻ ആശുപത്രിയിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജാശുപത്രിയിലും പ്രവേശിപ്പിച്ചു. അവിടെവച്ച് വലതുകാൽ അരയ്ക്ക് താഴെവച്ചുതന്നെ ഛേദിച്ചുകളയേണ്ടതായി വന്നു. കാൻസർ തുടർന്ന് തലച്ചോറിലേക്കും ബാധിച്ചതിന്റെ ഫലമായി അവളുടെ ഇടത്തേകണ്ണ് വലിയ വീക്കംപോലെ പൊന്തിവരികയും അതിദാരുണമാം വിധം പൊട്ടി കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. അതുകൊണ്ടും തീർന്നില്ല, കാൻസർ നാവിനേയും കടന്നാക്രമിച്ചു. എന്തിന്? ആ പിഞ്ചുബാലികയുടെ അവയവങ്ങൾ ഓരോന്നോരോന്നായി നഷ്ടപ്പെടുകയായി. വേദനയുടെ ഒരു തീച്ചൂളയായി ആ ശരീരം മാറി. "ഇനിയും ചികിത്സിച്ചിട്ട് പ്രയോജനമില്ല, മരണം തീർച്ചയായിക്കഴിഞ്ഞു", എന്ന ഡോക്ടരുടെ വിധിയെ തുടർന്ന് ലീലാമ്മയുടെ സഹനബലിയുടെ അന്ത്യരംഗം കുട്ടമ്പേരൂരുള്ള സ്വഭവനമായിത്തീർന്നു.

"അച്ചൻവന്ന് ലീലാമ്മയെ ഒന്നാശ്വസിപ്പിക്കണം"—സ്നേഹമുള്ള ആ പിതാവിന്റെ വേദനാനിർഭരമായ അപേക്ഷ സസന്തോഷമാണ് ഞാൻ സ്വീകരിച്ചതെങ്കിലും, ആശ്വസിപ്പിക്കുക എന്ന ലക്ഷ്യപ്രാപ്തിയിൽ ഒട്ടും ശുഭാപ്തിവിശ്വാസക്കാരനല്ലായിരുന്നു ഞാൻ. 17-ാം വയസ്സിൽ പ്രവേശിച്ചിരിക്കുന്ന ഒരു

പെൺകുട്ടി! ദൈവം നല്കുന്ന സ്വാഭാവിക സൗന്ദര്യം കൊണ്ടുപോലും തൃപ്തിപ്പെടാഞ്ഞിട്ടെന്നവണ്ണം ക്രിത്രിമമാർഗ്ഗങ്ങളിലൂടെ സൗന്ദര്യം വർദ്ധിപ്പിച്ചു് ലോകരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ പെൺകുട്ടികൾ സാധാരണ വെമ്പൽകൊള്ളാറുള്ള ഈ പ്രായത്തിൽ, ഒരു കാൽ എന്നേക്കും ഛേദിക്കപ്പെട്ടവളായ, മുഖത്തെ വിരൂപമാക്കിക്കൊണ്ടു് ഒരു കണ്ണു് എന്നേക്കും നഷ്ടപ്പെട്ടവളായ, കാൻസർ വ്രണം നാവിനേയും കടന്നാക്രമിക്കുക മൂലം കഷ്ടിച്ചു മാത്രം സംസാരശക്തി ശേഷിച്ചിട്ടുള്ളവളായ ആ പെൺകുട്ടിയെ ആ സ്ഥിതിയിൽ സമാശ്വസിപ്പിക്കുവാൻ സ്വർഗ്ഗത്തിലെ ഒരു മാലാഖയ്ക്കുതന്നെ സാധിക്കുമോ എന്നു ഞാൻ സംശയിച്ചുപോയി. എങ്ങനെ ഈ കുഞ്ഞിനെ ഒന്നാശ്വസിപ്പിക്കും: ഈ ചിന്ത അനല്പമായ ഒരസ്വസ്ഥതതന്നെ എന്നിലുളവാക്കി. വീണ്ടും വീണ്ടും ഞാൻ ചിന്തിച്ചു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ, എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"—ദൃഢസ്വരത്തിൽ ആഹ്വാനം ചെയ്യുന്ന ദിവ്യകാരുണ്യനാഥനെക്കുറിച്ചു ഞാൻ ഓർത്തു. അതേ, വി. കുർബ്ബാനയുമായി ലീലാമ്മയുടെ അടുത്തേക്കു പോകുകതന്നെ. ദിവ്യനാഥനു് അസാദ്ധ്യമായതു് ഒന്നുമില്ലല്ലോ.

ചെങ്ങന്നൂർ നിന്നു് അഞ്ചുമൈൽ ദൂരമുള്ള ആ ഗ്രാമപ്രദേശത്തേക്കു് ക്രമമായി ബസ് സർവ്വീസ് ഇല്ലാത്തതിനാൽ ഒരു ടാക്സിയുടെ സഹായത്തോടെയാണു് ദിവ്യനാഥനുമായി ലീലാമ്മയുടെ സമീപമെത്തിയതു്. വേദന കടിച്ചിറക്കിക്കൊണ്ടു് കട്ടിലിൽ കിടക്കുന്ന ആ യാഗകുഞ്ഞാടിനെ നോക്കിക്കൊണ്ടു് അല്പനേരം നിർന്നിമേഷനായി ഞാൻ നിന്നുപോയി. കണ്ണുകൾ അടച്ചു് "ഹ് ഹാ" എന്ന ശബ്ദത്തോടെ ലീലാമ്മ അകത്തെ വേദന പുറത്തേക്കു് തള്ളിവിടുന്നതു് കേൾക്കാമായിരുന്നു. "മകളെ, നമ്മുടെ ചെങ്ങന്നൂരെ അച്ചൻ വന്നിരിക്കുന്നു", പിതാവു് അവളെ അറിയിക്കാൻ ശ്രമിച്ചു. "ലീലാമ്മേ" ഞാൻ അല്പം താണസ്വരത്തിൽ വിളിച്ചു. ആ കുഞ്ഞു് വേദനക്കിടയിൽ മുഖം എന്റെ നേരേ തിരിച്ചു് ശേഷിച്ച ഒരു കണ്ണുകൊണ്ടു് എന്റെ മുഖത്തേക്കു നോക്കി. നിറഞ്ഞ കണ്ണുകളോടുകൂടെ ഞാൻ അന്വേഷിച്ചു: "ലീലാമ്മേ, ഞാൻ നമ്മുടെ ദിവ്യഈശോയെ കൊണ്ടുവന്നിട്ടുണ്ടു്, കുഞ്ഞിനു് വി. കുർബ്ബാന സ്വീകരിക്കാൻ ആഗ്രഹമുണ്ടോ?......വേദനയുടെ കാർമേഘം പാടേ മാറിയിട്ടു് അലൗകികമായ ഒരു പുഞ്ചിരിയുടെ പൂനിലാവു് ആ മുഖത്തു് വെട്ടിത്തിളങ്ങിയതു് മിന്നൽവേഗത്തിലായിരുന്നു. വേദനയുടെ തീച്ചൂളയിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ആ മുഖത്തു് കാണപ്പെട്ട ഈ ഭാവഭേദം അടുത്തുനിന്നവരെ കോരിത്തരിപ്പിക്കുന്നതായിരുന്നു.. "ആഗ്രഹമുണ്ടു് ...വേണം..." പുഞ്ചിരിയാൽ വിടർന്ന അധരങ്ങളിലൂടെ കാൻസർ കാർന്നുതിന്നുതുടങ്ങിയിരുന്ന നാവുകൊണ്ടു് അസാധാരണ സ്ഫുടതയോടുകൂടിയാണവൾ അതു പറഞ്ഞതു്! ആശ്വാസദായകനായ ഈശോയെ ഭക്തിപാരവശ്യത്തോടെ സ്വീകരിച്ചശേഷം ലീലാമ്മ കണ്ണടച്ചു് ധ്യാനനിരതയായി ആനന്ദനിർവൃതിയടയുന്നതായി കാണപ്പെട്ടു. മുട്ടുകുത്തിനിന്നു് അവൾക്കുവേണ്ടി ഉപകാരസ്മരണ ജപം ഞാൻതന്നെയാണു് ചൊല്ലിയതു്.

ഏതാനും മിനിട്ടുകൾകൂടെ ധ്യാനനിരതയായി കഴിഞ്ഞശേഷം ലീലാമ്മ കണ്ണുതുറന്നു് എന്നെ നോക്കി അത്യന്തം ഹൃദ്യമായി പുഞ്ചിരിച്ചുകൊണ്ടു് ഇരുകരങ്ങളും എന്റെ നേരെ നീട്ടി. എന്റെ കൈപ്പത്തികളെ കരങ്ങളിൽ അടക്കി, അടങ്ങാത്ത ആനന്ദത്തോടും പ്രകാശം പരത്തുന്ന പുഞ്ചിരിയോടുംകൂടി പറയുകയാണു്. "അച്ചാ, ഞാൻ സ്വർഗ്ഗത്തിൽപോകും" "സ്വർഗ്ഗത്തിൽ പോകുന്നതിനു് എന്തുചെയ്യണമെന്നു് കുഞ്ഞിനു് അറിയാമോ?" ഞാൻ ചോദിച്ചു.' 'സഹിക്കണം'', സംശയലേശം കൂടാതെ ലീലാമ്മ മറുപടിപറഞ്ഞു. "ഈശോ ഈ സഹനങ്ങൾ തരുന്നതിൽ ലീലാമ്മയ്ക്കു സങ്കടമാണോ സന്തോഷമാണോ ഉള്ളതു്?" ഞാൻ വീണ്ടും ചോദിച്ചു. "എനിക്കു് സന്തോഷമാണു്" അവൾ പ്രതിവചിച്ചു. "ഇനിയും കൂടുതൽ കൂടുതൽ സഹനം ഈശോ തന്നാൽ കുഞ്ഞും സന്തോഷത്തോടെ സ്വീകരിക്കുമോ?" എന്നു ചോദിച്ചപ്പോൾ "എനിക്കു് ഇനിയും സഹിക്കണം, കൂടുതൽ സഹിക്കണം" എന്നായിരുന്നു ആർത്തിയോടുകൂടിയ അവളുടെ മറുപടി. ഈ സഹനമെല്ലാം ലീലാമ്മ എന്തു നിയോഗത്തിലാണു് സ്വീകരിക്കുന്നതു്?" അവളുടെ ആത്മബലിയുടെ മാററുരച്ചുനോക്കാനുദ്ദേശിച്ചുകൊണ്ടാണു് ഈ ചോദ്യം ഞാനുന്നയിച്ചതു്. "പാപികളുടെ മാനസാന്തരത്തിനുവേണ്ടിയാണു് ഞാൻ സഹിക്കുന്നതു്." "അതേ, കാൽവരിയിലെ ആ ദിവ്യ ചെമ്മരിയാട്ടിൻകുട്ടിയു

ടെ നിയോഗംതന്നെ" ഞാൻ സ്വഗതമായി പറഞ്ഞുപോയി. "ഈ സഹനവേളകളിൽ ഈശോ ലീലാമ്മയേ ആശ്വസിപ്പിക്കുന്നുണ്ടോ?" എന്ന ചോദ്യത്തിനു "ഉണ്ട്, ഈശോയും, മാതാവും, യൗസേപ്പപിതാവും എന്നെ ആശ്വസിപ്പിക്കുന്നുണ്ട്. ചിലപ്പോഴെല്ലാം ഈശോയേയും, മാതാവിനേയും, യൗസേപ്പപിതാവിനേയും ഞാൻ കാണുന്നുമുണ്ട്." എന്നവൾ മറുപടിപറഞ്ഞു. ഈ സമയത്തെല്ലാം അംഗവൈകല്യം സംഭവിച്ചുതെങ്കിലും പുഞ്ചിരിയാൽ വിടന്നിരുന്ന അവളുടെ മുഖത്ത് അലൗകികമായ ഒരു സൗന്ദര്യവും പ്രസന്നതയുമാണ് കളിയാടിയത്.

തുടന്ന് ലീലാമ്മ ചോദിച്ച ചില ചോദ്യങ്ങൾ ശ്രദ്ധേയങ്ങളാണ്. "അച്ചാ, കേരളത്തിൽ പുണ്യവതികളുണ്ടോ? അൽഫോൺസാമ്മ ഒരു പുണ്യവതിയാണോ?" മറുപടിക്കായി എൻെറ മുഖത്തേക്കുതന്നെ അവൾ നോക്കിക്കൊണ്ടിരുന്നു. "അൽഫോൺസാമ്മ ദൈവസ്നേഹത്തെപ്രതി വളരെയേറെ സഹിക്കുകയും പുണ്യാത്മാക്കളെപ്പോലെ വീരോചിതമായ സുകൃതങ്ങൾ അഭ്യസിച്ചു മരിക്കുകയും ചെയ്തതുകൊണ്ട് അൽഫോൺസാമ്മയെ ഒരു പുണ്യവതിയേപ്പോലെ എല്ലാവരും ബഹുമാനിക്കുന്നുണ്ട് ലീലാമ്മേ" എന്നു ഞാൻ പറഞ്ഞപ്പോൾ വിശുദ്ധിക്കുവേണ്ടിയുള്ള ദൃഢനിശ്ചയത്തോടുകൂടിയ അവളുടെ പോരാട്ടവും മത്സരവും പ്രകടമാക്കുന്നവിധത്തിൽ ലീലാമ്മ പറയുകയാണ്: "എനിക്ക് ഒരു പുണ്യവതിയാകണം, അൽഫോൺസാമ്മയേക്കാൾ കൂടുതൽ സഹിക്കണം."

ഇത്രയും നേരം എന്നോടായി സംസാരിച്ചുകൊണ്ടിരുന്ന ലീലാമ്മ പെട്ടന്ന് അടുത്തുനിന്നിരുന്ന സ്വപിതാവിൻെറ കഴുത്തിൽ കൈകൾ കോത്ത് മുഖത്തോടടുപ്പിച്ചുകൊണ്ട് "അച്ചായനേയും അമ്മച്ചിയേയും ഞാൻ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകും" എന്നു പറഞ്ഞപ്പോൾ ആ വാത്സലപിതാവിൻെറ നയനങ്ങളിൽ അശ്രുകണങ്ങൾ നിറഞ്ഞുനില്ക്കുന്നതായി കാണാമായിരുന്നു. "അച്ചനുവേണ്ടി മകൾ പ്രാർത്ഥിക്കുമോ?" ശ്രീ വക്കി മകളോടു ചോദിച്ചു. "ഞാനച്ചനുവേണ്ടി പ്രാർത്ഥിക്കും" ലീലാമ്മ പറഞ്ഞു. "എന്താണ് മകൾ അച്ചനുവേണ്ടി പ്രാർത്ഥിക്കുന്നത്" എന്ന ചോദ്യത്തിന് "എന്നും നല്ലവണ്ണം വി. കുർബ്ബാന ചൊല്ലാനുള്ള ശക്തി അച്ചനു ലഭിക്കുന്നതിനുവേണ്ടി" എന്നായിരുന്നു അവളുടെ മറുപടി. ഇത്രയും പറഞ്ഞിട്ട് ലീലാമ്മ വേദനകൊണ്ട് പുളയുന്നതായി കണ്ടിട്ട് വേദനാശമനത്തിനുള്ള മരുന്നു പിതാവു കൊടുത്തത് അവൾ ശാന്തമായി കുടിച്ചു, "വേദന സഹിച്ച ഈശോയിക്ക് കാഴ്ചവയ്ക്കുവാൻ ബ. അച്ചന്മാരും സിസ്റ്റേഴ്സും പറഞ്ഞിട്ടുണ്ട്, ഞാൻ ഒന്നു നോക്കട്ടെ" എന്നു പറഞ്ഞ് ഇതിനുമുമ്പു രണ്ടുപ്രാവശ്യം ദുസ്സഹമായ വേദനാവസരങ്ങളിൽ കൊടുത്തിട്ടുള്ള ഗുളിക സേവിക്കാതെ ഉറങ്ങിയിട്ടുള്ളതായി ഈ സന്ദർഭത്തിൽ ശ്രീ വക്കി അനുസ്മരിപ്പിക്കുകയുണ്ടായി. കാൻസർ കാന്നുതിന്നുകൊണ്ടിരുന്ന അസ്ഥികളിൽനിന്നും മാംസത്തിൽനിന്നും വമിച്ചുകൊണ്ടിരുന്ന നീററലും പുകച്ചിലും സഹിക്കവയ്യാതെ ഞെളിപിരിക്കൊള്ളാൻ തുടങ്ങിയ ലീലമ്മയെ കിടന്നിരുന്ന കയററുകട്ടിലിൽനിന്നു മാതാപിതാക്കന്മാർ കോരിയെടുത്ത് തണുപ്പുള്ള നഗ്നമായ ഒരു ചൂരക്കട്ടിലിൽ കിടത്തി.

പെട്ടന്ന് ലീലാമ്മയുടെ ശ്രദ്ധ ഉപചാരമര്യാദകളിലേക്ക് തിരിഞ്ഞു. "അച്ചനു കാപ്പികൊടുത്തേ വിടാവു...ചോക്കുലററും കൊടുക്കണം". അവളുടെ അഭീഷ്ടം ഉടനടി നിർവഹിക്കപ്പെട്ടു. ലീലാമ്മയോട് യാത്രപറഞ്ഞു പിരിയുന്നത് കൈവന്ന അസുലഭമായ ഒരാധ്യാത്മികാനന്ദത്തോട് യാത്ര പറയുന്നതുപോലെ എനിക്കു തോന്നി. എൻെറ പൗരോഹിത്യജീവിതത്തിൻെറ ഇക്കഴിഞ്ഞ 10 വർഷത്തിനിടക്ക് വിദേശങ്ങളിലും നാട്ടിലുമായി അനേകം രോഗികളേയും മരണാസന്നരേയും ഞാൻ സന്ദർശിച്ചിട്ടുണ്ട്. ഹൃദയഭാരം ഏറെക്കുറെ വർദ്ധിക്കുന്ന അനുഭവമാണ് അപ്പോഴൊക്കെയും ഉണ്ടായിട്ടുള്ളത്. എന്നാൽ സഹനാഗ്നിയിൽ നീറിയിരുന്ന ലീലാമ്മയുടെ അടുത്തുനിന്നും പോന്നത് അവാച്യമായ ഒരു സ്വർഗ്ഗീയാനുഭൂതിയോടും ആനന്ദപാരവശ്യത്തോടും കൂടിയായിരുന്നു. ഈ ആനന്ദത്തിൽ ഭാഗഭാക്കുകളാകുന്നതിനാണ് അഞ്ചുമൈലിനപ്പുറം കിടന്നു സഹിക്കുന്ന ലീലാമ്മയുടെ അടുത്തേക്ക് ഒന്നിലധികം പ്രാവശ്യം ചെങ്ങന്നൂരെ എൻെറ ലീജിയനംഗങ്ങളെ ഞാൻ അയച്ചിട്ടുള്ളത്. അൻപതു ദിവസമായി ആഹാരംപോലും കഴിക്കാതെ കിടക്കുന്ന ലീലാമ്മയുടെ സമീപം രാപ്പകൽ വിശ്രമരഹിതരായി ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ആ മാതാപിതാക്കന്മാരുടെ സൗഭാഗ്യത്തിൽ ഏതാണ്ട് അസൂയതോന്നിയിട്ടെ

ന്നപോലെ ഞാൻ പറയുകയുണ്ടായി: "ഇങ്ങനെ ഒരു നിധിയെ ശുശ്രൂഷിക്കാനുള്ള ഭാഗ്യം ലഭിച്ചതിൽ നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു".

ലീലാമ്മ സ്വന്തം കുടുംബത്തിന്റേതെന്നതിനേക്കാൾ സഭയുടേതായിരുന്നു എന്നു വാക്കിലും പ്രവൃത്തിയിലും അവൾ തെളിയിച്ചിട്ടുണ്ട്. ആശുപത്രിയിൽ നിന്നും നേരേ വീട്ടിൽ പോകാനല്ല ആ കുഞ്ഞ് ആഗ്രഹിച്ചത്. എറണാകുളം അരമനയിൽ കയറി പാറേക്കാട്ടിൽ തിരുമേനിയെ കാണണം; പിന്നീട് കോതമംഗലത്തുചെന്ന് പോത്തനാംമൂഴി തിരുമേനിയേയും കാണണം! തിരുമേനിമാരിൽ നിന്നും ആശീർവ്വാദവും സ്വർഗ്ഗനീറും—അവ വീട്ടിൽ പൂജ്യമായി ലീലാമ്മ സൂക്ഷിച്ചിട്ടുണ്ട്—വാങ്ങിക്കഴിഞ്ഞിട്ട്, ഭരണങ്ങാനത്തുപോയി അൽഫോൺസാമ്മയുടെ ശവകുടീരത്തിൽ പ്രാർത്ഥിക്കണം. ഓരോന്നോരോന്നോരോന്നായിട്ടാണ് ലീലാമ്മ തന്റെ ജീവിതത്തിലെ ഈ അത്യാഭിലാഷങ്ങൾ നിറവേറ്റിയത്. കാലിൽ വച്ച് അധികം വേദന അനുഭവപ്പെടാതിരുന്നത് അൽഫോൺസാമ്മയുടെ സഹായത്താലാണെന്നാണ് അവൾ അവകാശപ്പെട്ടത്.

"ലീലാമ്മയെ കാണാതെ പോയിരുന്നെങ്കിൽ അതൊരു വലിയ നഷ്ടമായിരുന്നേനെ"—സഹനത്തിലൂടെ സ്വർഗ്ഗീയാനന്ദം അനുഭവിക്കുകയും അനുഭവിപ്പിക്കുകയും ചെയ്യുന്ന ലീലാമ്മയെ, മരണത്തിന് കഷ്ടിച്ച് ഏഴുദിവസം മുമ്പ് റവ. ഫാ. തോമസ് ചിറയിലുള്ളൊത്ത കുടുംബത്തുരത്തി സന്ദർശിച്ച തിരുവനന്തപുരം മെത്രാപ്പോലീത്താ ഗ്രീഗോറിയോസ് തിരുമേനി സന്ദർശനം കഴിഞ്ഞിറങ്ങിയപ്പോൾ പറഞ്ഞതാണ് ഈ വാക്കുകൾ. "പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി മകൾ പ്രാർത്ഥിക്കണേ" എന്ന് തിരുമേനി തദവസരത്തിൽ ലീലാമ്മയെ ഉണർത്തിച്ചത് സാധാരണയിൽ കവിഞ്ഞ പ്രത്യാശയോട്ടും ഗൗരവത്തോടുംകൂടിയായിരുന്നു എന്ന് പിന്നീട് തിരുമേനി ശ്രീ വർക്കിക്കയച്ച കത്തിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. "എനിക്കൊരു കൊച്ചുത്രേസ്യയാകണം, സ്വർഗ്ഗത്തിൽ പോകണം, അവിടെ ചെന്നു ഞാൻ പ്രാർത്ഥിക്കാം" എന്നും മറ്റുമാണ് ആ മാടപ്രാവ് തിരുമേനിയോട് പറഞ്ഞത്.

സഹിക്കുന്ന ലീലാമ്മ ഒരു ഫലിതപ്രിയക്കുട്ടിയായിരുന്നു: തന്റെ കിടക്കയുടെ സമീപമിരിക്കുന്ന തൂങ്ങപ്പെട്ട ക്രൂശിതരൂപത്തിന്റെ ഒരു കൈ മുറിഞ്ഞുപോയിരിക്കുന്നതുകണ്ട്, പുഞ്ചിരിച്ചുകൊണ്ട് "എന്റെ ഈശോയെ, അങ്ങേക്ക് ഒരു കയ്യില്ല, ലീലാമ്മയ്ക്ക് ഒരു കാലുമില്ല!" എന്നവൾ തമാശായി പറയുമായിരുന്നു. തന്റെ വിലതീരാത്ത അവയവങ്ങൾ ഒന്നൊന്നായി നഷ്ടപ്പെടുന്നത് കണ്ടിട്ട് അവൾ ഈശോയോട് ചോദിക്കുമായിരുന്നു "ഈശോയേ, അങ്ങേക്കെന്നെ മുഴുവനായി വേണ്ടയോ? കുറച്ചെയായി മാത്രം മതിയോ?"......"അച്ചായനെ ഞാൻ ആദ്യം സ്വർഗ്ഗത്തിൽ കൊണ്ടുപോകും, പിന്നെ മാത്രമേ അമ്മച്ചിയെ കൊണ്ടുപോകയുള്ളു" എന്നു പറഞ്ഞ് അപ്പനോടൊരു പ്രത്യേക സ്നേഹം ലീലാമ്മ പ്രകടിപ്പി

**For favours received**



**Inserted by**

Mariamma Thomas
Kallimala, Kekozhoor.

ക്കുന്നതുകണ്ട അമ്മ ഒരിക്കൽ മകളോട് അല്പം പരിഭവംനടിച്ചു. അതിനവൾ അമ്മയെ സാന്ത്വനപ്പെടുത്തിയതിങ്ങനെയാണ്: "അമ്മച്ചിയേയും ഞാൻ കൊണ്ടുപോകാം, പക്ഷേ എന്റെ ഈ രോഗകാലത്തെല്ലാം സാമ്പത്തികമായും മറ്റും കൂടുതൽ കഷ്ടപ്പെട്ടത് അച്ചായനല്ലിയോ? അതുകൊണ്ടാ അച്ചായനെ ഞാ

നാദ്യം സ്വർഗ്ഗത്തിൽ കൊണ്ടുപോകുന്നതു്''; എന്നിട്ടു് അച്ചായനെ അടുത്തുവിളിച്ചു ചെവിയിൽ മന്ത്രിക്കുകയാണു്: "അച്ചായൻ ഇനിം പാപമൊന്നും ചെയ്യാതെ സൂക്ഷിക്കണേ''

വാഴക്കുളം ആശുപത്രിയിൽ രോഗശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ബ. സിസ്റ്റേഴ്സിനു ലീലാമ്മയുടെ പ്രാർത്ഥനയിൽ നല്ല വിശ്വാസമായിരുന്നു. വിഷമകരമായ ഒപ്പറേഷൻ, അപകടകരമായ പ്രസവം, ഇവയെ നേരിടുന്നതിനു മുമ്പു് അതിനുവേണ്ടി പ്രാർത്ഥിക്കാനവർ ലീലാമ്മയോടാവശ്യപ്പെട്ടിരുന്നതായും പ്രാർത്ഥന സഫലമായി എന്നവർ അറിയിക്കുമ്പോൾ ലീലാമ്മ സന്തോഷത്താൽ പുഞ്ചിരിച്ചിരുന്നതായും ബ. സിസ്റ്റേഴ്സ് അനുസ്മരിക്കുന്നുണ്ടു്. പ്രാർത്ഥനയിലൂടെ സ്വയം സഹിക്കുന്നതിനുള്ള ശക്തിയും അവൾ പ്രാപിച്ചിരുന്നു. രോഗിയായി എട്ടുമാസം കിടന്നശേഷമാണു് 1964 മേയ്മാസം 11-ാംനു കുട്ടമ്പേരൂരുള്ള സ്വഭവനത്തിൽ, പുലിയൂർ ഇടവകയിലെ ലീജിയനംഗങ്ങൾ പ്രാർത്ഥിച്ചു് സ്ഥലം വിട്ടു അധികം താമസിയാതെ ലീലാമ്മ ലോകത്തോടു് അന്ത്യയാത്ര പറഞ്ഞതു്.

അടുത്തദിവസം കുട്ടമ്പേരൂർ ഇടവകയുടെ ചാർജ്ജ് വഹിക്കുന്ന റവ. ഫാ. തോമസ് ചിറയത്തിന്റേയും ഈ ലേഖകന്റേയും കാർമ്മികത്വത്തിൽ അടുത്തുള്ള ഇലഞ്ഞിമേൽ സെന്റ് ജോൺസ് കത്തോലിക്കാപള്ളി സിമിത്തേരിയിൽ തയാർചെയ്ത കല്ലറയിൽ ദീർഘകാല സഹനത്തിന്റെ ഉപകരണമായിരുന്ന ആ ശരീരം സംസ്കരിക്കപ്പെട്ടു.

'ഈ ലോകത്തിന്റെ ജ്ഞാനികളിൽനിന്നും വിവേകികളിൽനിന്നും മറഞ്ഞിരിക്കുന്ന, വിശുദ്ധരുടെ വിജ്ഞാനത്തിലേക്കു് ദൈവത്താൽ നടത്തപ്പെട്ട, ഒരു ബാലികയുടെ ശവസംസ്കാരകർമ്മത്തിൽ പങ്കുകൊള്ളുന്ന ഈ ദിവസം നമുക്കെല്ലാവർക്കും, പ്രത്യേകിച്ചു് ലീലാമ്മയുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും സങ്കടത്തിന്റേതെന്നതിനേക്കാൾ സന്തോഷത്തിന്റെ ദിവസമാണു്......ലീലാമ്മയ്ക്കുവേണ്ടി എന്നതിനേക്കാൾ നമുക്കുവേണ്ടി ലീലാമ്മയോടു പ്രാർത്ഥിക്കാം...'' എന്ന ആത്മാർത്ഥമായ ആഹ്വാനത്തോടുകൂടെയാണു് ലീലാമ്മയുടെ ചരമപ്രസംഗം ഞാനുപസംഹരിച്ചതു്.

**For favours received. Inserted by**





Mathew Kayyalakal,
Vadakupuram.

പാപ്പച്ചൻ,
കിഴക്കേവീട്ടിൽ പടിഞ്ഞാററതിൽ,
കിഴക്കേത്തെരുവു്.

K. M. Thomas,
Chengannoor.

# ധ്യാനചിന്തകൾ

(വി. സി. ഗീവറഗീസ് കോറെപ്പിസ്കോപ്പാ)

നമ്മുടെ ശക്തി വികസിക്കുന്നതിന് അത്യന്താപേക്ഷിതമായ അത്ഭുത കാര്യം ആത്മവിശ്വാസമാണ്. മനുഷ്യൻെറ കഴിവുകൾ പരിമിതമല്ലേ എന്ന് നിങ്ങൾ ചോദിച്ചേക്കും. അതു ശരിതന്നെ. എന്നാൽ, ദൈവത്തിൻെറ കഴിവുകൾ മനുഷ്യൻെറ കഴിവുകളാക്കുവാൻ കഴിയും—നമ്മെ ശക്തരാക്കുന്ന സർവ്വശക്തൻെറ അപാരശക്തിയിൽ നാം ഏകാഗ്രതയോടെ ധ്യാനിച്ച് വളരെ കാലങ്ങൾ ഇരുന്നുനോക്കുക. ലഭിക്കുന്ന ശക്തികളെ പാപം വഴിയായി പുറത്തേക്കു കളയാതെ സംഭരിക്കുക. നാം സകലത്തിനും പ്രാപ്തരാണെന്ന വിശ്വാസം നമ്മിൽ അപ്പോൾ വളരും. സെൻറ് പോളിന് ആ വിശ്വാസം ഉണ്ടായിരുന്നു ഫിലിപ്പിയർ 4: 13. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും പ്രാപ്തനാകുന്നു". ചിന്തിക്കുക-മനനം ചെയ്യുക-ഏകാഗ്രതയിലിരുന്നു് ദൈവത്തെ സാക്ഷാൽക്കരിക്കുക അപ്പോൾ കാണാം നാം 'ദൈവങ്ങളായി' മാറിത്തുടങ്ങുന്നതു് എന്തുകൊണ്ടാണ്? നമ്മെ (ആത്മാവിനെ) ദൈവം തൻെറ സ്വന്തം ഛായയിലും സ്വരൂപത്തിലും സൃഷ്ടിച്ചു നമ്മുടെ സത്ത ദൈവത്തിൻെറ നിരന്തരമായ ശ്വസനത്തിൽ നിലനിൽക്കുന്നു. നാം ഭൂമിയിലെ വെറും കട്ടമണ്ണല്ല. മണ്ണാണെന്നുള്ളതു് അർദ്ധസത്യം മാത്രമാണ്. പഞ്ചഭൂതങ്ങളുടെ സംഘാതമാണ് ശരീരം. എന്നാൽ നാം യഥാർത്ഥത്തിൽ ശരീരമാണോ? അതിനേക്കാൾ ആഴമേറിയ ഒരു തത്ത്വം ദർശിക്കണം. ദൈവത്തെ ധ്വനിപ്പിക്കുന്ന ഒരാത്മാവ്. ആത്മാവ്തന്നെയത്രെ നാമോരോരുത്തരും ഈ ശരീരം അഴിഞ്ഞാലും ആകാശവും ഭൂമിയും കടന്നുപോയാലും നിത്യമായി നിലനിൽക്കുന്ന ഒന്നാണ് ആത്മാവ്. ദൈവത്തെ ധ്വനിപ്പിക്കുന്ന അപാരശക്തിയുള്ളതാണ് അതു്. ആ ശക്തി നാം അറിയുന്നില്ല. ശക്തിയെ ഉണർത്തിയിട്ടുമില്ല. ധ്യാനത്താൽ ഉണർത്തുക. പ്രകാശവും, ഇതരവസ്തുക്കളും, ദൈവം ഉണ്ടാക്കിയപ്പോൾ അവ "ഉണ്ടാകട്ടെ" എന്നു ദൈവം പറഞ്ഞു. "മനുഷ്യനെ നമുക്കുണ്ടാക്കാം" എന്നു പറഞ്ഞു. ആ നരനാക്കുക നമ്മുടെ മനസ്സ് അന്ധകാരപ്പെട്ടിരിക്കുന്നതിനാൽ നാം നമ്മുടെ ദിവ്യത്വം കാണുന്നില്ല. നാം നമ്മെ അറിയുമ്പോൾ ആദ്യന്തവിഹീനനായ ദൈവത്തെയും അറിയും. ലോകം മുഴുവനേക്കാൾ വിലപിടിച്ചതും ശക്തിയേറിയതും ആണ് നമ്മുടെ ആത്മാവ്. ക്രിസ്തു പറഞ്ഞിട്ടുണ്ട്: "ലോകം മുഴുവനും നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു ഫലം?"

ആത്മവിശ്വാസം ഇല്ലെങ്കിൽ ജീവിതം തോററതുതന്നെ. സംശയങ്ങളും ഭയങ്ങളും നിറഞ്ഞിരിക്കുന്ന മനസ്സ് കാന്തശക്തിയുള്ളതായിത്തീരുകയില്ല. വിശ്വാസം ശക്തിയാണ്. അവിശ്വാസം ബലഹീനതയാണ്. ജീവിതം അർത്ഥരഹിതമാണെന്നു് വിചാരിക്കുന്ന മനുഷ്യനു് ശക്തി വർദ്ധിക്കുകയില്ല. മനുഷ്യൻ ബുദ്ധിയുള്ള മൃഗം എന്നുമാത്രം കരുതുന്ന മനുഷ്യൻ മൃഗമായിത്തന്നെ ജീവിച്ചു് അവസാനിക്കും. മനുഷ്യൻ മൃഗമല്ല. ബുദ്ധിയും മനസ്സും ദിവ്യത്വവും കൂട്ടിയിണക്കിയിരിക്കുന്ന ഒരു മഹൽസൃഷ്ടിയാണ്. എല്ലാം നാശോന്മുഖമായേ പരിണമിക്കുകയുള്ളൂ, എന്നു വിചാരിക്കുന്നവനു പുരോഗമനമില്ല. അങ്ങനെ ചിന്തിക്കുന്നവർ നന്മയെ ആകർഷിക്കുന്നതിനുപകരം അകററുന്നു. ആത്മവിശ്വാസം നശിച്ചാൽ ഉയർച്ചയും നശിച്ചു.

ലോകത്തിൽ തീക്ഷ്ണതയോടെ ജീവിക്കുന്നവർ ആത്മവിശ്വാസമുള്ളവരാണ്. ആത്മവിശ്വാസം കെട്ടാൽ തമോഗുണത്തിൽ ആണ്ടു് അലസരായി, അജ്ഞരായി, മൂഢരായി തങ്ങൾക്കും മററുള്ളവർക്കും ഉപദ്രവകാരികളായിത്തീരും.

നമുക്കു ഒരു പറുദീസാ നഷ്ടപ്പെട്ടു. പ്രയത്നത്താൽ പുതിയൊരു പറുദീസാ നേടിയെടുക്കാം. ഈ വിശ്വാസത്തിൽ ജോലിചെയ്യണം. പ്രത്യാശ നശിച്ചാൽ പ്രവർത്തിപ്പാനുള്ള ശക്തിയും നശിക്കുന്നു. സംശയക്കാർ പ്രവർത്തനാശക്തിയില്ലാത്തവരാകും. സംശയങ്ങളും നിരാശകളും ഒന്നിനുപുറകേ ഒന്നാ

# മരിയസൈന്യത്തിലെ ഒരുത്തമപടയാളി

പത്തനംതിട്ട സെൻറു പീറേഴ്സ് കത്തോലിക്കാ ഇടവകയിലെ ഒരു സജീവ അത്മായപ്രേഷിതനും, പത്തനംതിട്ട ക്യൂരിയാ പ്രസിഡണ്ടും, റവ. ഫാ ജറോം O. I. C., റവ. ബ്ര ഫെർഡിനാൻഡ് C.M.S.F എന്നിവരുടെ പിതാവുമായ പീടികപ്പറമ്പിൽ ബ്ര. പി. ജി. തോമസ് 1965 ഏപ്രിൽ മാസം 11-ാംനു ഓശാന ഞായറാഴ്ച രാവിലെ 11 മണിക്ക് സുബോധത്തോടെ ദിവ്യകാരുണ്യം സ്വീകരിച്ച് കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.

ശവസംസ്കാരം 12-4-65 തിങ്കളാഴ്ചരാവിലെ തിരുവല്ലാരൂപതയുടെമെത്രാൻ സഖറിയാസ് മാർഅത്തനാദേസ്യാസ് തിരുമനസ്സിലെപ്രധാന കാർമ്മികത്വത്തിൽ, തിരുവനന്തപുരം, തിരുവല്ലാരൂപതകളിലെ വികാരിജനറൽമാരുടേയും അനേകം വൈദികരുടേയും കന്യാസ്ത്രീകളുടേയും വിവിധജാതിമതസ്ഥരായ ധാരാളം ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ പത്തനംതിട്ട പള്ളിസിമിത്തേരിയിൽ നടത്തപ്പെട്ടു.

കത്തോലിക്കാതിരുസഭയെ ആശ്ലേഷിക്കുന്നതിനു ഭാഗ്യം ലഭിച്ച പത്തനംതിട്ടയിലെ പ്രഥമകത്തോലിക്കനായിരുന്നു ഇദ്ദേഹം. കൊല്ലം രൂപതയിൽ ചാത്തംമൂട്ടപള്ളി കേന്ദ്രമാക്കി എ പെ. ബ. ലോറൻസ് പെരേരാ എന്ന കർമ്മോൽസുകനായ വൈദികൻ മദ്ധ്യതിരുവിതാംകൂറിൽ മിഷ്യൻപ്രവർത്തനമാരംഭിച്ച ഘട്ടത്തിൽ 1101 കന്നി 2-ാം തീയതി തിരുസഭയിൽചേരുന്നതിനു് ഇദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. ഇദ്ദേഹം ദാനംചെയ്ത അഞ്ചുസെൻറു സ്ഥലത്തു് സ്ഥാപിച്ച കപ്പേള

---

യി അടിഞ്ഞു കൂടുമ്പോൾ ഗ്രഹിക്കണം: മനസ്സിൻെറ കാന്തശക്തി കുറഞ്ഞുപോയി എന്നു്.

നെപ്പോളിയൻെറ നായകത്വം ആത്മവിശ്വാസംകൊണ്ടുണ്ടായതാണ്. ആത്മവിശ്വാസം നശിച്ചാൽ നായകത്വം നശിച്ചു. സമുദായോദ്ധാരകന്മാരും, വലിയ ഗവേഷകന്മാരും, ആത്മവിശ്വാസംകൊണ്ടാണ് ആ സ്ഥാനങ്ങളിലെത്തിയതു്.

നമ്മിലുള്ള ദൈവശക്തിയിലാണ് ഈ ആത്മവിശ്വാസം ഉറപ്പിച്ചു നിറുത്തേണ്ടതു്. ശക്തിപരിശീലനം ഒരു മാജിക്ക് അല്ല. ഒരു മന:ശാസ്ത്രകലയാണു്-നിരന്തരമായ അഭ്യാസംകൊണ്ടും പ്രയത്നംകൊണ്ടും മാത്രമേ അതുണ്ടാകുകയുള്ളൂ. അതിനുള്ള വിലകൊടുക്കുവാൻ മനസ്സില്ലെങ്കിൽ തമോഗുണത്തിൽ അടിഞ്ഞുമന്ദ തന്നത്താൻ ശപിച്ചുകൊൾക. ഓരോ വ്യക്തിയിലും അവൻെറ അന്തർഭാഗത്തു് മൂടിക്കിടക്കുന്ന ഒരു ശക്തിയുണ്ടു്. വലിയൊരു ഡയനാമയാണ് അതു് അതിനെ ഉണർത്തണം. അതിനാണു് ധ്യാനിക്കേണ്ടതു്. മജീഷ്യൻെറ മന്ത്രവടികൊണ്ടെന്നപോലെ പെട്ടെന്നു് ഒരു മൂഢൻ സർവ്വജ്ഞപീഠം കയറുകയില്ല. ഒറ്റ രാത്രികൊണ്ടു് ഒരുവനും മഹാനാകുകയില്ല എന്നാൽ നിശ്ചയമായും ഓരോരുത്തനും മഹാനാകാം. അതിനുള്ള വിലകൊടുക്കണം. മടിയനു് ഒന്നും നേടുവാൻ സാദ്ധ്യമല്ല അവൻ എറുമ്പിനെ കണ്ടുപഠിക്കട്ടെ ആത്മവിശ്വാസമില്ലത്തവൻ അന്ധകാരത്തിൽ തപ്പിത്തടയേണ്ടതായിവരും വിജയത്തിൻെറ രഹസ്യം നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നദൈവശക്തിയിലാണു്. അതു നിങ്ങൾ മൂടിയിട്ടിരിക്കുകയാണു്. നന്മകൾ എത്രയും നിങ്ങൾക്കാകർഷിക്കാം വഴിപോലെ പ്രയത്നിക്കുക.

ഇതുവരെ മുഖവുരയായി ആറു കാര്യങ്ങൾ പറഞ്ഞു എവ?

"MECTOS"

1 M. Magnet-മനസ്സിൻെറ കാന്തശക്തി
2 E. Excellence—ഏററവും വിശിഷ്ടം
3 C. Concentration—ഏകാഗ്രത
4 T. Time—സമയം
5 O. Opportunities—സാഹചര്യം
6 S. Self-Confidence—ആത്മവിശ്വാസം.

യാണ് പത്തനംതിട്ടയിലെ പ്രഥമ കത്തോലിക്കാ മിഷ്യൻ സ്ഥാപനം.

കൊല്ലം, ചങ്ങനാശേരി രൂപതകളിൽനിന്നും മധ്യതിരുവിതാംകൂറിൽ പ്രവർത്തനം നടത്തിയിരുന്ന ആ കാലത്തു ഇദ്ദേഹം അവരുടെ പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. 1114ാമാണ്ട് പത്തനംതിട്ടയിൽ ഒരു കത്തോലിക്കാ ഇടവക രൂപീകരിച്ചപ്പോൾ മുതൽ ഇദ്ദേഹം ഒരു സൺഡേസ്കൂൾ അദ്ധ്യാപകനായും, എക്കാലവും ഇടവക ഭരണസമിതിയംഗമായും, പലപ്പോഴും ഇടവകട്രസ്റ്റിയായും, എല്ലാവികാരിമാർക്കും സഹായിയായും നിസ്വാർത്ഥ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്ക് ഇദ്ദേഹം വിലയേറിയ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. പുറമേയുള്ളവരെ സഭയിലേയ്ക്കു് ആനയിക്കുന്നതിനും, പുനരൈക്യപ്പെട്ടവരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഉദ്യോഗത്തിൽനിന്നും വിരമിച്ചതിൽ പിന്നെ മുഴുവൻ സമയവും കത്തോലിക്കാപ്രവർത്തനത്തിൽ വ്യാപൃതനായും, അനുദിനദിവ്യകാരുണ്യസ്വീകരണത്തിൽ ശ്രദ്ധിച്ചും, പരിശുദ്ധ മാതാവിനോടുള്ള പ്രത്യേകഭക്തിയിലും ജീവിച്ചുപോന്നു.

പത്തനംതിട്ടയിൽ മരിയസൈന്യം സ്ഥാപിതമായതുമുതൽ അതിൽ ചേർന്നു സജീവപ്രവർത്തനം അനുഷ്ഠിച്ചുപോന്നു. 1953 മുതൽ ആറുവർഷം ക്യൂരിയാ വൈസ് പ്രസിഡണ്ടായും, തുടർന്നുള്ളകാലം പ്രസിഡണ്ടായും, സേവനമനുഷ്ഠിച്ചു. ചുററുപാടുമുള്ള പല സ്ഥലങ്ങളിലും ലീജിയൻ പ്രചരണത്തിനു് ഇദ്ദേഹം വളരെ പരിശ്രമിച്ചിട്ടുണ്ട്. മരിക്കുന്നതിൻെറ തലേദിവസം വൈകിട്ട ക്യൂരിയാ സിക്രട്ടറിയെവിളിച്ചു് അടുത്തിരുത്തി അടുത്ത ക്യൂരിയാ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്ന കാര്യത്തെപ്പററിയും മററും സംസാരിച്ചതിൽനിന്നും അവസാനംവരെ നിലനിന്ന ഒരുത്തമസൈനികനായിരുന്നു അദ്ദേഹമെന്നു മനസ്സിലാക്കാം.

ഉദ്യോഗകാലം മുഴുവൻ പത്തനംതിട്ട മുസ്ലീംസ്കൂളിൽ ഒരു മാതൃകാദ്ധ്യാപകനായി സേവനമനുഷ്ഠിച്ചുകൊണ്ട് ആ പ്രദേശത്തുള്ള നാനാജാതിമതസ്ഥരുടേയും, വിശിഷ്യ മുസ്ലീമങ്ങളുടേയും സ്നേഹാദരങ്ങൾക്കു പാത്രമായിത്തീർന്ന ഒരു ദേശസ്നേഹിയായിരുന്നു ഇദ്ദേഹം.

മാതൃകായോഗ്യമായ ഒരു കത്തോലിക്കാ കുടുംബം വളർത്തിയെടുക്കുന്നതിനു് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രണ്ടാമത്തെ മകനാണ് റവ. ഫാ. ജറോം O. I. C; റവ. ബ്ര. ഫെർഡിനൻറ് C. M. S. F. നാലാമത്തെ മകനാണ്. മററു കുടുംബാംഗങ്ങൾ കത്തോലിക്കാപ്രവർത്തകരും, ഭക്തസംഘടനാംഗങ്ങളുമാണ്.

രോഗാതുരനായി തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിൽ 23 ദിവസം ഇദ്ദേഹം ചികിത്സയിൽ കഴിഞ്ഞു. അവിടെവച്ചു് അദ്ദേഹത്തിനു് അന്ത്യകൂദാശ നൽകിയ തിരുവല്ലാ മെത്രാൻ പത്തനംതിട്ട പള്ളിയിൽവച്ചു് ചെയ്ത ചരമപ്രസംഗത്തിൽ ഇദ്ദേഹത്തിൻെറ ദൈവാശ്രയം വിശ്രുതമാക്കുന്നതായിരുന്നു എന്നു പ്രസ്താവിച്ചു.

അന്ത്യഘട്ടത്തിൽ സന്ദർശകരോടു് അദ്ദേഹത്തിൻെറ ഉപദേശം, ''ദൈവം അനുഗ്രഹിക്കട്ടെ—പ്രാർത്ഥിക്കുക'' എന്നിങ്ങനെ മാത്രമായിരുന്നു. കരഞ്ഞുകൊണ്ടു് അദ്ദേഹത്തെ സമീപിച്ച സ്ത്രീകളോടു്, ''പുറജാതിക്കാരെപ്പോലെ കരയരുതു്. സന്തോഷിക്കയാണു വേണ്ടതു്'' എന്നാണു പറഞ്ഞിരുന്നതു്.

എല്ലാ കത്തോലിക്കർക്കും, പ്രത്യേകിച്ചു് മരിയസൈനികർക്കും അദ്ദേഹം അനുകരണീയനാണു. അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തിയും കുടുംബത്തിനു് ആശ്വാസവും സർവ്വശക്തൻ നല്കട്ടെ.

**ക്രൈസ്തവകാഹളം**
**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിനു് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിനു് | " | 5 |

മാനേജർ.

# ഞായറാഴ്ച—പരസ്നേഹത്തിന്റെ പെരുനാൾ

(തോമസ് പടിയംകുളം)

നൂററാണ്ടുകളായി നാടിന്റെ നടുത്തൂണായി ശോഭിക്കുന്ന കലാഭംഗിയുള്ള ഒരു കത്തോലിക്കാ ദൈവാലയത്തിലേക്ക് ഞായറാഴ്ചദിവസം രാവിലെ ഒരു അക്രൈസ്തവൻ പ്രവേശിക്കുന്നു. ഒരു നല്ല പുസ്തകം എന്ന നിലയ്ക്കുമാത്രം വേദപുസ്തകം അയാൾ വായിച്ചിട്ടുണ്ട്; ക്രിസ്തീയാചാരങ്ങളെപ്പററിയൊന്നും വലിയ അറിവില്ലയാൾക്ക്. പള്ളിയകത്തു പ്രവേശിച്ചപ്പോൾ തന്നെ, വിചിത്രവേഷധാരിയായ ഒരാൾ ദൈവാലയത്തിന്റെ ഒരററത്ത് ഒരു മേശയ്ക്കു മുമ്പിൽ നിന്നുകൊണ്ട് ചിലതെല്ലാം കാട്ടിക്കൂട്ടുന്നതായി അയാൾ കണ്ടു. ആക്കും മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ ആ വിചിത്രവേഷധാരി പറയുന്നുമുണ്ട്! ജിജ്ഞാസാഭരിതനായി ആ അക്രൈസ്തവൻ, പള്ളിയിൽ നിന്നിരുന്ന ഒരു കത്തോലിക്കനെ സമീപിച്ച് അവിടെ നടക്കുന്ന കാര്യങ്ങളെപ്പററി ഒരു വിവരണം ആവശ്യപ്പെട്ടു, പ്രത്യേകിച്ചും മേശയ്ക്കു മുമ്പിൽ പുറംതിരിഞ്ഞു നില്ക്കുന്ന വിചിത്രവേഷധാരി എന്തുചെയ്യുന്നുവെന്നതിനെപ്പററി.

നാമോരോരുത്തരും പറഞ്ഞുകൊടുക്കാവുന്ന രീതിയിൽ ആ കത്തോലിക്കൻ അക്രൈസ്തവന് കാര്യങ്ങൾ വിശദമാക്കിക്കൊടുത്തു. മേശയ്ക്കു മുമ്പിൽ നില്ക്കുന്നതു് ഒരു കത്തോലിക്കാപുരോഹിതനാണെന്നും, അദ്ദേഹം വിശുദ്ധ കർബാനയെന്ന ബലിയർപ്പിക്കുകയാണെന്നും, പള്ളിയിൽ നിൽക്കുന്ന ജനങ്ങൾ പുരോഹിതനോടു ചേർന്ന് ബലിയർപ്പിക്കുകയാണെന്നുമെല്ലാം. ശുദ്ധമാനസനായ കത്തോലിക്കന്റെ വിവരണമൊന്നും ശരിക്കു മനസ്സിലാകാഞ്ഞതിനാൽ വേദപുസ്തകജ്ഞാനമുണ്ടായിരുന്ന ആ അക്രൈസ്തവൻ ചോദിച്ചു: "ഇതു തന്നെയാണോ നിങ്ങളുടെ ദിവ്യനാഥന്റെ തിരുവത്താഴസമയത്തെ അപ്പം മുറിക്കലും സ്നേഹവിരുന്നുമെല്ലാം"? തിരുവത്താഴമെന്നും അപ്പംമുറിക്കലെന്നുമെല്ലാം കേട്ടിട്ട് കത്തോലിക്കൻ പറഞ്ഞു, "ഒരിക്കലുമല്ല. അതു് പ്രോട്ടസ്റ്റൻറ് ആശയഗതിയാണ്". നമ്മിൽ പലരും വച്ചുപുലർത്തുന്ന ചിന്താഗതിയും ഈ തരത്തിലുള്ളതായിരിക്കാം. എന്നാൽ, ഇതേപ്പററി സഭയുടെ അഭിപ്രായമെന്താണെന്നോ, സഭ എന്തു പഠിപ്പിക്കുന്നുവെന്നോ നാം കാര്യമായി ആരാഞ്ഞിട്ടുണ്ടോ?

ഇന്നു ഈ സംഗതികളെപ്പററി യാതൊരു സംശയത്തിനും ഇടം നൽകാത്ത വിധത്തിൽ ലോകമെങ്ങുമുള്ള സഭാപിതാക്കന്മാർ വത്തിക്കാനിൽ സമ്മേളിച്ച് ഒരു തീരുമാനം എടുത്തിട്ടുണ്ട്. ആരാധനക്രമത്തെ സംബന്ധിച്ച മഹത്തായ ഘടനയുടെ 47-ാം ഖണ്ഡികയിൽ കൊടുത്തിരിക്കുന്നതു് ഇപ്രകാരമാണ്. "നമ്മുടെ രക്ഷകൻ താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ, അന്ത്യഅത്താഴത്തിൽ തന്റെ ശരീരവും രക്തവുമാകുന്ന ദിവ്യകാരുണ്യബലി സ്ഥാപിച്ചു. കുരിശാരോഹണബലിയുടെ നിത്യമായ നിലനില്പിനായി അവൻ ഇതു സ്ഥാപിച്ചു. ഇങ്ങനെ തന്റെ മണവാട്ടിയായ സഭയിൽ തന്റെ പാവനസ്മരണയ്ക്കായി ഈ സ്നേഹത്തിന്റെ കൂദാശയെ, ഐക്യത്തിന്റെ അടയാളത്തെ, പരസ്നേഹത്തിന്റെ കൂട്ടായ്മയെ, ക്രിസ്തു ഭക്ഷിക്കപ്പെടുന്ന പെസഹാ വിരുന്നിനെ, വരപ്രസാദസംദായകവും വരുവാനിരിക്കുന്ന മഹത്വത്തിന്റെ അച്ചാരവുമായ ഇതിനെ, സ്ഥാപിച്ചു". ചുരുക്കിപ്പറഞ്ഞാൽ വിശുദ്ധ കർബാനയുടെ സമയം സഭയുടെ വീക്ഷണത്തിൽ, ദൈവത്തിന്റെ ജനം പെസഹാവിരുന്നിനായി കൂടുന്ന സമയമാണ്. വി. കർബാന സ്നേഹബലിയും കൂദാശയുമാണ്, ഐക്യത്തിന്റെ അടയാളവും പരസ്നേഹത്തിന്റെ കൂട്ടായ്മയുമാണ്.

നമുക്കു പള്ളിയകത്തു നില്ക്കുന്ന അക്രൈസ്തവനിലേക്കു തിരിയാം. വിശുദ്ധ കർബാനയെപ്പററി അയാൾ ചോദിച്ച ചോദ്യം, അതേ,

വേദപുസ്തകപരമായ ആ സത്യം പ്രോട്ടസ്റ്റൻറ് ആശയഗതിയാണെന്നു പറഞ്ഞു നാം തള്ളിക്കളയുകയാണോ വേണ്ടതു്? ഒരിക്കലുമല്ല. മറിച്ച്, വേദപുസ്തകപരമായ നമ്മുടെ അജ്ഞതയ്ക്കു മുമ്പിൽ തല കുനിച്ചുകൊണ്ടു്, സഭയുടെ പഠിപ്പിക്കലിനെ സശ്രദ്ധം പഠിച്ചുകൊണ്ടു് നാം ഏററുപറയണം, ദിവ്യനാഥൻെറ തിരുവത്താഴവും, സ്നേഹവിരുന്നും, അപ്പംമുറിക്കലും എല്ലാം എല്ലാമാണു് വിശുദ്ധകുർബാനയെന്നു്.

## ദിവ്യകാരുണ്യബലി

"ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ അന്ത്യ അത്താഴത്തിൽ നമ്മുടെ രക്ഷകൻ സ്വശരീരരക്തങ്ങളുടെ ദിവ്യകാരുണ്യബലിയെ സ്ഥാപിച്ചു" എന്നു നാം ആരാധനക്രമത്തെ സംബന്ധിച്ച ഘടനയിൽ വായിക്കുന്നു. ബലിയുടെ ഏതൊരു അവതരണവും, നമ്മുടെ ഉള്ളിൻെറ ഉള്ളിൽ കുടികൊള്ളുന്ന ദൈവികചാച്ചിലുകളുടെ, ആന്തരികപ്രചോദനങ്ങളുടെ, ഒരു പ്രകടനം മാത്രമാണു്. ക്രിസ്തുനാഥൻ ദുഃഖവെള്ളിയാഴ്ച, ന്യായപ്രമാണത്തിലെ സൂചനകളെല്ലാം നിവത്തിച്ചുകൊണ്ടു്, പരിപൂർണ്ണമായ രീതിയിൽ കഷ്ടപ്പാടുകളോടും രക്തച്ചൊരിച്ചിലോടുംകൂടി, സ്വജീവാർപ്പണം വഴിയായി ഒരു ബലിയർപ്പിച്ചു. എന്നാൽ, ന്യായപ്രമാണസന്ധ്യയ്ക്കു് നിവത്തിക്കപ്പെട്ട പെസഹാ അത്താഴത്തിൽവച്ചും ദിവ്യനാഥൻ ഈ ബലിയർപ്പണം തന്നെ സാധിച്ചു. ഗോഗുൽത്തായിലെ ബലിയർപ്പണത്തിനുള്ള എല്ലാ ആന്തരികപ്രചോദനങ്ങളും അപ്പോൾ ക്രിസ്തുവിൽ കുടികൊള്ളുന്നുണ്ടായിരുന്നു. ഒരു വ്യത്യാസം; പെസഹാബലി രക്തരഹിതമായിരുന്നു.

## രണ്ടുവിധത്തിലുള്ള സ്നേഹപ്രകടനങ്ങൾ

സന്ധ്യയ്ക്കും, മൂന്നുമണിക്കുമായുള്ള രണ്ടു ബലിയർപ്പണങ്ങളിലൂടെ, മാളികയിലും, കാൽവരിയിലും വച്ചുള്ള രണ്ടു ബലിയർപ്പണങ്ങളിലൂടെ, ദിവ്യനാഥൻ സ്വപിതാവിനോടും സ്വസഹോദരങ്ങളോടുമുള്ള സ്നേഹപ്രകടനം സാധിച്ചു.

ഗോഗുൽത്തായിലെ യാഗംമൂലം ക്രിസ്തുയേശു തൻെറ പിതാവിനോടുള്ള സ്നേഹം പ്രകടമാക്കി. അപ്പം മുറിക്കൽമൂലം താൻ തൻെറ സഹോദരങ്ങളായ നാമോരോരുത്തരോടുമുള്ള സ്നേഹപ്രകടനവും സാധിച്ചു. നമ്മൾ തൻെറ ബലിയർപ്പണത്തിൻെറ കേവലം അനുസ്മരണക്കാർ മാത്രമാകാൻ, ഗോഗുൽത്തായിലെ യാഗം ഭാവനയിൽ മാത്രം കാണുവാൻ കഴിയുന്നവരായിരിക്കുവാൻ, ദിവ്യനാഥൻ, ഇഷ്ടപ്പെട്ടില്ല. ദിവ്യകാരുണ്യബലിയിലൂടെ ദിവ്യനാഥൻെറ പെസഹാ അത്താഴവും കാൽവരിയിലെ കുരിശുമരണവും എന്നെന്നും നമ്മുടെ ഇടയിൽ ആവത്തിക്കപ്പെടുന്നു. ദിവ്യകാരുണ്യത്തിൽ ദിവ്യനാഥൻ അന്ത്യഅത്താഴസമയത്തെയും കുരിശുമരണസമയത്തെയും അതേ അരൂപിയോടെ, അതേ പ്രചോദനങ്ങളോടെ, നമ്മെ സമീപിക്കുന്നു. ക്രിസ്തു നമ്മളിലും നാം ക്രിസ്തുവിലും ആകകൊണ്ടു് വിശുദ്ധ കുർബാന ക്രിസ്തുവിൻെറ ബലിയും നമ്മുടെ ബലിയും ആയിത്തീരുന്നു.

## പെസഹാവിരുന്നു്

വിശുദ്ധ കുർബാന യഥാർത്ഥ ബലിയാണു്. എന്നാൽ, നമ്മുടെ രക്ഷകൻ യഹൂദപെസഹായാകുന്ന വിശുദ്ധ വിരുന്നിൻെറ സന്ദർഭത്തിൽ അതിനെ സ്ഥാപിച്ചിരിക്കുന്നു. യഹൂദപെസഹാ സന്ധ്യാസമയത്തു് കൊരുളറക്കപ്പെടുന്ന കുഞ്ഞാടിനെ കൊണ്ടു് പൂർത്തീകരിക്കപ്പെടുന്ന ഒരു ബലിവിരുന്നായിരുന്നു. പെസഹായുടെ പരിപൂർണ്ണതയായ വിശുദ്ധ കുർബാനയും ഒരു ബലിവിരുന്നു തന്നെയാണു്. വിശുദ്ധ കുർബാനയിൽ ലോകത്തിൻെറ പാപത്തെ വഹിക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു് മൗതികമായി അറക്കപ്പെടുന്നു. വിശ്വാസികളുടെ ഗണം ഇതിനെ ഭക്ഷിക്കുകയും ചെയ്യുന്നു. യേശു ഭക്ഷിക്കപ്പെടുന്ന പെസഹാവിരുന്നെന്നാണു് സുനഹദോസ് വി. കുർബാനയെക്കുറിച്ച പ്രസ്താവിക്കുക.

## നമ്മുടെ ഭാഗഭാഗിത്വം

വിശുദ്ധ കുർബാനയിൽ ക്രിസ്തു സ്വയം ബലിയർപ്പിക്കപ്പെടുകയും, പിതാവായ ദൈവം ഈ ബലിയെ സ്വീകരിച്ചു് ക്രിസ്തുവിനെ നമുക്കു ഭക്ഷണമായി നല്കുകയും ചെയ്യുന്നു. ത

മൂലം വിശുദ്ധ കുർബാനയിൽ പൂർണ്ണമായി പങ്കാളികളാകുന്നതിനുള്ള ഏകമാർഗ്ഗം വിശുദ്ധ കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുകയാണ്. എന്നാൽ, നമ്മിൽ ഏറിയപങ്കും വിശുദ്ധ കുർബാനയിൽ കാഴ്ചക്കാരായി മാത്രമാണ് പങ്കുകൊള്ളുന്നതു്. കർത്താവു നമ്മെ പച്ചയായ മേച്ചിൽസ്ഥലങ്ങളിൽ കൊണ്ടുചെന്നാക്കിയിട്ടും നാം അവിടെ മേയുന്നതിനു കൂട്ടാക്കുന്നില്ല. ജീവജലവാഹിയായ നീരുറവയിൽ നിന്നും പാനംചെയ്തു ദാഹം ശമിപ്പിക്കുന്നുമില്ല. സ്വർഗ്ഗീയവിരുന്നിന് ക്ഷണിക്കപ്പെട്ടവരായി വിരുന്നുശാലയിൽ ചെന്നിട്ട് മററുള്ളവർ വിഭവസമൃദ്ധമായ വിരുന്നു കഴിക്കുന്നതു നോക്കിക്കൊണ്ട്, വെറും കാഴ്ചക്കാരായി ഒരു മൂലയിൽ നാം നിലകൊള്ളുന്നു. ക്രിസ്തുവിൻെറ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരായി ഞായറാഴ്ച നാം പള്ളിയിൽ ചെല്ലുമ്പോൾ കർത്താവിൻെറ മേശയിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്ക എന്നതു് വെറും സാധാരണ മര്യാദ മാത്രമാണ്. ഈ പെസഹാവിരുന്ന് സ്വർഗ്ഗരാജ്യത്തിൻെറ ഒരു പ്രതിഫലനം കൂടിയാണ്. അതിനാലത്രേ ക്രിസ്തു അരുളിച്ചെയ്തിട്ടുള്ളതു്, ഈ മേശയിൽ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ കിഴക്കുനിന്നും പടിഞ്ഞാറു നിന്നുമെല്ലാം അനേകം പേർ വന്ന് വിരുന്നിനിരിക്കുമെന്ന്.

## പരസ്നേഹത്തിൻെറ കൂട്ടായ്മ

ചായക്കടകളിലും ഹോട്ടലുകളിലും നിന്നും മററും ഭക്ഷണം കഴിക്കുന്നതു് ശാരീരികമായ വിശപ്പു ശമിപ്പിക്കുവാൻ മാത്രമാണ്. എന്നാൽ ഒരു കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ചുകൂടി, സ്നേഹസല്ലാപത്തോടുകൂടി ഭക്ഷണം കഴിക്കുന്നതിന് ഒരു പ്രത്യേക അനുഭൂതിയുണ്ട്. ആ കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ ഇമ്മാതിരി അവസരങ്ങളിലൂടെ വർദ്ധിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയും ഇപ്രകാരമുള്ള ഒരു കുടുംബവിരുന്നാണ്. അൾത്താരയ്ക്കു ചുററും കൂടിയിരിക്കുന്ന ക്രിസ്തീയ സഭയാകുന്ന ദൈവത്തിൻെറ ജനം, ഒരേ കുടുംബത്തിലെ സഹോദരീസഹോദരങ്ങൾ, വിരുന്നൊരുക്കുകയും, ബലിയർപ്പിക്കുകയും വിരുന്നു കഴിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയദൃശ്യമാണ് വിശുദ്ധ കുർബാനയിൽ നാം ദർശിക്കുന്നതു്. എല്ലാവരും ഒരേ ക്രിസ്തുവിനെ ഭക്ഷിക്കുന്നു. എന്നിലെ ക്രിസ്തുവും മററുള്ളവരിലെ ക്രിസ്തുവും തമ്മിൽ വ്യത്യാസമില്ല. ഞാൻ എന്നിലെ ക്രിസ്തുവിനെ സ്നേഹിക്കുമ്പോൾ മററുള്ളവരിലെ ക്രിസ്തുവിനെ സ്നേഹിക്കുന്നു. മററുള്ളവരിലെ ക്രിസ്തുവിനെ സ്നേഹിക്കാതെ എനിക്ക് എന്നിലെ ക്രിസ്തുവിനെ സ്നേഹിക്കുന്നുവെന്നു പറയുവാൻ സാധിക്കുകയില്ല. എന്നിലെ ക്രിസ്തുവിനോട് എനിക്കുള്ള സ്നേഹം മററുള്ളവരിലെ ക്രിസ്തുവിനോടു എനിക്കുണ്ടാകണം—അതാണ് വി. കുർബാനമൂലമുള്ള പരസ്നേഹത്തിൻെറ കൂട്ടായ്മ.

വത്തിക്കാൻ സൂനഹദോസ് വളരെയേറെ വിലമതിക്കുന്ന ഈ വിശിഷ്ടാശയങ്ങൾ നമ്മുടെയിടയിൽ വളരെ മാററം വരുത്തേണ്ടതായിട്ടുണ്ട്. ഞായറാഴ്ച ക്രിസ്തുവിൻെറ മേശയ്ക്കു ചുററും സ്നേഹവിരുന്നിനായി അടുത്തു വരുന്ന ഇടവകയാകുന്ന കുടുംബത്തിലെ അംഗങ്ങളുടെ ഇടയിൽ ഭിന്നതകൾ ഉണ്ടായിരിക്കുവാൻ പാടില്ല. ഇവയെല്ലാം മുമ്പിൽ കണ്ടുകൊണ്ടാണ് സൂനഹദോസ് വിശുദ്ധ കുർബാനയെ സ്നേഹത്തിൻെറ കൂദാശയെന്നും, ഐക്യത്തിൻെറ അടയാളമെന്നും പരസ്നേഹത്തിൻെറ കൂട്ടായ്മയെന്നുമെല്ലാം വിളിക്കുന്നതു്.

# ഐക്യത്തിന്റെ പാത

## (By Rev. Dr. Robert M'cAfee Brown)

ലേഖകനായ ഡോക്ടർ ബ്രൗൺ അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിററിയിൽ ദൈവശാസ്ത്രപ്രഫസർ ആണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ ഇദ്ദേഹം ഒരു നിരീക്ഷകനായിരുന്നു. അമേരിക്കയിലെ പ്രോട്ടസ്റ്റൻറ് ദൈവശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ഒരു വ്യക്തിയാണ് ഇദ്ദേഹം. സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻകൂടിയാണ് ഡോക്ടർ ബ്രൗൺ. അമേരിക്കയിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഒരു നേതാവായ ഇദ്ദേഹമാണ് അമേരിക്കയിലെ കത്തോലിക്കാസഭയും പ്രോട്ടസ്റ്റൻറ് വിഭാഗങ്ങളും തമ്മിലുള്ള സംവാദങ്ങൾക്ക് (Dialogues) ആവശ്യമായ നിയമങ്ങൾ ക്രോഡീകരിച്ചത്. ക്രിസ്ത്യാനികൾ തമ്മിലുള്ള ഐക്യം കൈവരുവാൻ അനുഷ്ഠിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഈ ലേഖനത്തിൽ അദ്ദേഹം വിവരിക്കുന്നു.

വിവ. (The Rev. G. Palatty·)

ഒക്ടോബർ മാസത്തിലെ ഒരു തിങ്കളാഴ്ച ദിവസം രാവിലെ വിശുദ്ധ പത്രോസിന്റെ ദൈവാലയത്തോടനുബന്ധിച്ചുള്ള ലഘുഭോജനശാലയിൽ വച്ച് ഒരു അമേരിക്കൻ മെത്രാനോട് ഞാൻ സംസാരിക്കുകയായിരുന്നു. ഞങ്ങൾ രണ്ടുപേരും രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നവരായിരുന്നു. പക്ഷേ, രണ്ടു നിലകളിലായിരുന്നു എന്നു മാത്രം. അദ്ദേഹം ഒരു സൂനഹദോസു പിതാവായിട്ടും ഞാൻ ഒരു പ്രോട്ടസ്റ്റൻറ് നിരീക്ഷകനായിട്ടും. മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വത്തെപ്പററിയുള്ള ചില ചർച്ചകൾക്കു ശേഷം ഞാൻ എവിടെയാണു പഠിപ്പിക്കുന്നത് എന്ന് അദ്ദേഹം ആരാഞ്ഞു.

'സ്റ്റാൻഫോർഡ് യൂണിവേഴ്സിററി" എന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ പെട്ടെന്നുള്ള മറുപടി ഇപ്രകാരമായിരുന്നു. "സ്റ്റാൻഫോർഡ്, ഏ, കഴിഞ്ഞ ശനിയാഴ്ച നിങ്ങളുടെ ഫുട്ബോൾടീം നോട്ടർഡാമിനെ തോല്പിച്ചുവല്ലോ. അത് എങ്ങനെയുള്ള ഒരു എക്യുമെനിക്കൽ സൂചനയാണ്?"

ഈ മറുപടി ഒരു കാര്യം മാത്രം വ്യക്തമാക്കുന്നുണ്ട്. ദൈവശാസ്ത്രപരമായ ചർച്ചകൾക്കിടയിൽ പോലും ഒരു ഫുട്ബോൾ സ്റ്റേഡിയത്തിൽ വച്ചെന്നതിനേക്കാളും വിനോദകരമായ രീതിയിൽ സംഭാഷണം ചെയ്യുവാൻ പ്രോട്ടസ്റ്റൻറുകാർക്കും കത്തോലിക്കർക്കും എളുപ്പമാണ്. സംഭാഷണം താല്ക്കാലികമായി നിർത്തുവാനുള്ള ഒരു സൂചനയായിരുന്നു അത്. അല്പം കഴിഞ്ഞ് ഒന്നാം വത്തിക്കാൻ സൂനഹദോസിനെക്കുറിച്ച് കാൾ റാണർ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു. ദൈവശാസ്ത്രപരമായി പരസ്പരം മനസ്സിലാക്കുന്നതിനും അനുദിനബന്ധങ്ങളിലും എക്യുമെനിസത്തിന്റെ ഈ നർമ്മസംഭാഷണരീതി ഒരേസമയം തന്നെ അവശ്യമാണെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഏതെങ്കിലുമൊരു രംഗത്തുണ്ടാകുന്ന വിടവ് മററ രംഗത്തെക്കൂടി ബാധിക്കുമെന്നുള്ള അഭിപ്രായവും എനിക്കുണ്ട്.

ഒരു പ്രോട്ടസ്റ്റൻറുകാരൻ അയാളുടെ അയൽവാസിയായ കത്തോലിക്കന്റെ വിശ്വാസത്തെക്കുറിച്ച് കൂടുതൽ നന്നായി അറിയുകയാണെങ്കിൽ അവർ രണ്ടു പേർക്കും ഇപ്പോൾ പങ്കാളിത്വമുള്ള പൊതുവായ സാമൂഹികകാര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് അവർക്കു കഴിയും. അതുപോലെതന്നെ ഒരു കത്തോലിക്കൻ അയാളുടെ പ്രോട്ടസ്റ്റൻറുകാരനായ അയൽവാസിയോടൊന്നിച്ച് പൊതുവായ സാമൂഹിക കാര്യങ്ങളിൽ ഏർപ്പെടുമ്പോൾ അയാൾക്ക് പ്രോട്ടസ്റ്റൻറു വിശ്വാസം സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ അറിയുന്നതിന് അവസരം ലഭിക്കും.

അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്യാവുന്ന ഈ പാതയെക്കുറിച്ച് കൂടുതൽ വിശദീകരണം നല്കാൻ ഞാൻ ശ്രമിക്കാം.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ ഇടയായ എന്റെ അനുഭവങ്ങളിൽ നിന്ന് ഞാനതു വ്യക്തമാക്കാൻ നോക്കാം.

ക്രിസ്തീയമായ ഐക്യത്തെക്കുറിച്ച് നമുക്കുള്ള തീവ്രമായ ചിന്ത പ്രാർത്ഥനാജീവിതത്തിൽ അധിഷ്ഠിതമായിരിക്കണം. കൂടുതലായുള്ള ഐക്യത്തിലേക്ക് വഴിതെളിക്കുന്ന ഏററമടുത്ത മാർഗ്ഗമാണ് പ്രാർത്ഥനാജീവിതം. ഇതൊരു പക്ഷെ വ്യർത്ഥഭാഷണമായി തോന്നിയേക്കാം. എന്നാൽ ഞാനതിനു പ്രാധാന്യം കൊടുക്കുന്നതിനു കാരണമുണ്ട്. ഒരാൾ മറെറാരാൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ ക്രമേണ അതു പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ഒന്നിച്ചു പ്രാർത്ഥിക്കുവാനുള്ള കാരണമായി തീരുമെന്നുള്ള സംഗതി ഞാൻ കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. സൂനഹദോസ് നടന്നുകൊണ്ടിരുന്ന സന്ദർഭങ്ങളിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം സൂനഹദോസിൽ സംബന്ധിച്ചിരുന്ന പ്രൊട്ടസ്റ്റൻറു നിരീക്ഷകർ എല്ലാം തന്നെ സൂനഹദോസിൻെറ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ വിശുദ്ധ പത്രോസിൻെറദൈവാലയത്തിനടുത്തുള്ള ഒരു മെത്തോഡിസ്റ്റ് പള്ളിയിൽ ഒന്നിച്ചു കൂടുമായിരുന്നു. എല്ലാ ദിവസവും രാവിലെ വിശുദ്ധ പത്രോസിൻെറ ദൈവാലയത്തിൽ അർപ്പിക്കപ്പെട്ടിരുന്ന ദിവ്യബലിയിൽ ഞങ്ങളും സംബന്ധിക്കുമായിരുന്നു. സൂനഹദോസിനോട് ഒന്നിച്ചു ചേർന്ന് ഞങ്ങൾ കൂടുതൽ കൂടുതലായി പ്രാർത്ഥിക്കുന്നതു ഞങ്ങൾക്കു തന്നെ അനുഭവപ്പെട്ടു.

ഞങ്ങളുടെ തന്നെ വിശ്വാസത്തോടു ബലം ചെയ്യാതെയും ഞങ്ങളുടെ കത്തോലിക്കാ സഹോദരന്മാരുടെ വിശ്വാസത്തെ നിസ്സാരമാക്കുന്നു എന്ന് കാണിക്കാതെയും ഞങ്ങൾക്ക് സംബന്ധിക്കാവുന്ന അനേകം ഭാഗങ്ങൾ ദിവ്യബലിയിൽ ഉണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ആ ഭാഗങ്ങൾ പ്രൊട്ടസ്റ്റൻറുകാരായ ഞങ്ങളുടെ ആരാധനക്രമത്തിൻെറ പൈതൃകവുമാണ്.

ആഴ്ചയിൽ അഞ്ചു പ്രാവശ്യം വീതം പത്താഴ്ചകൾ ദിവ്യബലിയിൽ സംബന്ധിക്കുകയും സൂനഹദോസ് പിതാക്കന്മാരോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്തതുമൂലം കഴിഞ്ഞ അഞ്ചു വർഷങ്ങൾ കത്തോലിക്കാദൈവശാസ്ത്രപരമായ പുസ്തകങ്ങൾ ഒരു ചുമതല എന്ന നിലയിൽ വായിച്ചുഗ്രഹിച്ചതിൽ കൂടുതൽ റോമൻ കത്തോലിക്കാവിശ്വാസത്തിൻെറ ശരിയായ അർത്ഥം കൂടുതൽ ഗ്രഹിക്കുന്നതിന് എനിക്കിടയായി എന്ന് ഞാൻ കരുതുന്നു.

എക്യുമെനിസത്തെക്കുറിച്ചുള്ള പ്രബന്ധം ചർച്ചചെയ്തപ്പോൾ പൊതുവായ ഒരാരാധനയിൽ പങ്കുചേരുന്നതിനുള്ള വിഷമങ്ങളെക്കുറിച്ച് പല മെത്രാന്മാരും പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. തൽഫലമായി മിഷൻ പ്രദേശങ്ങളിൽനിന്നുള്ള മെത്രാന്മാരും പൗരസ്ത്യറീത്തുകാരായ മെത്രാന്മാരും യൂറോപ്പിൽ നിന്നുള്ള മെത്രാന്മാരും ആവശ്യപ്പെടുകയുണ്ടായി, അകത്തോലിക്കരോടൊന്നിച്ചുള്ള ആരാധനയിൽ കത്തോലിക്കർ പങ്കുകൊള്ളുന്നതു നിരോധിച്ചുകൊണ്ടുള്ള നിയമങ്ങളിൽ അയവു വരുത്തണമെന്ന്. മാമോദീസാ, വിവാഹം, ശവസംസ്കാരം എന്നിങ്ങനെയുള്ള കുടുംബപരമായ സന്ദർഭങ്ങളിൽ ഈ നിയമങ്ങൾ വിഷമഹേതുകങ്ങളാണ്. പൊതുപ്രാർത്ഥനയുടെ ലളിതചടങ്ങുകളിൽ എങ്ങനെ ഒന്നിച്ചുചേരണമെന്നുള്ള നമ്മുടെ അറിവിനെ അതു തടസ്സപ്പെടുത്തുമ്പോൾ അതും വിഷമകരമാണ്.

ഓരോ ജനുവരി മാസവും ഈ വിധത്തിൽ പ്രതിബന്ധം ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനുവരിയിൽ ആണല്ലോ ക്രിസ്തീയമായ ഐക്യത്തിനുവേണ്ടി കത്തോലിക്കർ അഷ്ടദിനപ്രാർത്ഥന നടത്തുന്നതും ക്രിസ്തീയമായ ഐക്യത്തിനുവേണ്ടി പ്രൊട്ടസ്റ്റൻറുകാർ ഒരാഴ്ചത്തെ പ്രാർത്ഥന നടത്തുന്നതും. പൊതുവായ പ്രാർത്ഥനകൾ നാം കൂടുതലായി നടത്തണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ക്രിസ്ത്യാനികളായ നമുക്ക് പൈതൃകമായ പ്രാർത്ഥനകളിൽ ക്രിയാത്മകമായി സഹകരിക്കുകയും മറുപടി ചൊല്ലുകയും ചെയ്യാം. അതേസമയം തന്നെ ഇപ്പോൾ നമുക്ക് സഹകരിക്കാൻ പാടില്ലാത്ത സമയം വരുമ്പോൾ ബഹുമാനപുരസ്കരമായ മൗനം ദീക്ഷിക്കാം. ദൈവശാസ്ത്രപരമായ കാരണങ്ങൾ കൊണ്ടു മാത്രമല്ലാ, ഞാനിങ്ങനെ പറയുന്നതു്. പ്രത്യുത റോമിൽ ഉള്ള എൻെറ അനുഭവം വെച്ചുകൊണ്ടു കൂടിയാണ്.

പ്രസിഡണ്ട് കെന്നഡി വധിക്കപ്പെട്ട രാത്രിയിൽ ഞാൻ റോമിലുള്ള കനേഡിയൻ തിയോളജിക്കൽ കോളജിലായിരുന്നു. അവിടെയുള്ള ഏക അമേരിക്കനും ഏക പ്രോട്ടസ്റ്റൻറുകാരനും ഞാൻ മാത്രമായിരുന്നു. എന്നാൽ, പ്രസിഡണ്ടിന്റെ വധത്തെക്കുറിച്ച് അറിഞ്ഞിട്ട് ഞങ്ങൾ എല്ലാരുരും ഒന്നിച്ചു ചേർന്ന് "ആകാശത്തിൽ ഇരിക്കുന്ന ഞങ്ങളുടെ പിതാവേ," എന്ന പ്രാർത്ഥന ചൊല്ലിയപ്പോൾ എന്റെ സഹോദരങ്ങളായ ക്രിസ്ത്യാനികളുടെ മധ്യത്തിലാണ് ഞാൻ എന്നു എനിക്കു മനസ്സിലായി. പൊതുവായ ഒരു പിതാവിനോടു പൊതുവായ പ്രാർത്ഥന നടത്തുവാൻ ഒന്നിച്ചു ചേരാൻ കഴിയുമെന്നു ഞാൻ മനസ്സിലാക്കി. വ്യക്തിപരമായ എന്റെ ആ സന്താപഘട്ടത്തിൽ ഈ ചിന്ത എനിക്ക് സമാശ്വാസദായകമായിരുന്നു.

ക്രിസ്തീയമായ ഐക്യത്തിലേക്കുള്ള പടിയിൽ രണ്ടാമത്തേത് ഭൂതകാലത്ത് നമ്മെ വേർപെടുത്തിയ സംഭവങ്ങളിൽ രണ്ടു കൂട്ടർക്കും വന്നുപോയിട്ടുള്ള തെററുകൾ പൊതുവായി ഏററു പറയുകയാണ്. ക്രൈസ്തവസഭയിൽ ഭിന്നതകളുണ്ടായതിൽ തങ്ങളും കുററക്കാരാണെന്നു ഏററു പറയുക എന്നതിനെക്കുറിച്ച് ചിന്തിക്കുകതന്നെ കത്തോലിക്കർക്കു പലപ്പോഴും വിഷമകരമായിരുന്നു. എന്നാൽ, രണ്ടാം വത്തിക്കാൻ സൂന്നഹദോസിനുശേഷം അതിനിയും വിഷമകരമാകേണ്ട കാര്യമില്ല. കാരണമുണ്ട്; എക്യുമെനിസത്തിന്റെ പുരോഗതിക്ക് അവശ്യമായ വ്യവസ്ഥകളായി മാർപ്പാപ്പാതന്നെ മുന്നോട്ടു വച്ച വ്യവസ്ഥകൾ പരസ്പരമുള്ള ഏററുപറച്ചിലും പരസ്പരമുള്ള ക്ഷമയുമാണ്.

ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഭിന്നതകളെക്കുറിച്ചു പ്രസ്താവിച്ചുകൊണ്ട് മാർപ്പാപ്പാ പറഞ്ഞു: "ആ വേർപാടിനെക്കുറിച്ച് ഏതെങ്കിലും വിധത്തിൽ ഞങ്ങൾ തെററുകാരാണെങ്കിൽ വിനീതരായി ദൈവത്തിന്റെ ക്ഷമ ഞങ്ങൾ യാചിക്കുന്നു. ഞങ്ങൾ നിമിത്തം ദ്രോഹിക്കപ്പെട്ടു എന്നു കരുതുന്ന സഹോദരന്മാരുടെ ക്ഷമയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം കത്തോലിക്കാസഭ സഹിക്കേണ്ടിവന്ന ദ്രോഹങ്ങൾ ഞങ്ങൾ സന്തോഷപൂർവ്വം ക്ഷമിക്കുന്നു. അഭിപ്രായവ്യത്യാസങ്ങളുടേതായ ആ സുദീർഘകാലഘട്ടത്തിൽ ഞങ്ങൾ അനുഭവിക്കേണ്ടിവന്ന ആ വേദനകൾ ഞങ്ങൾ മറക്കുന്നു."

പാപം ഏററുപറയുമ്പോൾ മാത്രമേ മോചനം നൽകപ്പെടുകയുള്ളു എന്നുള്ള അവബോധം കൗൺസിലിൽ പ്രസംഗിച്ച പല മെത്രാന്മാരും ഈ പ്രസ്താവന ഉദ്ധരിച്ച് സമർത്ഥിക്കുകയുണ്ടായി. രണ്ടു ഭാഗത്തുമുള്ളവർ തെററുകൾ പരസ്പരം ഏററു പറയുമ്പോൾ രണ്ടു ഭാഗത്തുനിന്നും ക്ഷമയുണ്ടാകും. ഇങ്ങനെയുള്ള ഒരു മനോഭാവമുണ്ടാകുമ്പോൾ യഥാർത്ഥരമ്യതയുടെ ഇപ്രകാരമുള്ള ഒരടിസ്ഥാനത്തിന്മേൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിന്റെ അതിരുകൾ അളക്കുക നമുക്കു സാധ്യമാകയില്ലതന്നെ.

(ഒരു പ്രോട്ടസ്റ്റൻറു പണ്ഡിതന്റെ ആശയഗതി കാണിക്കാൻ മാത്രമാണ് ഞങ്ങൾ ഈ ലേഖനം പ്രസിദ്ധപ്പെടുത്തുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ എല്ലാ അഭിപ്രായങ്ങളും ഞങ്ങൾ മുഴുവനായി ശരിവയ്ക്കുന്നു എന്നു വിവക്ഷയില്ല.) (പത്രാധിപർ)


## For favours recieved



Inserted by
Mariamma Thomas,
Kallimala, Kekozhoor.

# പുനരൈക്യപ്രചോദകങ്ങളായ രണ്ടു കത്തുകൾ

ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ വിശാലഹൃദയം ഒരു മിഷ്യനറിപ്രകാണ്ഡത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്തുനാഥൻ സ്ഥാപിച്ച ഏക സഭയിലേക്കു്, കത്തോലിക്കാ സഭയിലേക്കു്, തിരിച്ചുവരണമെന്നാഹ്വാനം ചെയ്തുകൊണ്ടു ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ളവർക്കു് തിരുമേനി കത്തുകൾ എഴുതിയിട്ടുണ്ടു്. തിരുമേനിയുടെ രണ്ടു കത്തുകൾ പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നു.

(ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി)

**അമേരിക്കയിലെ ഗ്രീക്കു് ഓർത്തഡോക്സു സഭയിലെ ഒരു ആർച്ചുബിഷപ്പിനു് കഥാപുരുഷൻ അയച്ച ഒരു കത്തു് ചുവടെ ചേർത്തുകൊള്ളുന്നു.**

I

തിരുവനന്തപുരം.

**അഭിവന്ദ്യതിരുമേനി,**

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ എനിക്കു പ്രേരകമായിത്തീർന്ന കാരണങ്ങൾ അവിടത്തെ ഗ്രഹിപ്പിക്കുവാനാണു് ഞാൻ ഈ കത്തു് അയയ്ക്കുന്നതു്. നമ്മുടെ ദിവ്യനാഥനായ കർത്താവു് ലോകത്തിൽ ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ആ സഭ അഭേദ്യവും ഏകവുമാണു്. ഏകത എന്ന ലക്ഷണം സത്യസഭയ്ക്കു് വേണ്ടതാകയാൽ അവിഭാജ്യതയും അതിലെ ഒരു മഹത്ഗുണമാണു്. സഭാചരിത്രത്തിലെ ഏററവും വലിയ ശീശ്മയുടെ ആവിർഭാവത്തിനുശേഷം മാത്രമാണു് തങ്ങളുടെ നിലപാടിനെ നീതീകരിക്കുന്നതിനുവേണ്ടി ചില വേദശാസ്ത്രജ്ഞന്മാർ സഭയുടെ ഏകത്വത്തിനെതിരായുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കുവാൻ തുടങ്ങിയതു്.

നമ്മുടെ ദിവ്യരക്ഷകൻ തന്റെ പ്രധാനാചാര്യത്വത്തിനടുത്ത പ്രാർത്ഥനയിൽ പരമപിതാവായ ദൈവത്തോടു് എല്ലാവരും ഒന്നാകുവാൻ വേണ്ടിയാണല്ലോ മനസ്സുരുകി പ്രാർത്ഥിച്ചതു്. ക്രൈസ്തവലോകം മുഴുവനും പുനരേകീകരിക്കപ്പെടണമെന്നുള്ളതാണു് ദൈവത്തിന്റെ തിരുവിഷ്ടം. പുനരൈക്യപ്പെടുന്ന സഭയിൽ ഒരു തലവനുണ്ടായിരിക്കണമെന്നുള്ളതു് നിർവ്വിവാദമത്രേ. ക്രൈസ്തവലോകത്തിന്റെ നായകനായി—സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനായി—ദൈവം നിശ്ചയിച്ചിരിക്കുന്നതു് വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ മാർപ്പാപ്പായെ അത്രേ. സഭയുടെ നിലനില്പിന്റെ അടിസ്ഥാനവും കേന്ദ്രീകരണത്തിന്റെ ശിരസ്സും പാപ്പാധിപത്യമൊന്നു മാത്രമാണു്.

പൗരസ്ത്യസഭയെ പുനർജ്ജീവിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശീശ്മ ഒരു ഭയങ്കര പാപംതന്നെയാണു്. പൗരസ്ത്യസഭ ഇന്നു് ശീശ്മയുടെ പരിണിതഫലങ്ങളായ ദുരന്തദുരിതങ്ങൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നതു്. പുനരൈക്യംകൊണ്ടു മാത്രമേ പൗരസ്ത്യസഭയ്ക്കു് പുനർജ്ജീവൻ ലഭിക്കുകയുള്ളു. എങ്കിൽ മാത്രമേ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന മഹോന്നതമായ സ്വർഗ്ഗീയ ദൗത്യം നിർവ്വഹിക്കുന്നതിനു് നാം പ്രാപ്തരായിത്തീരുകയുള്ളു. റോമിലെ പരിശുദ്ധ സിംഹാസനത്തിന്റെ നേതൃത്വത്തിൻകീഴിൽ ക്രൈസ്തവശക്തികളുടെ സമഞ്ജസമായ സഹകരണവും സമഗ്രമായ സമീകരണവും അചഞ്ചലമായ കേന്ദ്രീകരണവും മധുരമനോഹരമായ ഐക്യവും തൽഫലമായ യഥാർത്ഥ സമാധാനവുമത്രേ ഇന്നു അത്യന്താപേക്ഷിതമായിരിക്കുന്നതു്.

ഒരു വൃക്ഷത്തിന്റെ ഗുണം അതിന്റെ ഫലങ്ങളിൽനിന്നും ഗ്രഹിക്കുവാൻ സാധിക്കുമെന്നാണല്ലോ നമ്മുടെ കർത്താവു് അരുളിച്ചെയ്തിരിക്കുന്നതു്. പ്രസ്തുത പ്രമാണം വച്ചു വാദിക്കുന്ന പക്ഷം കത്തോലിക്കാസഭയിലുള്ള പാപ്പാധിപത്യസ്ഥാപനത്തിന്റെ പ്രത്യക്ഷഫലമാണു് സമാധാനവും ഐക്യവും അവിടെ വളരുന്നതു്

എന്നു നിശ്ചയമായും അങ്ങേയ്ക്കു ഗ്രഹിക്കുവാൻ സാധിക്കുമെന്നു ഞാൻ സുദൃഢം വിശ്വസിക്കുന്നു. പാപ്പാധിപത്യത്തിന്റെ കീഴിൽ എല്ലാ വിശ്വാസികളുടെയും പരിപൂർണ്ണമായ കീഴ്വഴക്കവും അനുസരണവും നാം ദർശിക്കുന്നതിന്റെ പ്രധാന കാരണവും അതുമാത്രമത്രേ. ഈ ലോകത്തിലെ പൈശാചികശക്തികൾക്കെതിരായുള്ള സകല പോരാട്ടങ്ങളിലും കത്തോലിക്കാലോകമാസകലവുമുള്ള എല്ലാ മെത്രാന്മാരും വൈദികന്മാരും അൽമേനികളും സന്തോഷപൂർവ്വം മാർപ്പാപ്പായോടു സഹകരിച്ചു പ്രവർത്തിക്കുന്നു. മനുഷ്യകുലത്തെ നന്മയിലേക്കും സമൃദ്ധിയിലേക്കും ഉയർത്തുന്നതിനുള്ള നമ്മുടെ കർത്താവിന്റെ പ്രതീക്ഷകൾ യഥാർത്ഥഫലം പുറപ്പെടുവിച്ചു കാണിക്കുന്നതു കത്തോലിക്കാസഭയാണു. സന്യാസസഭകളുടെ അത്ഭുതകരമായ വളർച്ച, ഏററം സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്ന പ്രേഷിതവൃത്തി, വിശ്വവ്യാപകമായ മിഷ്യൻ പ്രവർത്തനം എന്നിവയെല്ലാം കത്തോലിക്കാസഭയിൽ മാത്രമേ നാം ദർശിക്കുന്നുള്ളു.

വളരെ അനുഭാവപൂർവ്വകമായിട്ടാണു പൌരസ്ത്യസഭയെ പരിശുദ്ധ സിംഹാസനം വീക്ഷിക്കുന്നതു. ശീശ്മ അവസാനിപ്പിക്കുന്നതിനും പൌരസ്ത്യസഭകളുടെ പുനരൈക്യം സാധിക്കുന്നതിനും സഭ അവളുടെ കഴിവുകളുടെ പരമാവധി ഉപയോഗിച്ചു ശ്രമിക്കുന്നു. നമ്മുടെ കർത്താവിന്റെ മൌതികശരീരത്തിലെ വ്രണം സുഖപ്പെടുത്തുന്നതിനുള്ള എന്റെ ആഗ്രഹങ്ങൾ കാണിച്ചു ഞാൻ പരിശുദ്ധ സിംഹാസനത്തിലേക്കയച്ച മെമ്മോറാണ്ഡത്തിനു എന്റെ പ്രതീക്ഷയിൽ കവിഞ്ഞ അനുകമ്പയോടെയാണു പരിശുദ്ധ സിംഹാസനം മറുപടി അയയ്ക്കുകയുണ്ടായതു.

കാരുണ്യവാനായ ദൈവത്തോടും ഭാഗ്യപ്പെട്ട ദൈവമാതാവായ വി. കന്യാസ്ത്രീ അമ്മയോടും ഞാൻ പ്രാർത്ഥിക്കുന്ന അവസരത്തിലെല്ലാം അങ്ങയുടെ നാമം എന്റെ സ്മരണയിൽ വരുന്നുണ്ടു. ശീശ്മ ഉപേക്ഷിച്ചു ദൈവത്തിന്റെ സഭയുടെ ഐക്യത്തിലേക്കു പ്രവേശിക്കുവാൻ പരിശുദ്ധാത്മാവു അങ്ങയെ നിരന്തരം ക്ഷണിക്കുന്നു ..........................................

..........................................................................

ശീശ്മയാകുന്ന പാപമാണു ദിവ്യനാഥന്റെ ഹൃദയത്തെ ആഴമായി മുറിപ്പെടുത്തിയ ഭീകരപാപം. ഇന്നു ക്രിസ്തുമതം പരുഷമായ പരീക്ഷണത്തിന്റെ തീച്ചൂളയിൽക്കിടന്നു പൊരിയുകയാണു. ഇതിനുമുമ്പൊരിക്കലും ഇത്ര ഉഗ്രമായ അഗ്നിപരീക്ഷണം ക്രിസ്ത്യാനികൾക്കു നേരിടേണ്ടിവന്നിട്ടില്ല. നമ്മുടെ മതവിശ്വാസം, അതിന്റെ സ്വർഗ്ഗീയമായ ഉത്ഭവം, പ്രകൃത്യതീതമായ സ്വഭാവം, ആദിയായ നമ്മുടെ ആദ്ധ്യാത്മികാവശ്യങ്ങളെല്ലാം ഇന്നു എവിടെയും വെല്ലുവിളിക്കപ്പെടുകയാണു. ക്രിസ്തുവിന്റെയും അവിടത്തെ സഭയുടെയും അവകാശങ്ങൾ ശാശ്വതമായി സംരക്ഷിക്കുന്നതിനുവേണ്ടി നാം എന്താണു ചെയ്യുന്നതു? ലോകത്തെ ക്രിസ്തുവിങ്കലേക്കു ആനയിക്കുവാൻ—കമ്മ്യൂണിസ്റ്റു റഷ്യയെ ജയിച്ചടക്കുവാൻ സഭയുടെ ഐക്യം ഒന്നുകൊണ്ടു മാത്രമേ സാധിക്കയുള്ളു. നമ്മുടെ ഭവനം അഗ്നികുണ്ഡത്തിന്റെ വക്കത്തോളമെത്തിയിരിക്കുന്നതെന്നുള്ളതിനൊരു തെളിവു മാത്രമാണു റഷ്യയിലെ പരമദയനീയമായ സ്ഥിതി. സ്വന്തം ഭവനത്തിനു തീ പിടിക്കുമ്പോൾ നാം സൌന്ദര്യപ്പിണക്കം കൊണ്ടു സമയം കളയുകയോ? നിസ്സാരകാരണങ്ങൾകൊണ്ടു പിണങ്ങി നില്ക്കുകയോ? ഭവനം ഭവനത്തിനെതിരായി കലഹിച്ചു മത്സരിച്ചാൽ അതു നിലനില്ക്കുകയില്ലെന്നു നമ്മുടെ കർത്താവു തന്നെ കല്പിച്ചിട്ടുണ്ടല്ലോ. ദൈവഭവനത്തെ വിഭജിച്ചു ഭിന്നിപ്പിക്കുന്നതിനാണു ശീശ്മകൾ ഏതു കാലത്തും പരിശ്രമിച്ചിട്ടുള്ളതു. നമ്മുടെ പിതാക്കന്മാർ തെററു ചെയ്തുപോയി. നാം ആ പാപത്തിൽത്തന്നെ നിലകൊള്ളുകയോ? മുമ്പു ചെയ്തിട്ടുള്ളതും ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതുമായ സകല പാപങ്ങൾക്കും നാം പ്രായശ്ചിത്തം അനുഷ്ഠിക്കണം. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നാഥന്റെ മുമ്പിൽ നാം സാഷ്ടാംഗം വീണു മാപ്പിരക്കണം. തിരുസഭയുടെ ഐക്യത്തിലേക്കു—സാർവ്വത്രിക സഭാതലവനായ പോപ്പുരാജനുമായുള്ള അനുഗ്രഹീതമായ ആ ബന്ധത്തിലേക്കു—അവിടന്നു അടുത്തു വരുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. കത്തോലിക്കാസഭയിൽ മാത്രമേ യഥാർത്ഥമായ ഐക്യവും സമാധാനവുമുള്ളു.

**അഭിവന്ദ്യതിരുമേനി,**

ഇതിനുവേണ്ടിയുള്ള ഓരോ ചുവട്ടുവയ്പ്പും കാൽവരി മലമുകളിലേക്കുള്ള ആരോഹണത്തിൻെറ പടികളായിരിക്കാം. പക്ഷെ എന്തിനു നാം ഭീതിപ്പെടുന്നു? ക്രിസ്തുവിനും അവിടത്തെ സഭയ്ക്കും വേണ്ടി ക്രൂശിക്കപ്പെടാനല്ലെ അവിടന്നു അഭിഷിക്തനായിരിക്കുന്നതു്. പരിശുദ്ധ പിതാവിനു കീഴ്‌വഴങ്ങുന്നതുകൊണ്ടു് പല പീഡകളും അങ്ങയ്ക്കു് സഹിക്കേണ്ടിവരുന്നാകാം, പല ത്യാഗങ്ങളും അനുഭവിക്കേണ്ടിവരുന്നാകാം. പക്ഷെ, അവ താൽക്കാലികങ്ങളാണു്. പല നൂറ്റാണ്ടുകളായി നമ്മെ വലിച്ചുകൊണ്ടുപോകുന്ന സഭാഭിന്നതകളെ അവസാനിപ്പിക്കുവാനുള്ള ഒരു സുശക്താപകരണമായി അങ്ങു തീരുകയും ദൈവം അങ്ങയിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അങ്ങേക്കനുഭൂതമാകുന്ന ആനന്ദനിർവൃതിയുടെ തിരത്തള്ളലിൽ സഭൈക്യത്തിനുവേണ്ടി സഹിക്കേണ്ടിവന്ന സഹനങ്ങളും പ്രയാസങ്ങളുമെല്ലാം നിസ്സാരങ്ങളും ക്ഷണികങ്ങളുമായി അലിഞ്ഞു മാഞ്ഞുപോകുന്നതാണു്.

**പ്രിയപ്പെട്ട തിരുമേനി,**

ഈ കത്തെഴുതുവാൻ ഞാൻ അല്പം സ്വാതന്ത്ര്യം പ്രയോഗിച്ചുപോയതു് ക്ഷമിക്കുവാൻ അപേക്ഷിക്കുന്നു. അങ്ങയേയും എന്നെയും പരസ്പരം ബന്ധിക്കുന്ന ഒരു ശൃംഖല ഉണ്ടു്. അതത്രേ ക്രിസ്തുവിൻെറ സ്നേഹബന്ധം. ശീശ്മയിൽനിന്നും ക്രിസ്തുനാഥൻ എന്നെ വീണ്ടെടുത്തു. അങ്ങയേയും വീണ്ടുകൊള്ളുവാൻ അവിടുന്നാഗ്രഹിക്കുന്നു. അതുകൊണ്ടും അതിനായിട്ടുമത്രേ ഞാൻ അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതു്. അതുകൊണ്ടുമാത്രമാണു് ഈ കത്തെഴുതുവാൻ ഞാൻ ധൈര്യപ്പെട്ടതും. ഭക്ത്യാദരങ്ങളോടുകൂടെ ഈ കത്തു് അങ്ങേ സന്നിധിയിൽ ഞാൻ അടിയറവച്ചുകൊള്ളുന്നു. ഈ എൻെറ അപേക്ഷ അങ്ങയുടെ ബലിപീഠത്തിൻെറ ചുവട്ടിൽ സൂക്ഷിക്കുവാൻ ദയവുണ്ടാകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്നു്

കർത്താവിൽ വിനീതൻ

മാർ ഈവാനിയോസ്സ്.

II

**അമേരിക്കയിൽ ന്യൂയോർക്കിലുള്ള ഒരു ഓർത്തഡോക്സ് പള്ളിയിലെ വൈദികനു് 1931 മാർച്ച് 20-ാം തീയതി കഥാപുരുഷൻ തിരുവല്ലായിൽനിന്നും അയച്ച വേറൊരു കത്താണു് ചുവടേ ചേർക്കുന്നതു്.**

Dear Very Rev. Father Barnabas,

ഞങ്ങളെപ്പോലെ നിർഭാഗ്യകരമായി ശീശ്മയിൽ ജനിക്കുകയും എന്നാൽ ശീശ്മയുടെ പാപകാഠിന്യം ഗ്രഹിക്കുവാനുള്ള താല്പര്യം ദൈവത്തിൽ നിന്നു് ലഭിക്കുകയും ചെയ്തവരായ സ്നേഹിതന്മാർ വിദൂരദേശമായ അമേരിക്കയിലുണ്ടെന്നുള്ള വസ്തുത എനിക്കും എൻെറ കൂടെയുള്ളവർക്കും അതിയായ സന്തോഷത്തെ പ്രദാനം ചെയ്യുന്നു. നമ്മുടെ ദിവ്യരക്ഷകൻ ദൃശ്യമായ ഒരു സഭയെ മാത്രമേ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളു. ആ ദൃശ്യസഭ ഏകവും അവിഭാജ്യവുമാണു്. വിശ്വാസത്തിലും സംഘടനയിലും സജീവപ്രവർത്തനത്തിലും അതു് ഐക്യം പരിപാലിക്കുന്നു. ദിവ്യമണവാളനുമായുള്ള മൌതികമായ ഐക്യത്തിനു് അംഗങ്ങളായ വിശ്വാസികളുടെ കൂദാശാപരമായ ഐക്യത്താൽ ബാഹ്യമായും സംയോജിപ്പിക്കപ്പെട്ടു് ഭൂമിയിൽ ദൈവരാജ്യമായി അവർ പ്രശോഭിക്കുന്നു. ഈ ദൃശ്യമായ സഭയുടെ ഭൂമിയിലെ തലവനത്രേ മാർപ്പാപ്പാ ക്രൈസ്തവലോകത്തിൻെറ സാർവ്വത്രികമായ ഐക്യത്തിൻെറ കേന്ദ്രവും ക്രിസ്തുവിൻെറ സഭയുടെ പരമാധികാരിയും ഇദ്ദേഹമാണു്. പൗരസ്ത്യസഭയുടെ മക്കളായ താങ്കളോ ഞാനോ നമ്മുടെ പുരാതനങ്ങളായ റീത്തുകളെയോ ആചാരങ്ങളെയോ ഉപേക്ഷിക്കണമെന്നു് പ: സിംഹാസനം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല, ആഗ്രഹിക്കുകയുമില്ല. നേരെമറിച്ചു് പ്രാചീനങ്ങളും അനർഘങ്ങളുമായ പാരമ്പര്യങ്ങളെ അവിഘ്നം പരിരക്ഷിക്കണമെന്നു് പ. സിംഹാസനം എല്ലായ്പ്പോഴും നിഷ്കർഷിച്ചുകൊണ്ടാണു് ഇരുന്നിട്ടുള്ളതു്. മനോ

ഹരമായ ഒരു പൂവാടിയിൽ വിവിധ വർണ്ണാജാലങ്ങളായ കുസുമങ്ങളെന്നപോലെ കത്തോലിക്കാസഭയാകുന്ന പൂന്തോപ്പിൽ മനോഹരങ്ങളായ വിവിധ റീത്തുകൾ ഉണ്ട്. ക സഭയുമായി പുനരൈക്യപ്പെടുമ്പോൾ നിങ്ങളുടെ റീത്ത് പരിത്യജിച്ചിട്ട് ലത്തീൻ റീത്ത് സ്വീകരിക്കണമെന്ന് പ: സിംഹാസനം ഒരു നാളും ആവശ്യപ്പെടുകയില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. ഇക്കാര്യത്തിൽ യാതൊരാശങ്കയ്ക്കും ഭീതിക്കും അവകാശമില്ല. സമയവും സന്ദർഭവും നോക്കി ഇഷ്ടാനുസാരം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ലാ പരിശുദ്ധ സിംഹാസനം പിന്നെയോ, ആദർശത്തിന്റെ അടിസ്ഥാനത്തിന്മേലത്രേ പ്രസ്തുത സിംഹാസനം പ്രവർത്തിക്കുന്നത്. ഏതെങ്കിലും ഒരാദർശം ഒരിക്കൽ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ആ ആദർശം അഭംഗമായി തുടരുന്നതിൽ പരിശുദ്ധ സിംഹാസനം അതീവനിഷ്കർഷ പ്രദർശിപ്പിക്കുന്നുണ്ട്.

യേശുനാഥന്റെ സ്നേഹഹൃദയമാണ് തിരുസഭയുടെ മാർവ്വിടത്തിൽ സ്പന്ദിക്കുന്നത്. ക്രൈസ്തവചരിത്രത്തിന്റെ ആരംഭം മുതൽ ഇതുപര്യന്തം ആവിർഭവിച്ചിട്ടുള്ള വിവിധ ശീശ്മകൾ ആ സ്നേഹനാഥന്റെ മൗതികശരീരത്തിൽ ദാരുണമായ നിരവധി വ്രണങ്ങൾ ഉളവാക്കിതീർത്തു. പ്രസ്തുത വ്രണങ്ങൾ സൗഖ്യമായി കാണുന്നതിനുവേണ്ടി സദാപി ദാഹിക്കുകയാണ് തിരുസഭാഹൃദയം. സഭയുടെ അടിസ്ഥാനശിലയായ വി. പത്രോസും വിശ്വാസത്തിന്റെ ശില്പിയായ വിശുദ്ധ പൗലോസും വിശ്രമം കൊള്ളുന്നത് റോമിലാണ്. അവിടമാണ് ദൃശ്യസഭയുടെ കേന്ദ്രസ്ഥാനം. ഈ അപ്പോസ്തലന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നത് പരിശുദ്ധ പിതാവായ മാർപ്പാപ്പായാണ്. വിഗ്രഹാരാധനക്കാരുടെയും ഇടത്തുട്ടുകാരുടെയും മാനസാന്തരത്തിനും ശീശ്മക്കാരുടെ തിരിച്ചുവരവിനും വേണ്ടി അവിച്ഛിന്നമായും ശക്തിമത്തായും തുടിച്ചുകൊണ്ടിരിക്കുന്ന ദിവ്യനാഥന്റെ സ്നേഹഹൃദയം, അതേ പരിശുദ്ധപിതാവിന്റെ ഹൃദയത്തിൽ തന്നെയാണ്. യേശുനാഥന്റെ ജീവദായകമായ കഷ്ടാനുഭവവും മരണവും പുനരുത്ഥാനവും വഴി ശുദ്ധീകരിച്ചു വീണ്ടെടുത്ത മനുഷ്യകുലം ഒന്നടങ്കം രക്ഷാകരമായ വിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതു കാണുവാൻ അവിടത്തെ ഹൃദയം അവിശ്രാന്തം കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയാണു.

സന്യാസികൾക്കും സന്യാസിനികൾക്കും വേണ്ടി രണ്ടു സന്യാസസംഘങ്ങൾ സ്ഥാപിക്കുവാനുള്ള അസുലഭമായ മഹാഭാഗ്യം ഏതാനും വർഷങ്ങൾക്കു മുമ്പ് ദൈവം ഈ എനിക്കു നൽകി. ഈ സന്യാസസമൂഹങ്ങളും എന്നെ അനുകരിച്ച് കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുകയാണുണ്ടായത്. ക്രിസ്ത്യാനുകരണസമൂഹത്തിലെ ബ്രദേഴ്സ്, സിസ്റ്റേഴ്സ് എന്ന പേരിലാണ് അവർ അറിയപ്പെടുന്നത് ബഥനി ബ്രദേഴ്സ്, ബഥനി സിസ്റ്റേഴ്സ് എന്ന പേരിലും അവർ സാധാരണ വിളിക്കപ്പെടുന്നു. എന്നോടുകൂടി കത്തോലിക്കാസഭയിൽ പ്രവേശിച്ച മാർ തെയോഫിലോസ് തിരുമേനിയും ബഥനിയിലെ സന്യാസ വൈദികരും സഹോദരന്മാരും സന്യാസിനികളും ഞാനും ഒത്തു ചേർന്നു പ്രാർത്ഥിക്കുകയാണ് അങ്ങും ഒരു കത്തോലിക്കനായി തീരുന്നതു കാണുവാൻ. വിശുദ്ധ പത്രോസിന്റെ നൗകയിലേക്കു തിരിച്ചുവരുവാൻ ഞങ്ങളെപ്പോലെ അങ്ങേയ്ക്കും വേഗം സാധിക്കുമാറാകട്ടെ എന്നു ഞങ്ങളാശംസിച്ചുകൊള്ളുന്നു.

എന്ന്

ആർച്ചുബിഷോപ്പ്
മാർ ഈവാനിയോസ്.
(ബഥനി മെത്രാപ്പോലീത്താ)

# വധശിക്ഷയ്ക്കു മുൻപ് വിയറ്റ്നാം യുവാവ് മാനസാന്തരപ്പെട്ടു

വിയറ്റ്നാമിൽ അതിരൂക്ഷമായ ഒരു സമരം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. പലപല കാരണങ്ങളാൽ കമ്മ്യൂണിസത്തിന്റെ സ്വാധീനവലയിൽ വീണുപോയ നിരവധി ചെറുപ്പക്കാർ ഇന്ന് കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി പല രീതികളിൽ തെക്കൻ വിയറ്റ്നാമിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രേഷ്ഠമായ ഒരാദർശ സാക്ഷാത്ക്കാരത്തിനുവേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് മിക്ക ചെറുപ്പക്കാരും കരുതുന്നുണ്ട്. സ്വാർത്ഥലാഭത്തിനുവേണ്ടിയും വൈരാഗ്യനിർവ്വഹണത്തിനുവേണ്ടിയും പ്രവർത്തിക്കുന്നവരും ഇല്ലാതില്ല. നമ്മുടെ നാട്ടിൽ തന്നെ കമ്മ്യൂണിസത്തിനുവേണ്ടി പ്രവർത്തിയെടുക്കുന്നവരിൽ ഈ മൂന്നു വിഭാഗക്കാരേയും കാണാമല്ലോ.

കഴിഞ്ഞ ജനുവരിമാസത്തിൽ തെക്കൻ വിയറ്റ്നാം ഗവൺമെന്റിനെതിരായി ഉണ്ടായ ലഹളയോടനുബന്ധിച്ച് അറസ്റ്റുചെയ്യപ്പെട്ട ഒരുചെറുപ്പക്കാരൻ. പ്രായം ഇരുപത് വയസ്സ്. അറസ്റ്റുചെയ്യുമ്പോൾ രണ്ടു മൈനുകളും ഒരു കൈബോംബും കമ്മ്യൂണിസ്റ്റ് അധികാരികളുടെ പക്കൽ നിന്നുള്ള ഒരു കത്തും ഏതാനും കമ്മ്യൂണിസ്റ്റു ലഘുലേഖകളും അയാളുടെ പക്കൽ ഉണ്ടായിരുന്നു. ജനുവരി 23ന് അറസ്റ്റുചെയ്യപ്പെട്ട അവൻ 28-ാം തീയതി വധശിക്ഷയ്ക്കു് വിധിക്കപ്പെട്ടു. അവനെ വിധിച്ച പട്ടാളക്കോടതി പിറ്റേദിവസം രാവിലെതന്നെ അവനെ വെടിവച്ചു കൊല്ലുവാനാണ് ഉത്തരവായത്.

സയ്ഗോൺ നഗരത്തുള്ള ചീഹോവാ ജയിലിലാണ് അവൻ അടയ്ക്കപ്പെട്ടിരുന്നത്. പ്രഭാതമാകുന്നതിനു മുൻപുതന്നെ ജയിലിലെ ബുദ്ധമത ചാപ്ലയിനേയും കത്തോലിക്കാ ചാപ്ലയിനേയും ജയിലധികാരികൾ വിളിച്ചുവരുത്തി. മതസ്വാതന്ത്ര്യം പരിരക്ഷിക്കണമെന്നുള്ളതത്വമനുസരിച്ചാണ് രണ്ടുപേരേയും അവർ വിളിച്ചുവരുത്തിയത്.

കുററവാളിയുടെ അഭിഭാഷകനും പട്ടാളക്കോടതിയിലെ മററുദ്യോഗസ്ഥന്മാരും എത്തി. വെളുപ്പിന് 5 മണിയായപ്പോൾ അവരെല്ലാവരും ഒന്നിച്ച് തടവുകാരന്റെ മുറിയിൽ എത്തി. അവരുടെ ആഗമനം എന്താണ് സൂചിപ്പിക്കുന്നത് എന്ന് ആ ചെറുപ്പക്കാരന് മനസ്സിലായി. കാരുണ്യത്തിനുവേണ്ടിയുള്ള അവന്റെ അപേക്ഷ നേരത്തേതന്നെ നിഷേധിക്കപ്പെട്ടുകഴിഞ്ഞിരുന്നു. തടവുകാരന് എന്തെങ്കിലും പറയുവാനുണ്ടോ എന്ന് പട്ടാള ഉദ്യോഗസ്ഥൻ ആരാഞ്ഞു. "ഞാൻ എന്റെ അമ്മയോടു യാത്രചോദിക്കുന്നു" എന്ന് ചെറുപ്പക്കാരൻ പ്രതിവചിച്ചു.

ഏതാനും പ്രാർത്ഥനകൾ ചൊല്ലുന്നതിനുവേണ്ടി ബുദ്ധമത പുരോഹിതൻ മുൻപോട്ടു നീങ്ങിനിന്നു. ഇതു് അവൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് പട്ടാള ഉദ്യോഗസ്ഥൻ അവനോടു് ചോദിച്ചു. അവൻ മറുപടി ഒന്നും പറഞ്ഞില്ല. അപ്പോൾ പട്ടാളഉദ്യോഗസ്ഥൻ അവനോടു പറഞ്ഞു: ഇവിടെ ഒരു ബുദ്ധമതപുരോഹിതനും ഒരു കത്തോലിക്കാ വൈദികനും ഉണ്ടു്. ആരെയാണു് നീ തിരഞ്ഞെടുക്കുന്നതു്"? അവന്റെ മറുപടി. "കത്തോലിക്കാവൈദികനെ ഞാൻ തിരഞ്ഞെടുക്കുന്നു."

അവിടെയുണ്ടായിരുന്ന കത്തോലിക്കാ വൈദികനായ ഫാദർ ട്രാൻവാൻ തോങ്ങ് മനസ്സാ ദൈവത്തിനു കൃതജ്ഞത പറഞ്ഞു. യാതൊരു മതവും തനിക്കില്ലന്നു് വിസ്താരവേളയിൽ ആ ചെറുപ്പക്കാരൻ കോടതിയിൽ പറഞ്ഞിരുന്നു. അവന്റെ മാനസാന്തരത്തിനുവേണ്ടി തലേദിവസം വൈകുന്നേരംമുതൽ ഫാദർ ട്രാനും ജയിലിലെ ലീജിയനംഗങ്ങളും പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

സമയം നഷ്ടപ്പെടുത്താനില്ല. മാമോദീസായിക്കു് അവനെ സന്നദ്ധനാക്കുവാൻവേണ്ടി ഏററവും അത്യാവശ്യകാര്യങ്ങൾ വൈദികൻ അവനെ പറഞ്ഞു ഗ്രഹിപ്പിച്ചു. അതിനുശേഷം പത്രോസ് എന്ന പേരുനൽകി അവനു് അദ്ദേഹം മാമോദീസാ നൽകി.

കൃത്യം 5. 20നു് മിലിട്ടറിപോലീസ് കൈ വിലങ്ങുവച്ചിട്ട് വധസ്ഥലത്തേക്കു

# ചോദ്യോത്തരപംക്തി

(J. G.)

ചോദ്യം: കത്തോലിക്കാസഭയിൽ പരിശുദ്ധ കന്യകമറിയത്തോട്ട് കാണിക്കുന്ന ഭക്തി ക്രൈസ്തവസഭകളുടെ ഐക്യത്തിന്ന് യഥാർത്ഥമായ ഒരു പ്രതിബന്ധമാണെന്നു് പല അകത്തോലിക്കാസഹോദരങ്ങളും പ്രസ്താവിക്കുന്നുണ്ട്. അതു ശരിയാണോ?

ഉത്തരം: കത്തോലിക്കർ പരിശുദ്ധ കന്യകയോട്ട കാണിക്കുന്ന ഭക്തി ക്രൈസ്തവസഭകളുടെ ഐക്യത്തിന്നു് യഥാർത്ഥ പ്രതിബന്ധമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ ചിന്തിക്കുകയും പറയുകയും ചെയ്യുന്ന പലരുമുണ്ടെന്നുള്ളകാര്യം ശരിതന്നെ. തെററിദ്ധാരണകളിൽ അധിഷ്ഠിതമായതാണ്ആ ചിന്താഗതി. മനുഷ്യകലത്തിൻെറ രക്ഷയിൽ പരിശുദ്ധ കന്യകമറിയത്തിനുള്ള യഥാർത്ഥമായ പങ്കിനെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചും അവികലമായ അവബോധം ഇല്ലാത്തതാണു് ഈ ചിന്താഗതിക്കുള്ള കാരണം. എൻെറ നോട്ടത്തിൽ ഇങ്ങനെ ചിന്തിക്കുന്നതിനും പറയുന്നതിനും മറെറാരു കാരണം കൂടിയുണ്ട്. അതു മനശാസ്ത്രപരമായ ഒന്നാണ്. ആർക്കുമാക്കും വലിയ മനഃപ്രയാസങ്ങളൊന്നുമുണ്ടാകാതെ വിശ്വാസപരമായ കാര്യങ്ങളിൽ ഒത്തുതീർപ്പുകൾ ഉണ്ടാക്കി ക്രൈസ്തവസഭകളുടെ ഐക്യം സാധിതമാക്കാമെന്നു് ചിന്തിക്കുന്ന ചിലരുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വിശ്വാസവിഷയങ്ങളിൽ കത്തോലിക്കാസഭയും ചില വിട്ടുവീഴ്ചകൾ ചെയ്താൽ കൊള്ളാമെന്നു് അവർ ആഗ്രഹിക്കുന്നുണ്ട്. ആ ആഗ്രഹത്തിൻെറ പ്രേരണകൊണ്ടുംകൂടി ആയിരിക്കാം ഇങ്ങനെയുള്ള പ്രസ്താവനകൾ അവർ പുറപ്പെട്ടവിക്കുന്നതു്.

പരിത്രാണകർമ്മം ക്രിസ്തുവിൻേറതായിരുന്നു. ശരിതന്നെ. കാൽവരിയിലെ ബലിമൂലം ക്രിസ്തുനാഥൻ പരിത്രാണകർമ്മം നിർവഹിച്ചു. എന്നാൽ ആ ബലിക്കുവേണ്ട ബലിവസ്തു മറിയത്തിൻേറതുകൂടിയാണെന്നു് പറയാം. അവളുടെ മാത്രം മാംസവും രക്തവുമായിരുന്ന ക്രിസ്തുനാഥൻെറ മാംസവും രക്തവും. അങ്ങയെ ഗർഭം ധരിക്കുകയും പാലൂട്ടി വളർത്തുകയും അങ്ങയുടെ വളർച്ചയ്ക്കുവേണ്ടി കഷ്ടപ്പാടുകളും ദുരിതങ്ങളുമനുഭവിക്കുകയും ചെയ്ത അങ്ങയുടെ മാതാവാണു് പരിശുദ്ധ കന്യകമറിയം. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തുവിനു് കന്യകമറിയത്തെക്കൊണ്ട് ആവശ്യമുണ്ടായിരുന്നു. മാതാപിതാക്കളെ ബഹുമാനിക്കണമെന്ന യഹോവയുടെ കല്പന ക്രിസ്തു അക്ഷരംപ്രതി അനുസരിച്ചിരുന്നു.

യാതനാകലിതമായ കുരിശുമരണം വരി

---

കൊണ്ടുപോകുവാൻ അവനെ അവർ വാനിൽ കയററി. ഫാദർ ട്രാനും അവരോടൊന്നിച്ചുകയറി. ദൈവസ്നേഹത്തെക്കുറിച്ചും ദൈവകാരുണ്യത്തെക്കുറിച്ചും മററും സംസാരിച്ചു് അദ്ദേഹം അവനെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു. അവൻെറ വീടിനെ സംബന്ധിച്ചു് അവനുണ്ടായിരുന്ന അന്ത്യാഭിലാഷങ്ങളെല്ലാം അവൻ വൈദികനെ ഗ്രഹിപ്പിച്ചു.

വധസ്ഥലത്തെത്തിയപ്പോൾ അവൻെറ കണ്ണുകൾ പടയാളികൾ മൂടിക്കെട്ടി. ഒരു തൂണോടുചേർത്തു് അവനെ അവർ ബന്ധിച്ചു. തൂണിൻെറ പിൻവശത്തു് മണൽച്ചാക്കുകൾ അടുക്കി വച്ചിട്ടുണ്ടായിരുന്നു. അവൻെറ അടുക്കൽനിന്നു് ഏററവും ഒടുവിൽ പിൻവാങ്ങിയതു് ഫാദർ ട്രാൻ ആയിരുന്നു. വെടികൊണ്ടു് അവൻ വീണപ്പോൾ ആദ്യം പാഞ്ഞെത്തിയതും അദ്ദേഹം തന്നെ. സമാധാനവും ശാന്തതയും പ്രദ്യോതിപ്പിക്കുന്ന രീതിയിൽ ആണു് അവൻ മരണത്തെ നേരിട്ടതു്.

(J. G.)

ക്ഷിച്ചുകൊണ്ടു് മറിയം കുരിശിൻചുവട്ടിൽ
നിന്നിരുന്നു. കുരിശിൻചുവട്ടിൽ നിന്നിരുന്ന
മറിയത്തെ ക്രിസ്തുനാഥൻ യോഹന്നാനു് ഏ
ല്പിച്ചുകൊടുത്തു. ഇക്കാര്യത്തിൽ യോഹന്നാൻ
മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയാണെന്നു്
നാം കരുതുന്നു. ക്രിസ്തു നമ്മുടെ സഹോദര
നാണു്. ക്രിസ്തുവിൽക്കൂടി നാം ദൈവത്തി
ൻെറ ദത്തുപുത്രരായി. ക്രിസ്തുമുഖേന പരി
ശുദ്ധ കന്യകമറിയം നമ്മുടെ മാതാവും ആ
യി. ഒരർത്ഥത്തിൽ ലോകരക്ഷകനെ ഗർഭം ധ
രിച്ച നിമിഷംമുതൽ തന്നെ ദൈവമാതാവാ
യ പരിശുദ്ധ കന്യകമറിയം മനുഷ്യവർഗ്ഗ
ത്തിൻെറ മാതാവുമായിത്തീർന്നു.

പരിശുദ്ധ കന്യകമറിയത്തോടുകാണിക്കു
ന്ന ഭക്തിമൂലം ക്രിസ്തുവിനോടുള്ള നമ്മുടെ ഭ
ക്തി കുറയുകയല്ല, കൂട്ടുകയത്രേ ചെയ്യുന്നതു്.
മകനെ ബഹുമാനിക്കുവാൻവേണ്ടി ആരും
ആ മകൻെറ അമ്മയെ അനാദരിക്കുകയില്ല.
അമ്മയെ ബഹുമാനിക്കുമ്പോൾ മകൻ സ
ന്തോഷിക്കും. അമ്മയ്ക്കു നൽകുന്ന ബഹുമാനം
തന്നെ താഴ്ത്തിക്കെട്ടുകയാണെന്നു് ഒരിക്ക
ലും മകൻ ചിന്തിക്കുകയില്ല. മകനു നൽകുന്ന
ബഹുമാനം കണ്ടു് അമ്മയും സന്തോഷിക്കും.
ലോകരീതി ഇതാണു്. മനുഷ്യബുദ്ധിക്കു്
യോജിച്ച രീതിയും ഇതാണു്. അതിനാൽ
ക്രിസ്ത്യാനികളെല്ലാവരും തന്നെ ക്രിസ്തുവി
ൻെറ മാതാവിനോടുള്ള ബഹുമാനത്തിലും
ഏകമനസ്സുള്ളവരായിത്തീരണം.


ചോ: "ദൈവം ഒരുവനല്ലോ; ദൈവത്തി
നും മനുഷ്യർക്കും ഇടയ്ക്കു മദ്ധ്യസ്ഥനും ഒരുവൻ:
എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെ
ത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു
തന്നെ." (1 തിമോത്തി 2. 5) എന്നു വേദ
പുസ്തകത്തിൽ നാം വായിക്കുന്നു. അപ്പോൾ
ക്രിസ്തു അല്ലാതെ വേറെ മദ്ധ്യസ്ഥന്മാരില്ലെ
ന്നു് സ്പഷ്ടമാണല്ലോ. പിന്നെ എന്തിനു് നി
ങ്ങൾ കന്യകാമറിയത്തോടും പരിശുദ്ധന്മാ
രോടും പ്രാർത്ഥിക്കുന്നു?

ഉ: ക്രിസ്തുവാണു് ഏക മദ്ധ്യസ്ഥൻ എ
ന്നുള്ളതു ശരിതന്നെ. മററുള്ളവർ ക്രിസ്തുവി
നോടുകൂടിയും ക്രിസ്തുവിൽക്കൂടിയും മാത്രമേ
മദ്ധ്യസ്ഥരാകയുള്ളൂ. ക്രിസ്തുവും ക്രിസ്ത്യാനി
യും തമ്മിൽ ഉള്ള ബന്ധം നമ്മിൽ പലരും
ശരിക്കു മനസ്സിലാക്കിയിട്ടുണ്ടോ എന്നു സം
ശയമാണു്. ക്രിസ്ത്യാനികളെ പീഡിപ്പിച്ച
ശൗലിനോടു് "ശൗലേ ശൗലേ നീ എന്തിനു്
എന്നെ പീഡിപ്പിക്കുന്നു"? എന്നാണല്ലോ
ക്രിസ്തു ചോദിച്ചതു്. ശൗൽ ക്രിസ്തുവിനെ
കണ്ടിട്ടില്ല ക്രിസ്തുവിനെ യാതൊന്നും ചെയ്തി
ട്ടില്ല, യാതൊന്നും പറഞ്ഞിട്ടുമില്ല. പക്ഷേ,
ക്രിസ്ത്യാനികളെ പീഡിപ്പിച്ച ശൗൽ ക്രിസ്തു
വിനെ പീഡിപ്പിക്കുകയായിരുന്നു. ഈ ശൗൽ
ആണല്ലോ പൗലോസ് ആയതു്. വിശുദ്ധ
പൌലോസ് ക്രിസ്തുവും ക്രിസ്ത്യാനിയും ഒന്നു
തന്നെയാണെന്നുള്ള ആശയം തൻെറ ലേഖ
നങ്ങളിൽ സ്പഷ്ടമായി പ്രകടിപ്പിക്കുന്നുണ്ടു്.
തിമോത്തിയോസിനു ലേഖനമെഴുതിയ പൌ
ലോസ് തന്നെ തൻെറ ലേഖനങ്ങളിൽ മദ്ധ്യ
സ്ഥപ്രാർത്ഥന യാചിക്കുന്നുണ്ടു്.

"എന്നാൽ സഹോദരന്മാരെ, യഹൂദ്യയി
ലെ അവിശ്വാസികളുടെ കയ്യിൽനിന്നു എ
ന്നെ രക്ഷിക്കേണ്ടതിനും യറൂസലേമിലേക്കു
ഞാൻ കൊണ്ടുപോകുന്ന സഹായം വിശുദ്ധ
ന്മാർക്കു് പ്രസാദമായിത്തീരേണ്ടതിനും ഇങ്ങ
നെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷ
ത്തോടുകൂടി നിങ്ങളുടെ അടുക്കൽ വന്നു് നി
ങ്ങളോടുകൂടി മനം തണുക്കേണ്ടതിനും നിങ്ങ
ൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥ
യിൽ എന്നോടുകൂടെ പോരാടേണം എന്നു്
നമ്മുടെ കർത്താവായ യേശുക്രിസ്തുവിനേയും
ആത്മാവിൻെറ സ്നേഹത്തെയും ഓർപ്പിച്ചു
ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു"
(റോമ 15, 30-32)

"സകല പ്രാർത്ഥനയാലും യാചനയാലും
എല്ലാ നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും
അതിനായി ജാഗരിച്ചുംകൊണ്ടു് സകല വി
ശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥന
യിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ. ഞാൻ
ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവി
ക്കുന്ന സുവിശേഷത്തിൻെറ മർമ്മം പ്രാഗത്ഭ്യ

# ഗ്രന്ഥനിരൂപണം



## ക്രിസ്തുമതപ്രകാശിക

റവ. ഡോ. ജോൺ എ. ഓബ്രിയൻ ആംഗലേയഭാഷയിൽ എഴുതിയ Faith of the Millions എന്ന വിശ്വവിഖ്യാതമായ ഗ്രന്ഥത്തിന്റെ ഏററം നവീനമായ പതിപ്പ് റവ. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി മലയാളത്തിലേക്ക പരിഭാഷപ്പെടുത്തിയിട്ടുള്ളതാണ് ഈ ഗ്രന്ഥം. സുപ്രസിദ്ധനായ ഒരു ഗ്രന്ഥകാരന്റെ സുപ്രസിദ്ധമായ ഗ്രന്ഥം മറെറാരു സുപ്രസിദ്ധനായ എഴുത്തുകാരൻ പരിഭാഷപ്പെടുത്തുക—ആസ്വാദനീയമായിരിക്കും ആ പരിഭാഷ എന്നു പ്രത്യേകം പറയേണ്ടതുണ്ടോ? ഹൃദ്യമായ വിഷയാവിഷ്കരണസമ്പ്രദായം, സഹൃദയസംവാദക്ഷമത ഉളവാകുന്ന പ്രതിപാദനരീതി, ലളിതസുന്ദരമായ ശയ്യാഗുണം—ഇവയെല്ലാം ഈ ഗ്രന്ഥത്തിന്റെ വിശിഷ്ടതകളാണ്.

ഇനിയും വിഷയങ്ങളിലേക്ക കടന്നാലോ? വിവർത്തകൻ എഴുതിയിരിക്കുന്ന മുഖവുരയിലെ ഏതാനും വാചകങ്ങൾ തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ. "ഈ ലോകജീവിതത്തിൽ ഏററം പ്രാധാന്യമർഹിക്കുന്ന മനുഷ്യാത്മാവിന്റെ രക്ഷയെ കാര്യമായി സ്പർശിക്കുന്നതും, ഈ ലോകത്തിലും പരലോകത്തിലും പ്രയോജനപ്രദമായിത്തീരുവാൻ സഹായിക്കുന്നതുമായ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചും, ഭക്ത്യനുഷ്ഠാനങ്ങളെക്കുറിച്ചും, ദൈവികകല്പനകളെപ്പററിയുമുള്ള വ്യക്തമായ വിശദീകരണമാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം" ക്രിസ്തുമതത്തിന്റെ അടിസ്ഥാനപ്രബോധനങ്ങളും ദിവ്യാനുഗ്രഹനീർച്ചാലുകളായ എഴു കൂദാശകളും ആധ്യാത്മിക ഭക്ത്യാനുഷ്ഠാനങ്ങളും ദൈവകല്പനകളും സഭയുടെ പ്രമാണങ്ങളും ഗ്രന്ഥത്തിന്റെ നാലു ഭാഗങ്ങളായി വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കത്തോലിക്കർക്കും അകത്തോലിക്കർക്കും പ്രയോജനപ്രദമാണ് ഈ ഗ്രന്ഥം. പുനരൈക്യത്തി

---

ത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്ക വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ."(എഫെസ്യർ 6: 18-20)

"സഹോദരന്മാരെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ" (തെസ്സലോനിക്യർ 5: 25)

അപ്പോൾ പ്രധാനമദ്ധ്യസ്ഥൻ ക്രിസ്തുവാണ്. മററുള്ളവർക്കും മദ്ധ്യസ്ഥപ്രാർത്ഥന നടത്താം. അവർ ക്രിസ്തുവിലും ക്രിസ്തുവിനോടുചേർന്ന് അപ്രധാന മദ്ധ്യസ്ഥരായി വർത്തിക്കുന്നു എന്നാണ് വിശുദ്ധ പൌലോസിന്റെ വിവക്ഷ എന്നർത്ഥം.

ക്രിസ്തുമാത്രമാണ് ഏകമദ്ധ്യസ്ഥനെന്നു പറയുന്നവർപോലും അവരുടെ പ്രാർത്ഥനാവേളയിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതു് നമുക്കറിയാമല്ലോ. കന്യകമറിയവും പരിശുദ്ധന്മാരും ഈ ലോകത്തിൽനിന്നു് വേർപെട്ടുപോയെങ്കിലും അവരിപ്പോഴും ജീവിക്കുന്നവരാണ്. അവർ നമുക്കുവേണ്ടി അപേക്ഷിക്കണമെന്നു് നാം അഭ്യർത്ഥിക്കുമ്പോൾ, അതുമൂലം ക്രിസ്തുവിന്റെ മദ്ധ്യസ്ഥത്തിനു് യാതൊരു കുറവും നാം സങ്കല്പിക്കുന്നില്ല. ഏക, പ്രധാന, മദ്ധ്യസ്ഥനായ ക്രിസ്തുവിൽക്കൂടി മാത്രമേ കന്യകമറിയവും പരിശുദ്ധന്മാരും മദ്ധ്യസ്ഥരായി വർത്തിക്കുന്നുള്ളു.

# ലോകവാർത്തകൾ

## പ്രസിഡണ്ടു ജോൺസന്റെ മകൾ കത്തോലിക്കാസഭയെക്കുറിച്ചു പഠിക്കുന്നു.

പ്രസിഡന്റു ജോൺസന്റെ രണ്ടാമത്തെ മകൾ 17 വയസ്സുള്ള ലൂസ്സിബെയിൻ ജോൺസൻ ഇപ്പോൾ ഒരു കത്തോലിക്കാ പുരോഹിതന്റെ അടുക്കൽ നിന്നും കത്തോലിക്കാസഭയെക്കുറിച്ചു പഠിച്ചുകൊണ്ടിരിക്കുകയാണു്. പുരോഹിതന്റെ പേരു് വെളിപ്പെടുത്തപ്പെട്ടിട്ടില്ല. കത്തോലിക്കാസഭാംഗം ആകുന്ന കാര്യം ലൂസി ഇതുവരെ തീരുമാനിച്ചിട്ടില്ല. ഈ വാർത്തയ്ക്കു് വൈററു് ഹൗസിൽ നിന്നു് സ്ഥിരീകരണം ലഭിച്ചിട്ടുണ്ടു്.

ജോൺസൺ കുടുംബത്തെ സംബന്ധിച്ചിടത്തോളം മതം കേവലം വ്യക്തിപരമായ കാര്യം മാത്രമാണു്. മി. ജോൺസൺ ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്നറിയപ്പെടുന്ന ക്രൈസ്തവവിഭാഗത്തിൽപ്പെട്ട ആളാണു്. മിസ്സസ്സ് ജോൺസന്റെ രണ്ടു പെൺമക്കളും എപ്പിസ്കോപ്പേലിയൻ വിഭാഗത്തിൽപ്പെട്ടവരാണു്. എപ്പിസ്കോപ്പേലിയൻ ശുശ്രൂഷകളിൽ ചിലപ്പോഴെല്ലാം മിസ്റ്റർ ജോൺസൻ സംബന്ധിക്കുന്നുമുണ്ടു്.

## പ്രതിബന്ധം

അമേരിക്കയിലെ നീഗ്രോകളുടെ ഇടയിൽ മിഷ്യൻപ്രവർത്തനങ്ങൾക്കു് വിഘാതമായി നിൽക്കുന്ന ഒരു സുപ്രധാനഘടകം നീഗ്രോകളുടെ നേർക്കു് വെള്ളക്കാരായ കത്തോലിക്കർ കാണിക്കുന്ന മനോഭാവമാണെന്നു് ഫാദർ റാൽഫ്. എച്ചു്. റോൾസൺ വെള്ളക്കാരെ അടുത്ത കാലത്തു കുററപ്പെടുത്തുകയുണ്ടായി. അമേരിക്കയിലെ കത്തോലിക്കാസഭ വർണ്ണവിവേചനത്തെ ശക്തിയായി എതിർക്കുന്നതു് വെളുത്തനിറമുള്ള പല കത്തോലിക്കർക്കും തീരെ രസിച്ചിട്ടില്ല. വർണ്ണവിവേചനത്തിനെതിരായി നീഗ്രോകളോടൊന്നിച്ചു് സമാധാനപരമായ പ്രകടനങ്ങൾ നടത്തുവാൻ വൈദികന്മാരും കന്യാസ്ത്രീകളും അഹമഹമികയാ മുന്നോട്ടു വന്നുകൊണ്ടാണിരിക്കുന്നതു്.

ന്റെ പുരോഗതിയ്ക്കുവേണ്ടി നിസ്തന്ദ്ര പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ബ. ഇഞ്ചയ്ക്കലോടിയച്ചൻ ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം മുഖേന സഭയ്ക്കു ചെയ്തിട്ടുള്ള വലിയ സേവനം പുനരൈക്യപ്പെട്ട കത്തോലിക്കരുടെ ഹൃദയംഗമമായ കൃതജ്ഞത അർഹിക്കുന്ന ഒന്നാണു്.

കമനീയമായ അച്ചടി, ഹൃദ്യമായ 'ഗററപ്പ്'—ഇവ ഈ ഗ്രന്ഥത്തിന്റെ മാററു കൂട്ടുന്നു. നാനൂറോളം പുറങ്ങളുള്ള ഈ പുസ്തകത്തിന്റെ വില നാലു രൂപാ മാത്രമാണു്. എങ്കിലും പുസ്തകത്തിന്റെ പ്രചാരത്തെക്കരുതി ആദ്യം ആവശ്യപ്പെടുന്ന ആയിരം ആളുകൾക്കു് പോസ്റേറജു് ഉൾപ്പെടെ മൂന്നര രൂപാ വിലയ്ക്കു ഈ ഗ്രന്ഥം ലഭിക്കുന്നതാണു്.

റവ ഫാദർ. തോമസ്സ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ്സ് ഹൗസ്, തിരുവനന്തപുരം 4 എന്ന മേൽവിലാസത്തിലോ, മാനേജർ, സെൻറ മേരീസ് പ്രസ്സ്, തിരുവനന്തപുരം-4. എന്ന മേൽവിലാസത്തിലോ അപേക്ഷിക്കുക.

## വിശുദ്ധകുടുംബം

ശ്രീ. കെ. പി. പോൾ, കല്ലിട്ടതിൽ, p o. ത്തൂനാട്ട്, എഴുതിയിട്ടുള്ള ഈ ലഘുഗ്രന്ഥം ചിന്തോദ്ദീപകവും ആശയ പുഷ്കലവും ആയ ഒന്നാണു്. കത്തോലിക്കാസഭയെ നവീനമായ ഒരു വീക്ഷണകോണത്തിൽക്കൂടി നോക്കിക്കാണാനാണു് ശ്രീ പോൾ ഈ ലഘുഗ്രന്ഥം മുഖേന പരിശ്രമിച്ചിട്ടുള്ളതു്. ലോകത്തിലെ ദൈവരാജ്യമായ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ പ്രാവർത്തികമാക്കിയാൽ സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിഷ്പ്രയാസം കാണാനൊക്കും എന്നു് ഈ ലഘുഗ്രന്ഥം ഉൽഘോഷിക്കുന്നു. 35 പൈസയുടെ സ്റ്റാമ്പു് വച്ചു് ആവശ്യപ്പെട്ടാൽ ശ്രീ പോളിൽനിന്നു് ഈ ഗ്രന്ഥം ലഭിക്കും. ഗ്രന്ഥകാരനെ ഹാർദ്ദമായി അനുമോദിക്കുന്നു.

# അതിരൂപതവാർത്തകൾ

പത്തനംതിട്ട ഡിസ്ട്രിക്റ്റിലെ സണ്ടേസ്കൂൾ അദ്ധ്യാപകർക്കായുള്ള ഒരു കോൺഫ്രൻസ് നന്നുവക്കാട്ട് എൽ പി സ്കൂളിൽവച്ച് നടത്തപ്പെട്ടിരിക്കുന്നു. മോൺ. തോമസ്സ് വടശ്ശേരി, ഫാദർ ജറോം ഒ. ഐ. സി. എന്നിവർ കോൺഫ്രൻസിനു് നേതൃത്വം നൽകി. മോഡൽ ക്ലാസ്സുകളും സജീവമായ ചർച്ചകളും കൂടുതൽ ഭംഗിയായി സണ്ടേസ്കൂൾ നടത്തുന്നതിനു് അദ്ധ്യാപകർക്ക് ഉത്തേജനം നൽകി.

മേയ്മാസം ഒന്നാം തീയതി മരിയമക്കളുടെ സന്യാസിനീ സമൂഹത്തിലെ അഞ്ചു കന്യാസ്ത്രീകൾ മാർത്താണ്ഡത്തുള്ള മഠത്തിൽ വച്ച് നിത്യവ്രതം എടുത്തു.

മേയ്മാസം 12-ാംതീയതി നാലാഞ്ചിറ ബഥനിമഠത്തിൽവച്ച് പത്തുനോവീസ്സുകൾ സഭാവസ്ത്രം സ്വീകരിച്ചു. തിരുവല്ലാ ബിഷപ്പ് തിരുമേനിയാണു് പ്രസ്തുത ചടങ്ങിൽ കാർമ്മികത്വം വഹിച്ചതു്.

ബഥനി ആശ്രമത്തിലെ ഫാദർ ലൂയിസ് ഒ. ഐ. സി. യുടെ നവപൂജാർപ്പണം പുന്നമൂട്ട് ഇടവകപ്പള്ളിയിൽവച്ച് മേയ് 13-ാം തീയതി നടന്നു. വന്ദ്യ റമ്പാച്ചനും പല വൈദികന്മാരും കന്യാസ്ത്രീകളും നല്ലൊരു ജനക്കൂട്ടവും തദവസരത്തിൽ സന്നിഹിതരായിരുന്നു.

മേയ് 13-ാം തീയതി ഇൻറർനൺഷിയോ തിരുമേനി നാലാഞ്ചിറയുള്ള ബഥനിമഠം സന്ദർശിച്ചു. അന്നു വൈകിട്ട് ലിററിൽ സിസ്റ്റേഴ്സിൻെറ പിരപ്പൻകോട്ടുള്ള പുതിയ ഭവനം തിരുമേനി വെഞ്ചരിക്കുകയും പിരപ്പൻകോട്ട് ആശുപത്രി സന്ദർശിക്കുകയും ചെയ്തു.

മേയ് 14-ാം തീയതി ഇൻറർനൺഷിയോ തിരുമേനി കത്തീഡ്രൽ പള്ളിയും ആർച്ചുബിഷപ്പ്സ് ഹൗസും സന്ദർശിച്ചു, അതിനുശേഷം പോങ്ങുംമൂട്ട് മഠം സന്ദർശിച്ച് അവിടെയുള്ള കന്യാസ്ത്രീകളോട്ട് തിരുമേനി ഉപദേശരൂപേണ ഒരു ലഘു പ്രസംഗം നടത്തി.

പോങ്ങുംമൂട്ട് മഠത്തിലെ പതിനാറു് നോവീസ്സുകൾ 15-ാം തീയതി സഭാവസ്ത്രം സ്വീകരിച്ചു. റൈററു്. റവ. മോ. സി. ററി. കുരുവിളയാണു് പ്രസ്തുത ചടങ്ങിൽ കാർമ്മികത്വം വഹിച്ചതു്.

വട്ടപ്പാറയ്ക്കടുത്തു് കുററിയാനി എന്ന സ്ഥലത്തു് മേയ് 30-നു് ഒരു പുതിയ മിഷൻ ഉത്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. റൈററു്. റവ. മോ. സി. ററി. കുരുവിള വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ഫാദർ ജേക്കബ്ബ് ഞായല്ലൂർ പ്രസംഗിക്കുകയും ചെയ്തു. അവിടെ മുപ്പത്തഞ്ചുവീട്ടുകാർ സഭാംഗങ്ങളായി.

---

## വത്തിക്കാൻ ആററം ഏജൻസിയിൽ അംഗം.

വിയന്നായിൽ ഹെഡ്ക്വാർട്ടേഴ്സ് ആയിട്ടുള്ള ഇൻറർ നാഷനൽ ആററമിക്ക് എനേർജിക്ക് ഏജൻസിയിൽ വത്തിക്കാൻ ഔദ്യോഗികമായിത്തന്നെ അംഗമാണെന്നുള്ള വസ്തുത ഒരു പക്ഷേ നമ്മുടെ നാട്ടിൽ അധികം പേരും അറിഞ്ഞിട്ടില്ലായിരിക്കും. അണുശക്തി സമാധാനപരമായ കാര്യങ്ങൾക്കു വേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു, എന്ന ആദർശത്തിൻെറ പേരിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണിതു്. അണുശക്തിയുല്പാദിപ്പിക്കുന്ന സാധനങ്ങളും അതിനുള്ള മാർഗ്ഗങ്ങളും യുദ്ധപരമായ ആവശ്യങ്ങളിലേക്ക് രാഷ്ട്രങ്ങൾ തിരിച്ചുവിടുന്നുണ്ടോ എന്നു പരിശോധിക്കുന്നതും ഈ ഏജൻസിയാണു്. അമേരിക്കയും സോവിയററു് യൂണിയനും ഇതിൽ അംഗങ്ങളാണു്.

ഈ സംഘടനയിൽ വത്തിക്കാൻെറ പ്രാതിനിധ്യം വഹിക്കുന്നതു് അമേരിക്കയിലെ നോട്ടർ ഡാം യൂണിവേഴ്സ് സിററിയുടെ പ്രസിഡണ്ടായ ഫാദർ തെയോദോറു റേഡിയോ കോർപ്പറേഷൻ ഓഫ് അമേരിക്കയുടെ എക്സിക്യൂട്ടീവ് കമ്മിററി പ്രസിഡണ്ടായ ഫ്രാൻക്ക് എം ഫോൾസമും വത്തിക്കാനിലെ ഡിപ്ലോമിററിക്ക് സർവീസിലെ ഒരംഗമായ മോൺസിഞ്ഞോർ ജറോലാമോ പ്രീജിയോണയും ആണു്.

Registered No: K. 405.

## SOUVENIR OF
## The XXXVIII International Eucharistic Congress, Bombay

The Organization of the International Eucharistic Congress, Bombay, is to bring out a souvenir in September this year. The souvenir will consist of two volumes containing the official record of all the events of the Congress. The first volume will be in the form of a narrative describing the events with illustrations in colour and black and white. The second volume will contain the full text of all the speeches, sermons, addresses etc. Besides these two volumes, there will be a pictorial souvenir containing not less than 100 selected photographs.

*Cost of the Publications:-*

Rs. 20/- for the two volumes which will be sold together

Rs. 10/- for the pictorial souvenir

Those who want to purchase these publications should send their names to Rev. Fr. Secretary, Archbishop's House, Trivandrum-4. together with the money so as to enable him to place the order before 15th June, 1965. Those who want to place order directly with the Organization, please write to Rev. Fr. A. B. Ferrero, S. S. P., "EXAMINER" Bookshop, Dalal Street, Fort, Bombay 1.

### ചരമവാർത്ത

പട്ടം സെൻറ് മേരീസ് പ്രസ്സിൽ ജോലി ചെയ്തുകൊണ്ടിരുന്ന ശ്രീമാൻ ആൽബർട്ട് ലാസ്സർ കഴിഞ്ഞ മേയ്മാസം 16-ാം തീയതി 72-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പ്രസ്സിൻെറ ആരംഭകാലംമുതൽ ഏററവും കൃത്യനിഷ്ഠയോടും ചുമതലാബോധത്തോടും വിശ്വസ്തതയോടും ഭംഗിയായും അദ്ദേഹം തൻെറ ജോലികൾ നിർവഹിച്ചുപോന്നിരുന്നു. പരേതൻെറ ആത്മശാന്തിക്കായി പ്രാത്ഥിപ്പാറാകണം.

**R. I. P.**

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*

CHRISTHAVA KAHALAM-1965